പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം

കണ്ടനാട് ഭദ്രാസന ശതോത്തര കനകജൂബിലി

വിശേഷാൽ പതിപ്പ്

2026 FEB 15th
2.30 pm to 5.00 pm

കണ്ടനാട് ഭദ്രാസന ശതോത്തര കനകജൂബിലിയും

കണ്ടനാട് വെസ്റ്റ് ഭദ്രാസന ദിനാഘോഷവും കുടുംബ സംഗമവും
കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂൾ അങ്കണത്തിൽ

Happy Married Life

Mathews T Nediyanikuzhy
&
Jemma C Jose

S/o Mr. N.M. Thomas &
Mrs.Molly Thomas,
Nediyanikuzhy House , Onakkoor
Married on: 18-01-2026

Jeevan Kuriakose
&
Remin George

S/o Kuriakose P Jacob &
Elsy Kuriakose,
Punnackal House , Kolenchery
Married on: 01-02-2026

പ്രദീപ്തി

കണ്ടനാട് ഭദ്രാസനത്തിന്റെ ദൈവിക മാധ്യമം

കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലി 1875-2025

മലം



04 ശതോത്തര കനക ജൂബിലി ആശംസകൾ
അഭി. സഖറിയ മാർ നെക്തറിയോസ് മെത്രാപ്പോലീത്ത

05 അഭിമുഖം
പരിശുദ്ധ ബസേലിയോസ് മാത്തൻകുര മാത്തൂസ് തൃതീയൻ കാതോലിക്കാ ബാവാ

08 കണ്ടനാടിന്റെ മഹാഗോപുരം
ഗബ്രിയേൽ ജോസഫ് മല്പാൻ

11 കണ്ടനാട് ഭദ്രാസനത്തിന്റെ കഴിഞ്ഞ നാളുകൾ
ജെയിംസ് കുര്യാക്കോസ് കോനാട്ടുകോടിയിൽ പത്താമൻ

13 ഓർമ്മകളിൽ കണ്ടനാട് ഭദ്രാസനം
ഗബ്രിയേൽ തോമസ്

15 ഓർമ്മകളുടെ ചെപ്പ്
മാത്യൂസ് മാർ ബർണബാസ് കോനാട്ട് നിധി കോനാട്ടുകോടിയിൽ പത്താമൻ

17 പ്രതിസന്ധി കാലങ്ങളിൽ സഭയായിത്തീർന്ന ഭദ്രാസനം
ഗീവർഗീസ് കുര്യൻ പെന്നാം

19 നടന്ന വഴികൾ, നടത്തിയ ദൈവം
ഫാ. ടി.എം. കുര്യാക്കോസ് പോത്ത്

21 കണ്ടനാടിന്റെ തളർച്ചയും വളർച്ചയും : തിരിഞ്ഞുനോട്ടം
ഡോ. പി. തോമസ്, പിറവം

24 ശതോത്തര കനക ജൂബിലിയിൽ യുവജന പങ്ക്
ഫാ.ഡോ. എം.എ ജോൺ

26 മർത്തമറിയം വനിതാ സമാജം : സ്മരണയിലൂടെ
പ്രിസി. തങ്കമ്മ തോമസ്

27 എന്റെ ഭദ്രാസനം എന്റെ ഓർമ്മകളിൽ
ഡോ. കെ.സി. ജോൺ

പംക്തികൾ

- എന്റെ ഭദ്രാസനം
- ഗുരുവന്ദനം
- നാൾവഴികൾ
- നിങ്ങൾക്കറിയാമോ?
- ECO DESK
- ആരോഗ്യമിത്രം
- TECH DESK
- സ്മരണകൾ

വരിസംഖ്യ

പ്രദീപ്തി

ത്രൈമാസിക

ഒറ്റപ്രതി : ₹50

ഒരു വർഷം:₹200

പ്രദീപ്തി മാസിക
വരിക്കാരാകുവാനും വരിസംഖ്യ
പുതുക്കുവാനും
ഇടവകതല പ്രദീപ്തി സെക്രട്ടറി
ഓഫീസുമായി ബന്ധപ്പെടുമല്ലോ.

www.mosc.in
catholicos@mosc.in

Ph: 0481 - 2574323
2578500

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III
CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

ഫെബ്രുവരി 05, 2026

അനുഗ്രഹാശംസ

കണ്ടനാട് ഭദ്രാസനത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു സുദിനത്തിലാണ് നാം എത്തി നിൽക്കുന്നത്. വിശ്വാസത്തിന്റെ 150 വർഷങ്ങളും, ഭദ്രാസനമായി രൂപീകൃതമായതിന്റെ 150 വർഷങ്ങളും പിന്നിടുന്ന ഈ വേള, ദൈവകൃപയുടെയും കഠിനാധ്വാനത്തിന്റെയും നേർസാക്ഷ്യമാണ്. നമ്മുടെ മുൻഗാമികൾ കണ്ണുനീരോടും, ത്യാഗ നൊമ്പരങ്ങളായ അനുഭവങ്ങളോടും, പ്രാർത്ഥനയോടും കൂടെ നട്ടുനനച്ച ഈ ഭദ്രാസനം ഇന്ന് വിശ്വാസികൾക്ക് വലിയൊരു തണലായി, ഒരു ഒരു വടവൃക്ഷമായി മാറിയിരിക്കുന്നു. പരിശുദ്ധ പിതാക്കന്മാരുടെ പാദസ്പർശമേറ്റ ഈ മണ്ണിൽ നിന്ന് ഉയരുന്ന പ്രാർത്ഥനകൾ ലോകമെങ്ങും സമാധാനവും സ്നേഹവും പകരട്ടെ.

ഈ ജൂബിലി ആഘോഷം കേവലം ചടങ്ങുകൾ മാത്രമാകരുത്, മറിച്ച് ആത്മീയമായ ഒരു ഉണർവ്വിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ഉള്ള വേദിയാകട്ടെ എന്ന് ആശംസിക്കുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ ഈ വലിയ മുന്നേറ്റത്തിൽ നമുക്കെല്ലാവർക്കും പ്രാർത്ഥനാപൂർവ്വം പങ്കാളികളാകാം. ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ആശംസകൾ നേരുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പ്രദീപ്തി

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ഔദ്യോഗിക മാധ്യമം

ത്രൈമാസിക 2026 ഫെബ്രുവരി, ലക്കം :3, വില ₹50.00

EDITORIAL

ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്
ചീഫ് എഡിറ്റർ

പ്രദീപ്തി മാസിക ശതോത്തര കനക ജൂബിലി വിശേഷാൽ പതിപ്പിലേയക്ക് വായനക്കാരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചരിത്രഭൂപടത്തിൽ സുവർണ്ണമുദ്ര പതിപ്പിച്ച കണ്ടനാട് ഭദ്രാസനം, ശതോത്തര കനക ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവം നടത്തിയ വഴികളെയും നൽകിയ നന്മകളെയും ഓർക്കാം. ഈ ആഘോഷങ്ങൾക്ക് ആത്മീയവും ചരിത്രപരവുമായ വലിയൊരു പ്രാധാന്യമുണ്ട്. പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായിൽ തുടങ്ങി മലങ്കര സഭയെ ഭാഗ്യമോടെ മേയ്ച്ച് ഭരിക്കുന്ന മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കായും കണ്ടനാടിന്റെ അഭിമാനമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവായിൽ എത്തിനിൽക്കുന്ന മലങ്കര സഭയെ നീ ഭാഗ്യവതി എന്ന് ദൈവസ്തുതികളാൽ നമുക്ക് ആർത്തു പാടാം. നിന്ദയും പരിഹാസവും ഒറ്റപ്പെടുത്തലുകളും തിങ്ങിനിറഞ്ഞ നാൾമുതൽ ക്രിസ്തുദർശനം ആരാധനയിൽ നിന്ന് ആരംഭിച്ച് അശരണർക്ക് അത്താണിയാകുന്ന അനുഭവം സ്വജീവിതത്തിന്റെയും കണ്ടനാട് ഭദ്രാസനത്തിന്റെയും മുഖമുദ്രയെന്ന് തെളിയിച്ച പരിശുദ്ധ കാതോലിക്കാ ബാവയുടെ കീഴിൽ ശിരസുയർത്തി അചഞ്ചലമായ വിശ്വാസത്തോടെ കണ്ടനാട് ഭദ്രാസനം അജയമായി മുന്നോട്ടു പോകുന്നതിൽ നമുക്ക് അഭിമാനിക്കാം. പരിശുദ്ധ പിതാവിനോടൊപ്പം ഈ ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്ത അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനിയുടെ നേതൃത്വവും ശ്രധേയമാണ്.

കണ്ടനാട് ഭദ്രാസനത്തെ നയിച്ച പിതാക്കന്മാരുടെ ദീർഘവീക്ഷണമാണ് ഇന്നത്തെ ദദ്രാസനത്തിന്റെ വളർച്ചയ്ക്ക് ആധാരം എന്ന് നിസംശയം പറയുവാൻ സാധിക്കും. വലിയ പ്രതിസന്ധികളുടെ മധ്യത്തിൽ പുണ്യ പിതാക്കന്മാരുടെ ഒപ്പം സഭയെ സ്നേഹിക്കുന്ന വലിയ സമൂഹം അടിയുറച്ച് ദൈവാശ്രയത്തോടെ നിന്നതിനാൽ 150 വർഷക്കാലത്തെ ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങൾ ദൈവരാജ്യം മഹത്വത്തിന് വേണ്ടി നിർവഹിക്കുവാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യം നമുക്ക് എല്ലാവർക്കുമുണ്ട്. വിശ്വാസത്തിന്റെയും സേവനത്തിന്റെയും പാതയിൽ നമുക്ക് തുടർന്നും മുന്നേറാം. ഈ വലിയ ദൗത്യം തുടർനാളുകളിൽ നാം പരിപാലിക്കേണ്ടതും പരിപോഷിപ്പിക്കേണ്ടതും അനിവാര്യമാണ്. പൂർവ്വസൂരികളായി ഈ ഭദ്രാസനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച് യാതനകളും വേദനകളും സഹിച്ച പുണ്യപിതാക്കന്മാരെയും വന്ദ്യ വൈദികരെയും വിശ്വാസ സമൂഹത്തെയും സ്മരിക്കാം. ഈ കാലഘട്ടത്തിൽ ഭദ്രാസനത്തെ ശോഭ ഉള്ളതാക്കി തീർക്കുന്നത് ഭദ്രാസനത്തിന് നേതൃത്വം നൽകുന്ന വന്ദ്യ വൈദിക ശ്രേഷ്ഠരും ആധ്യാത്മിക പ്രസ്ഥാനങ്ങളിലെ ചുമതലക്കാരും വിവിധ സമിതികളിലെ അംഗങ്ങളും വിശ്വാസ സമൂഹവും ആണ്. അവരെ ദൈവസന്നിധിയിൽ ഓർക്കാം. വിശേഷാൽ പതിപ്പിൽ പരിശുദ്ധ പിതാവ് അഭിമുഖവും ജീവനോടിരിക്കുന്ന മുൻ ഭദ്രാസന സെക്രട്ടറിയച്ചൻമാർ നാൾവഴികളും തിരഞ്ഞെടുത്ത ആത്മിക പ്രസ്ഥാനം മുൻ ചുമതലക്കാർ കഴിഞ്ഞ കാല സ്മരണകളും നിർവഹിച്ചത് നന്ദിയോടെ ഓർക്കുന്നു.

മാറുന്ന ലോകത്തിന് അധീനരാകാതെ സഭയുടെ പാരമ്പര്യവും വിശുദ്ധിയും പൈതൃകവും തുടർന്നും നെഞ്ചിലേറ്റുവാൻ നമുക്ക് എല്ലാവർക്കും സാധിക്കണം. ശതോത്തര കനക ജൂബിലി ആഘോഷങ്ങൾക്ക് പ്രദീപ്തി എഡിറ്റോറിയൽ ബോർഡിന്റെയും വായനക്കാരുടെയും ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ...

ജിത്തു അച്ചൻ

പ്രദീപ്തി മാസിക

കണ്ടനാട് വെസ്റ്റ് ഭദ്രാസനം
പ്രസാദം സെന്റർ
കോലഞ്ചേരി - 682311
ഫോൺ: 9496091730
mail: pradeepthi.mosc@gmail.com

എഡിറ്റോറിയൽ ബോർഡ്

രക്ഷാധികാരി
പരി. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

പ്രസിഡന്റ്
അഭി.സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്ത

പബ്ലിഷർ
ഫാ. ജോസ് തോമസ് പൂവത്തുങ്കൽ

ചീഫ് എഡിറ്റർ
ഫാ. ജിത്തു മാത്യു ഐക്കരക്കുന്നത്ത്

മാനേജിങ് എഡിറ്റർ
ഫാ.ജോൺ കുര്യാക്കോസ് പോത്താറയിൽ

സബ് എഡിറ്റർ
ശ്രീ.മോൻസി.കെ.എം

അംഗങ്ങൾ
ഫാ.അനു തോമസ്
ഫാ. റോബിൻ ജേക്കബ്
ശ്രീ.ജോബിൻ റ്റി
ശ്രീ. പോൾസൺ സ്കറിയ
ഡോ. ആമോസ് പി.തോമസ്

Designed at:
BIZKETER

ശതോത്തര കനക ജൂബിലി ആശംസകൾ

ദൈവകൃപയാലും വിശ്വാസപിതാക്കന്മാരുടെ പ്രാർത്ഥനായാലും പരിശുദ്ധ സഭയോട് ചേർന്ന് ദൈവീക പദ്ധതിയിലൂടെ ഒരു കൂട്ടായിമയുടെ നൂറ്റിഅമ്പത് വർഷങ്ങൾ പിന്നിട്ടിരിക്കുന്ന ഒരു യാത്ര. കാലം പിന്നിടുമ്പോൾ വർഷങ്ങളുടെ എണ്ണമല്ല, കൃപയുടെ അടയാളങ്ങളായി ഇവ മാറുന്നു. ദൈവസാന്നിധ്യത്തിൽ ഉറച്ചുനിന്ന് വലിയ ഒരു സാക്ഷ്യമായി നമ്മുടെ മെത്രാസനം വിശ്വാസചരിത്രത്തിൽ ദൈവസ്നേഹത്തിലും സഭാസമർപ്പണത്തിലും വളർന്ന ഒരു വിശ്വാസയാത്രയുടെ ഓർമ്മയും സാക്ഷ്യവും ആകുന്നു. ഇത് വെറും ഓർമ്മകളുടെ മഹോത്സവമല്ല; മറിച്ച് ദൈവസ്നേഹത്തിൽ വേരൂന്നിയ ആത്മീയ സമർപ്പണത്തിന്റെയും, കാരുണ്യത്തിന്റെയും കരുതലിൻറെയും പുതിയ ദർശനം തന്നെയാണ്. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ആത്മീയ പൈതൃകത്തിൽ വേരുന്നിയ പൗരാണിക ദേവാലയങ്ങളും, കാരുണ്യത്തിന്റെ വിളിച്ചുപറച്ചിലായി നിലകൊള്ളുന്ന പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളും അവയുടെ സാക്ഷ്യം തന്നെ. കാഹളം മുഴങ്ങുന്ന ജൂബിലി നിമിഷത്തിൽ കൃതജ്ഞത പ്രാർത്ഥനയാകുന്നു. ഓർമ്മ പ്രത്യായാകുന്നു. ഭാവി ദൈവത്തിന് സമർപ്പിക്കപ്പെടുന്നു. നല്ല ഇടയനായ ക്രിസ്തുതുവിന്റെ പ്രതിബിംബമായി മെത്രാസനത്തെ സ്നേഹത്തിൽ നയിച്ചു പരിപാലിച്ച പൂർവ്വികരായ എല്ലാ പിതാക്കന്മാരെയും സ്മരിക്കുന്നു. അവരുടെ പ്രാർത്ഥനയിൽ അഭയംകൊള്ളുന്നു.

സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ



അഭിമുഖം

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ മോർ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ

1. ശതോത്തര കനക ജൂബിലി നിറവിൽ എത്തി നിൽക്കുന്ന കണ്ടനാട് ഭദ്രാസനത്തെ ഏകദേശം മൂന്ന് പതിറ്റാണ്ടോളമായി നയിക്കുന്ന ഇടയൻ എന്ന നിലയിൽ ഈ ഭദ്രാസനത്തിന്റെ ചരിത്ര നാൾവഴികളെ അങ്ങ് എങ്ങനെ നോക്കിക്കാണുന്നു?

1876 ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ നേതൃത്വത്തിൽ ചേർന്ന മുളന്തുരുത്തി സുന്നഹദോസിൽ രൂപം കൊണ്ട ഏഴ് ഭദ്രാസനങ്ങളിൽ ഒന്നാണ് കണ്ടനാട് ഭദ്രാസനം. 1877 ലാണ് കണ്ടനാട് ഭദ്രാസന ഇടവകയുടെ മെത്രാപ്പോലീത്താ ആയി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് ചുമതല ഏൽക്കുന്നത്. കോലഞ്ചേരി ആസ്ഥാനമാക്കിയാണ് അദ്ദേഹം ഭദ്രാസന ഭരണം നിർവഹിച്ചത്. ചുമതല ഏൽക്കുമ്പോൾ വളരെ കുറച്ച് ദേവാലയങ്ങൾ ഉണ്ടായിരുന്ന സ്ഥാനത്ത് നിന്ന് അദ്ദേഹത്തിന്റെ ഭരണകാലത്ത് അനേകം ദേവാലയങ്ങൾ സ്ഥാപിക്കപ്പെടുകയും, പുനർനിർമ്മിക്കപ്പെടുകയും ചെയ്തു. വലിയ പ്രാർത്ഥനാ വീരനായിരുന്ന അദ്ദേഹത്തിന്റെ കാലത്താണ് വടക്കൻ മലങ്കരയിലെ പല പുരാതന ഇടവകകളിലും നിലനിന്നിരുന്ന ദുരാചാരങ്ങൾ നിർത്തലാക്കപ്പെടുന്നത്. 1912 ൽ മാർത്തോമാ ശ്ലീഹായുടെസിംഹാസനത്തിൽമലങ്കരയിലെഒന്നാംപൗരസ്ത്യ കാതോലിക്കാ ആയി പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ എന്ന നാമത്തിൽ അവരോധിതനായി എങ്കിലും 1913 ൽ കാലം ചെയ്യുന്നത് വരെയും അദ്ദേഹം കണ്ടനാട് ഭദ്രാസനത്തിന്റ ചുമതല തുടർന്നു. കണ്ടനാട് ഭദ്രാസന ഇടവകയുടെ പ്രഥമ മെത്രാപ്പോലീത്താ തന്നെ മലങ്കരയിലെ ഒന്നാം പൗരസ്ത്യ കാതോലിക്കാ ആയി മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തെ അലങ്കരിച്ചു എന്നത് തന്നെ സഭാ ചരിത്രത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ നിയോഗമായി കണക്കാക്കാം. പിൽക്കാലത്ത് ഭാഗ്യസ്മരണാർഹരായ യുയാക്കീം മാർ ഈവാനിയോസ്, ഔഗേൻ മാർ തിമോത്തിയോസ് (പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ), ജോസഫ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാർ ഈ ഭദ്രാസനത്തെ അനുഗ്രഹപൂർണമായി നയിച്ചു.

2. പരിശുദ്ധ പിതാവ് കണ്ടനാട് ഭദ്രാസനത്തിന്റ അമരക്കാരനായി ചുമതല ഏൽക്കുമ്പോൾ ഇവിടുത്തെ ഭൗതീക സാഹചര്യങ്ങൾ എത്രത്തോളം പരിമിതമായിരുന്നു?

1991 ഓഗസ്റ്റ് 19ന് ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനി കാലം ചെയ്ത അന്ന് മുതലാണ് നാം ഈ ഭദ്രാസനത്തിന്റെ സഹായമെത്രാപ്പോലീത്തായായി ചുമതല ഏൽക്കുന്നത്. കക്ഷി വഴക്ക് രൂക്ഷമായി നിന്ന കാലമായതിനാൽ പള്ളികളും കാതോലിക്കേറ്റ് സെന്ററുകളും നിരവധി പ്രയാസങ്ങൾ നേരിട്ടിരുന്നു. പക്കോമിയോസ് തിരുമേനിയുടെ കാലത്ത് മലങ്കര സഭയുടെ പൊതുസ്വത്തായ സന്യാസ ആശ്രമം കൂടിയായ വെട്ടിക്കൽ ദയറാ കേന്ദ്രമാക്കിയാണ് ഭദ്രാസന ഭരണം നിർവഹിച്ചിരുന്നത്. എന്നാൽ ഭദ്രാസനത്തിന് സ്വതന്ത്രമായ ഒരു ആസ്ഥാനം വേണമെന്ന ഭദ്രാസന പൊതുയോഗത്തിന്റെയും, വൈദികരുടെയും, വിശ്വാസികളുടെയും ആഗ്രഹപ്രകാരം, പക്കോമിയോസ് തിരുമേനി തന്നെ സ്ഥാപിച്ച മീമ്പാറ

കാതോലിക്കേറ്റ് സെന്ററിനെ 1992 ൽ ഭരണ സിരാ കേന്ദ്രവും അരമനയുമായി ഉയർത്തി. 1993ൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി, ഭദ്രാസന ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കി. ഇപ്പോൾ കോലഞ്ചേരി പ്രസാദം സെന്ററിൽ ഓഫീസ് പ്രവർത്തിക്കുന്നു. പരിമിതികളിലും ദൈവം വഴിനട ത്തുന്നു.

3.കക്ഷിവഴക്ക് ഭദ്രാസനത്തിന്റെ പുരോഗതിയെ ബാധിച്ചതായി കരുതുന്നുണ്ടോ?

അക്കാലത്ത് ഭദ്രാസനത്തിന്റെ പ്രധാന ദേവാ ലയങ്ങളിൽ എല്ലാം തന്നെ കക്ഷി വഴക്ക് രൂക്ഷ മായിരുന്നു. 1995 ലെ സുപ്രീം കോടതി വിധിയോടെ വലിയ പ്രശ്നങ്ങൾക്ക് ഒരു ശമനമുണ്ടായി. കക്ഷി ഭിന്നതകൾ രൂക്ഷമല്ലാതെ സ്വതന്ത്രമായ ഇരുപത്തി യഞ്ചോളം പള്ളികൾ അന്നുണ്ടായിരുന്നു. പൂട്ടിക്കിടന്ന പള്ളികളിൽ, കാതോലിക്കേറ്റ് സെന്ററുകൾ കേന്ദ്രീക രിച്ചാണ് വിശ്വാസികളെ കൂട്ടിവരുത്തിയത്. 2002 ലാണ് ഭദ്രാസനത്തെ കണ്ടനാട് വെസ്റ്റ് എന്നും കണ്ടനാട് ഈസ്റ്റ് എന്നും രണ്ട് ഭദ്രാസനങ്ങളായി തിരിക്കുകയും, വെസ്റ്റ് ഭദ്രാസനത്തിന്റെ ചുമതല നാമും, ഈസ്റ്റ് ഭദ്രാസനത്തിന്റെ ചുമതല അഭിവന്ദ്യ ഡോ. തോമസ് മാർ അത്താനാസിയോസ് നിർവഹിച്ചു പോന്നു. ഭദ്രാസനത്തിന്റെ സുഗമമായ നടത്തിപ്പിന് കക്ഷി ഭിന്നതകൾ എന്നും പ്രായസം സൃഷ്ടിച്ചിരുന്നു. 2017 ലെ സുപ്രീം കോടതി വിധിയോടുകൂടിയാണ് ഒരു പരിധി വരെ പള്ളികൾ എല്ലാം സ്വന്ത്രമാക്കപ്പെട്ടതും സമാധാനപരമായ അന്തരീക്ഷം നിലവിൽ വന്നതും.

4. കക്ഷി വഴക്കിന്റെ ഭിന്നതകൾ നിറഞ്ഞു നിന്ന കാലത്തും, ഭൂരിപക്ഷം പള്ളികളിലും പ്രവേശനം ഇല്ലാതിരുന്ന കാലത്തും എങ്ങനെയാണ് അങ്ങ് അജഗണങ്ങളെ ചേർത്ത് നിർത്തിയത്?

പ്രശ്നബാധിത ഇടവകകളിൽ വിശ്വാസികളെ ചേർത്ത് നിർത്തുന്നതിനും അവരോടൊന്നിച്ചു ആരാ ധനയിൽ പങ്കെടുക്കുന്നതിനും കാതോലിക്കേറ്റ് സെന്റ റുകൾ തന്നെ ആയിരുന്നു പ്രധാന ആശ്രയം. കൂടാതെ ബാലസമാജം, സൺഡേ സ്കൂൾ, യുവജന പ്രസ്ഥാനം, വനിതാ സമാജം, പ്രാർത്ഥനായോഗം തുട ങ്ങിയ ആത്മീയ പ്രസ്ഥാനങ്ങൾ കൂടുതൽ ശക്തിപ്പെ ടുത്തുന്നതിന് വേണ്ടി ശ്രമിച്ചു. ആത്മീയ പ്രസ്ഥാ നങ്ങളുടെ കൂടിവരവുകളിൽ വിശ്വാസ സംബന്ധമായ പ്രബോധനങ്ങൾ ക്ലാസുകളിൽ കൂടി നൽകി. നമ്മുടെ മുൻഗാമി ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണ ശാശ്വതമായി നിലനിൽക്ക തക്കവിധം ഒരു ചാരിറ്റബിൾ ട്രസ്റ്റിന് രൂപം കൊടു ക്കുകയും, ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ സാധുജന സംരക്ഷണ സ്ഥാപനങ്ങൾ സ്ഥാപിക്കു കയും ചെയ്തു. അവയുടെ ചുമതലയിൽ വൈദിക രെയും അതത് മേഖലകളിലെ വിശ്വാസികളെയും ചുമതലപ്പെടുത്തിക്കൊണ്ട് എല്ലാവരെയും ചാരിറ്റി പ്രവർത്തനങ്ങളിൽ കൂടി സഹകരിപ്പിച്ചാണ് മുന്നോട്ട് പോയത്. 1995 മുതൽ ഭദ്രാസന ദിനാഘോഷം, ഭദ്രാ സനത്തിലെ ഇടവക ജനങ്ങളുടെ കൂടിവരവായി ക്രമീകരിച്ച് എല്ലാ വർഷവും നടത്തപ്പെട്ടു പോരുന്നു. അതുവഴി ഭദ്രാസനത്തിന്റെ പ്രവർത്തങ്ങളിൽ വിശ്വാ സികളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കു വാൻ സാധിച്ചു.

5.ഭദ്രാസനത്തിന്റെ പ്രവർത്തനങ്ങളിൽ മുൻഗാമിക ളുടെ മാതൃകകൾ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ട്?

നമ്മുടെ മുൻഗാമികൾ എല്ലാവരും തന്നെ ആരാധനാ ജീവിതത്തിൽ വലിയ പ്രാധാന്യം കൽപിച്ച വരായിരുന്നു. അവരുടെ സ്വാധീനം തന്നെയാണ് വിശ്വാസികളിൽ ആരാധനയുടെ തീക്ഷ്ണതയും, താല്പര്യവും വളർത്തിയെടുക്കാൻ നമ്മെയും സഹാ യിച്ചത്. ഒപ്പം അവർ എല്ലാവരും തന്നെ തികഞ്ഞ സഭാ സ്നേഹികൾ ആയിരുന്നു. സഭയുടെ നന്മയ്ക്കായി എത്ര കൊടിയ പീഡനങ്ങളും, ദുരിതങ്ങളും അവർ അനുഭവിച്ചിരുന്നു. സഭയുടെ നിലനിൽപിന് വേണ്ടി പീഡനങ്ങൾ ഏൽക്കുവാൻ സന്നദ്ധമാകണം എന്ന സന്ദേശമാണ് അവരുടെ ജീവിതാനുഭവങ്ങൾ നമുക്ക് നൽകിയത്. അതോടൊപ്പം, ഏതെല്ലാം പ്രതിസന്ധി ഘട്ടങ്ങൾ ഉണ്ടായാലും, തളരാതെ ദൈവാശ്രയത്തോടെ മുന്നോട്ട് പോകുക, ഇന്നല്ലെങ്കിൽ നാളെ സഭയിൽ സമാധാനം ഉണ്ടാകും എന്ന പ്രത്യാശ നമ്മുടെ മുൻഗാമികൾ നൽകിയതാണ്. ആയതിന്റെ പൂർത്തീ കരണമാണ് 2017ലെ സുപ്രീം കോടതി വിധിയോടെ സംജാതമായത്.

6. ഒരുപക്ഷേ ഇത്രമേൽ സാധുജന സംരക്ഷണ പദ്ധതികൾ നടത്തുന്ന ഭദ്രാസനങ്ങൾ മലങ്കര സഭ

യിൽ വിരളമാണ്. ക്ഷേമ പ്രവർത്തനങ്ങൾക്ക് പ്രഥമ പരിഗണന നൽകുവാൻ അങ്ങയെ പ്രേരിപ്പിച്ച ഘടകം എന്താണ്? 'പ്ര' എന്ന പേരിൽ തുടങ്ങുവാനുള്ള കാരണം?

ബാല്യ കാലം മുതലേ സാധുജനങ്ങളെ സഹായിക്കണം എന്നുള്ളത് ഒരു കടമയായി കണ്ടിരുന്നു. വൈദികനായപ്പോഴും സാധ്യമാം വിധത്തിൽ അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. മെത്രാപ്പോലീത്ത ആയി ചുമതല ഏറ്റെടുത്ത സമയത്ത്, പക്കോമിയോസ് തിരുമേനിയുടെ നാൽപതാം അടിയന്തിര ദിനത്തിൽ ചേർന്ന യോഗത്തിൽ, തിരുമേനിക്ക് ഉചിതമായ ഒരു സ്മാരകം നിർമിക്കണമെന്ന ആഗ്രഹം ഉയർന്നപ്പോൾ, സാധുജന സംരക്ഷണ പ്രവർത്തനങ്ങൾക്കായി ഒരു ചാരിറ്റബിൾ ട്രസ്റ്റ് രൂപീകരിക്കുകയാണ് അദ്ദേഹത്തിന് നൽകാവുന്ന സ്മരണാഞ്ജലി എന്ന് തീരുമാനിക്കുകയും മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി നിലവിൽ വരികയും ചെയ്തു. ആയതിന്റെ ആദ്യ സ്ഥാപനമായി മാനസിക വെല്ലുവിളികൾ നേരിടുന്ന പെൺകുട്ടികൾക്കായി 1996 ൽ 'പ്രതീക്ഷ' എന്നാ സ്ഥാപനം ആരംഭിച്ചു. തുടർന്ന് സമൂഹത്തിൽ പ്രയാസങ്ങൾ അനുഭവിക്കുന്നവരുടെ ബുദ്ധിമുട്ടുകൾ കണ്ടറിഞ്ഞ് വിവിധ പ്രദേശങ്ങളിൽ പ്രസ്ഥാനങ്ങൾ ആരംഭിക്കുകയാണ് ഉണ്ടായത്. 'പ്ര' എന്നാൽ നല്ലത്, പ്രത്യാശ എന്നാൽ നല്ല ആശ. നല്ലത് അഥവാ മറ്റുള്ളവർക്ക് നന്മയെ പ്രദാനം ചെയ്യുന്നത് എന്ന ആശയം ഉൾക്കൊണ്ട് 'പ്ര' യിൽ തുടങ്ങുന്ന പതിനെട്ടോളം സ്ഥാപനങ്ങൾ ദൈവകൃപയാൽ ഇന്ന് ഭദ്രാസനത്തിൽ പ്രവർത്തിക്കുന്നു.

7. പ്രസ്ഥാനങ്ങളുടെ നടത്തിപ്പിൽ ഈ ഭദ്രാസനത്തിലെ ആത്മീയ മക്കളുടെ സഹകരണം എങ്ങനെ നോക്കി കാണുന്നു?

സാധുജനസംരക്ഷണ പ്രസ്ഥാനങ്ങളെ സംബന്ധിച്ച്, നാം അവയെ മുന്നിൽ നിന്ന് നയിക്കുന്നു എന്ന് മാത്രമേ ഉള്ളൂ. അതിന്റെ എല്ലാ പ്രവർത്തനങ്ങളും മുന്നോട്ട് കൊണ്ട് പോകുന്നത് ഇവിടുത്തെ വൈദീകരും, വിശ്വാസ സമൂഹവും ചേർന്നാണ്. കിഴക്കമ്പലം ബെത്ലഹേം ദയറാ കോൺവെന്റിലെ സന്യാസിനികൾ ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിൽ വലിയ പിന്തുണയും നേതൃത്വവുമാണ് ഇന്നയോളം നൽകി വരുന്നത്. നമ്മുടെ ഭദ്രാസനത്തിലെ വൈദീകർ എല്ലാവരും ഇടവകകളിൽ നിന്ന് പരമാവധി സഹായങ്ങൾ സമാഹരിച്ച് പ്രസ്ഥാനങ്ങൾക്ക് നൽകി വരുന്നു. തങ്ങളുടെ ജീവിതത്തിലെ വിശേഷ ദിവസങ്ങളിൽ, ഭദ്രാസനത്തിന്റെ ആത്മീയമക്കൾ പ്രത്യേകമായി പ്രസ്ഥാനങ്ങളിൽ എത്തി ചേർന്ന് അവിടുത്തെ അന്തേവാസികളോടൊപ്പം സന്തോഷം പങ്കിടുന്ന പതിവും നിലനിൽക്കുന്നു. എല്ലാ വർഷവും ഭദ്രാസന ദിനത്തോട് അനുബന്ധിച്ച് സമാഹരിക്കുന്ന ഭദ്രാസന വികസന ഫണ്ടിന്റെ 75 ശതമാനവും ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിനാണ് നീക്കി വയ്ക്കുന്നത്. നമ്മുടെ ഭദ്രാസനത്തിലെ വൈദീകരും വിശ്വാസികളും ഒത്തൊരുമയോടെ തങ്ങളുടെ നെഞ്ചിലേറ്റി നടത്തുന്ന പ്രസ്ഥാനങ്ങളാണ് ഇവയെല്ലാം എന്ന് പറയുന്നതിൽ നമുക്ക് അഭിമാനമുണ്ട്. ഒപ്പം ലോകമെങ്ങുമുള്ള മലങ്കര സഭാ മക്കൾ ഈ പ്രസ്ഥാനങ്ങളുടെ നടത്തിപ്പിൽ വലിയ പിന്തുണയും പ്രോത്സാഹനവും നൽകി വരുന്നു.

8. ഭദ്രാസനത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ കുറിച്ച് അങ്ങയുടെ കാഴ്ചപ്പാട് എന്താണ്?

ഒന്നാമതായി, കക്ഷിവഴക്കുകൾ അതിന്റെ പൂർണ തലത്തിൽ അവസാനിക്കണം. ഭദ്രാസനത്തിലെ സേവന സന്നദ്ധരായ കൂടുതൽ ആളുകളെ ചേർത്തു കൊണ്ട്, സമൂഹത്തിന്റെ താഴെതട്ടിലുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും, ലഹരിവിമോചന പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനും ഉള്ള ഒരു സന്നദ്ധ സംഘത്തെ രൂപപ്പെടുത്തിയെടുക്കണം. പാവപ്പെട്ടവരായ ആളുകളുടെ സാമ്പത്തികമായ കഷ്ടപ്പാടുകൾ ഇല്ലാതാക്കി,അവരെസമൂഹത്തിന്റെമുഖ്യധാരയിലേക്ക് കൊണ്ട് വന്ന് അതുവഴി, ദാരിദ്ര്യ മുക്തമായ ഒരു ഭദ്രാസനം നമ്മുടെ ആഗ്രഹമാണ്. അത് കേവലം നമ്മുടെ വിശ്വാസികളെ മാത്രം ഉദ്ദേശിച്ച് ഉള്ളതല്ല, മറിച്ച് ഈ ഭദ്രാസനത്തിന്റെ അതിർത്തിക്കുള്ളിൽ അധിവസിക്കുന്ന നാനാ ജാതി മതസ്ഥരായ ആളുകളെ കൂടി കരുതിയുള്ള സ്വപ്നമാണ്. നമ്മുടെ പ്രവർത്തനങ്ങൾ വർഗ വർണ്ണ വ്യത്യാസങ്ങൾക്ക് അതീതമായി സർവ്വരെയും ചേർത്ത് നിർത്തുന്നത് ആകുമ്പോൾ മാത്രമേ സമത്വസുന്ദരമായ ഒരു സമൂഹത്തെ നമുക്ക് കെട്ടിപ്പടുത്തുവാൻ സാധിക്കയുള്ളൂ.

കണ്ടനാടിന്റെ മഹാരഥൻമാർ

റവ.ഫാ.ബേസിൽ ജോർജ് മാളിക്കകുഴിയിൽ
(വൈസ് പ്രസിഡന്റ്, യുവജന പ്രസ്ഥാനം കണ്ടനാട് വെസ്റ്റ് ഭദ്രാസനം)

മലങ്കര സഭയുടെ ചരിത്രവഴികളിൽ സുവർണ്ണാക്ഷരങ്ങളാൽ അടയാളപ്പെടുത്തപ്പെട്ട ഭദ്രാസനമാണ് കണ്ടനാട്. സഭയുടെ ഭരണപരമായ ഏകീകരണത്തിന് വഴിതെളിച്ച 1876-ലെ മുളന്തുരുത്തി സുന്നഹദോസിലൂടെ രൂപംകൊണ്ട ഏഴ് പ്രഥമ ഭദ്രാസനങ്ങളിൽ ഒന്ന്. വിദേശ ആധിപത്യങ്ങൾക്കെതിരെ സഭയുടെ തനിമ നിലനിർത്താൻ പ്രഖ്യാപിക്കപ്പെട്ട 'കണ്ടനാട് പടിയോല'യുടെ ചരിത്രഭൂമി എന്ന നിലയിൽ, ഈ ഭദ്രാസനം മലങ്കര സഭയുടെ സ്വയംഭരണാധികാരത്തിന്റെയും വിശ്വാസസ്ഥിരതയുടെയും പ്രതീകമായി നിലകൊള്ളുന്നു. മാർത്തോമാ പാരമ്പര്യത്തിന്റെ കരുത്തും സുറിയാനി പൈതൃകത്തിന്റെ സൗന്ദര്യവും ഒത്തുചേരുന്ന പുണ്യഭൂമിയാണ് കണ്ടനാട് ഭദ്രസനം. കണ്ടനാട് സെന്റ് മേരീസ് വലിയപള്ളി കേന്ദ്രമാക്കി വളർന്നുവന്ന ഈ ഭദ്രസനം, ഒട്ടനവധി വിശുദ്ധരുടെയും സഭാപിതാക്കന്മാരുടെയും പാദസ്പർശമേറ്റ മണ്ണാണ്. കേരളത്തിലെ ക്രൈസ്തവ ചരിത്രത്തിലെ നിർണ്ണായക വഴിത്തിരിവുകൾക്ക് സാക്ഷ്യം വഹിച്ച ഈ പ്രദേശം ഇന്നും വിശ്വാസികൾക്ക് ആത്മീയ ചൈതന്യത്തിന്റെ ഉറവിടമായി നിലകൊള്ളുന്നു. ഈ ഭദ്രാസനം ശതോത്തര കനക ജൂബിലിയുടെ നിറവിൽ എഴുന്നള്ളി നിൽക്കുമ്പോൾ ഈ ഭദ്രാസനത്തെ സുദീർഘം നയിച്ച പിതാക്കന്മാരുടെ മുമ്പിൽ ശിരസു നമിക്കാം.

പരി. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവ

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രഥമ കാതോലിക്കായും, കണ്ടനാട് ഭദ്രാസന പ്രഥമ മെത്രാപ്പോലീത്തായുമായ പരി. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവ,1836 ജനുവരി 19-ന് കോലഞ്ചേരി മുറിമറ്റം കുടുംബത്തിൽ കുര്യന്റെയും മറിയാമ്മയുടെയും മകനായി ജനിച്ചു. ബാല്യകാലം മുതലേ ദൈവാശ്രയബോധത്തിലും ആരാധനനിഷ്ഠയിലും ജീവിതം പടുത്തുയർത്തിയ കഥാപുരുഷൻ 1843-ൽ ചേപ്പാട് മാർ ദിവന്നാസിയോസിൽ നിന്ന് ശെമ്മാശപദവിയും 1852-ൽ യുയാക്കീം മാർ കൂറിലോസ് മെത്രാപ്പോലീത്തയിൽ നിന്ന് കശീശ്ശ സ്ഥാനവു സ്വീകരിച്ചു. ദീർഘകാലം താൻ ഏറെ സ്നേഹിച്ച തന്റെ ഇടവക ദേവാലയമായ കോലഞ്ചേരി പള്ളി വികാരിയായി ശുശ്രൂഷ നിർവഹിച്ചു.

1877 മെയ് 17-ന് കുന്നംകുളത്ത് വച്ച് പരി. പത്രോസ് ത്രുതീയൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ പൗലോസ് മാർ ഇവാനിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. തുടർന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ ചുമതലയേറ്റു. സഭയെ സ്നേഹിക്കുകയും സഭയുടെ പ്രതിസന്ധി ഘട്ടത്തിൽ പരിശുദ്ധ വട്ടശ്ശേരിയിൽ തിരുമേനിയുടെയും മറ്റു പിതാക്കന്മാരുടെയും ആഗ്രഹത്തിൽ പരിശുദ്ധ സഭയ്ക്ക് വേണ്ടി 1912 സെപ്റ്റംബർ 15-ന് അബ്ദുൽ മശിഹാ രണ്ടാമൻ പാത്രിയർക്കീസ് നിരണം പള്ളിയിൽ വച്ച് ഈ പിതാവിനെ മലങ്കരയുടെ പ്രഥമ കാതോലിക്കായായി വാഴിച്ചു. കണ്ടനാട് ഭദ്രാസനത്തിൽ നിരവധി പള്ളികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും സ്ഥാപിച്ചു. ആരാധനക്രമങ്ങളിൽ പരിഷ്കാരങ്ങൾ വരുത്തുകയും സൺഡേ സ്കൂളുകൾക്ക് തുടക്കം കുറിക്കുകയും ചെയ്തു. മൂവാറ്റുപുഴയിൽ ഭദ്രാസന ആസ്ഥാനമായ അരമന പണികഴിപ്പിച്ചു. കൂടാതെ പിറവം സെമിനാരി പറമ്പ് പിതാവ് സഭക്കായി സമ്പാദിച്ചു. ഈ പരിശുദ്ധൻ സത്യസന്ധനും നീതിനിഷ്ഠയുമുള്ള ആളായിരുന്നു. നോമ്പ്, ഉപവാസം, ജാഗരണം എന്നിവയിൽ കർശനമായ നിഷ്കർഷ പാലിച്ചു. പാലക്കുന്നത്തു മാത്യൂസ് മാർ അത്താനാസ്യോസ് പിതാവിനെപ്പറ്റി പറഞ്ഞിരുന്നത്, ചട്ടം നടത്തുന്ന മുറിമറ്റം എന്നായിരുന്നു.

അനേകം പ്രതിസന്ധികൾ ആഞ്ഞടിച്ചപ്പോൾ മലങ്കര സഭയെ തന്റെ നെഞ്ചോട് ചേർത്തു പിടിച്ച ഈ പുണ്യ പിതാവ് 1913 മെയ് 2-ന് കാലം ചെയ്തു. പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് ചെറിയ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുമ്പോൾ തലമുറകളിൽ ഈ പിതാവ് ഇന്നും ജീവിക്കുന്നു...

പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവ

മലങ്കര സഭയുടെ നാലാം കാതോലിക്കായും കണ്ടനാട് ഭദ്രാസനത്തെ തന്റെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തു പരിപാലിച്ച പരി. ബസേലിയോസ് ഓഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1884 ജൂൺ 26-ന് എറണാകുളം ജില്ലയിലെ വെങ്ങോലയിൽ (പെരുമ്പാവൂർ) ചെറ്റക്കുളത്തുകര കുടുംബത്തിൽ എബ്രഹാം മൽപ്പാന്റെ മകനായി ജനിച്ചു. മാത്യൂസ് എന്നായിരുന്നു ആദ്യ നാമം. പാമ്പാക്കുട കോനാട്ട് മൽപ്പാൻ പാഠശാലയിൽ നിന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. കോട്ടയം എം.ഡി. സെമിനാരിയിൽ ചേർന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസം നടത്തിയ ശെമ്മാശൻ, ഇതിനോടകം സുറിയാനി, മലയാളം തുടങ്ങിയ ഭാഷകളിൽ പ്രാവീണ്യം നേടി. ശീമയിൽ നിന്നെത്തിയ സ്ലീബാ ശെമ്മാശന്റെ ഉറ്റ സുഹൃത്തായിത്തീർന്ന മത്തായി ശെമ്മാശൻ അധികം വൈകാതെ, 1905-ൽ ശീമയ്ക്കു പോകുകയും, തുറബ്ദീനിലുള്ള മാർ ഔഗേന്റെ ദയറായിൽ വച്ച് മത്തായി എന്ന പേരിന് പകരം 'ഔഗേൻ' എന്ന പേരു സ്വീകരിച്ചു. യെറുശലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് ഔഗേൻ ശെമ്മാശന് അബ്ബുള്ള പാത്രിയർക്കീസ് 1908-ൽ വച്ച് റമ്പാൻ സ്ഥാനത്തേക്ക് ഉയർത്തി. സുറിയാനി ഭാഷയിൽ കിട്ടാവുന്നത്രയും വിജ്ഞാനം അദ്ദേഹം ആർജ്ജിച്ചു. അമൂല്യ ഗ്രന്ഥങ്ങൾ വായിച്ചു. പരിഭാഷപ്പെടുത്താവുന്ന കൃതികൾ മലയാളത്തിലാക്കി, പ്രത്യേകിച്ച് ആരാധനാസാഹിത്യത്തിൽ വിജ്ഞാന കുബേരനായി നാട്ടിലെത്തിയ ഔഗേൻ റമ്പാൻ 1909-ൽ വൈദികനായി. തുടർന്ന് ഔഗേൻ റമ്പാൻ വടകരപള്ളി കേന്ദ്രീകരിച്ച് സുവിശേഷ - വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ മുഴുകി. 1918-ൽ വടകരയിലെ കുരിശിന്തൊട്ടി മൈതാനത്ത് ഇംഗ്ലീഷ് മിഡിൽ സ്കൂൾ ആരംഭിച്ചു. ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു. സഭയിലെ എല്ലാ രംഗങ്ങളിലും അദ്ദേഹം സജീവമായി നിലകൊണ്ടു.1927 മേയ് 15-ന് ജറുസലേമിൽ വച്ച് ഔഗേൻ മാർ തിമോത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴ്ത്തപ്പെട്ടു.കണ്ടനാട്, തുമ്പമൺ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായി സേവനമനുഷ്ഠിച്ചു. 1958-ൽ സഭാസമാധാനം കൈവന്നപ്പോൾ, ഏറ്റവുമധികം സന്തോഷിച്ചത് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയായിരുന്നു.

1964 മേയ് 22-ന് കോട്ടയം എം.ഡി. സെമിനാരിയിൽ വച്ച് അന്ത്യോഖ്യൻ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കൂബ് തൃതീയൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ കാതോലിക്കായായി വഴിക്കപ്പെട്ടു. ബാർ എബ്രായയ്ക്ക് ശേഷമുള്ള വലിയ സുറിയാനി പണ്ഡിതനായി അദ്ദേഹം അറിയപ്പെട്ടു. ഒട്ടനവധി സുറിയാനി പ്രാർത്ഥനാ ക്രമങ്ങളും ഗീതങ്ങളും അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ശാരീരിക അവശതകൾ മൂലം 1975 സെപ്റ്റംബറിൽ പിതാവ് പദവികൾ ഒഴിയുകയും തന്റെ പിൻഗാമിയായി ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായെ നിയോഗിക്കുകയും ചെയ്തു. 1991 ഡിസംബർ 8-ന് കാലം ചെയ്തു. കോട്ടയം ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ അന്ത്യവിശ്രമം കൊള്ളുന്നു. മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹീക സിംഹാസനത്തിന് ഭംഗം വരാതെ പൗരസ്ത്യ കാതോലിക്കേറ്റിന്റെ കാവൽഭടനായി ഈ പരിശുദ്ധൻ നിലകൊണ്ടു. നല്ല ഇടയനും വാഗ്മിയും ഗ്രന്ഥകാരനും സർവ്വോപരി. സഭയെ സ്നേഹിക്കുകയും ചെയ്ത പിതാവിന്റെ പാവന സ്മരണകൾക്കു മുമ്പിൽ പ്രണാമം.

അഭി. യൂയാക്കിം മാർ ഇവാനിയോസ് മെത്രാപ്പോലീത്ത

കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്ത യൂയാക്കിം മാർ ഇവാനിയോസ് 1858-ൽ കണ്ടനാട് കാരാട്ടു വീട്ടിൽ കോരയുടെ മകനായി ജനിച്ചു.പാമ്പാക്കുട വലിയ പള്ളിയിൽ അന്ത്യവിശ്രമം കൊള്ളുന്ന കോനാട്ട് മാർ യൂലിയോസ് മെത്രാപ്പോലീത്തയുടെ ശിക്ഷണത്തിൽ സുറിയാനി ഭാഷയിലും സഭാവിശ്വാസപ്രമാണങ്ങളിലും അറിവ് നേടി. കൂടാതെ അദ്ദേഹം ഒരു സംസ്കൃത പണ്ഡിതൻ കൂടിയായിരുന്നു.1882 ഏപ്രിൽ 6-ന് തന്റെ ഇടവക ദേവാലയമായ കണ്ടനാട് വി. മർത്തമറിയം ഓർത്തഡോക്സ് കത്തീഡ്രൽ ദേവാലയത്തിൽ വച്ച് ശെമ്മാശപദവിയും 1892 ഏപ്രിൽ 14-ന് വൈദിക പട്ടവും സ്വീകരിച്ചു. സഭയുടെ പ്രതിസന്ധിഘട്ടത്തിൽ പൗരസ്ത്യ കാതോലിക്ക് എന്നോട് ചേർന്ന് വട്ടശ്ശേരിൽ മാർ ദീവന്നാസിയോസിനൊപ്പം ഉറച്ചുനിന്നു.

1913 ഫെബ്രുവരി 9-ന് ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് അബ്ദൽ മശിഹാ പാത്രിയർക്കീസിനാൽ അദ്ദേഹം മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. ഇന്ത്യയിൽ കാതോലിക്കേറ്റ് സ്ഥാപിതമായതിന് ശേഷം ആദ്യത്തെ മെത്രാഭിഷേക സ്ഥാനാരോ

ഹണം എന്ന ഭാഗ്യവും ഈ പിതാവിന് ആയിരുന്നു. മുറുമറ്റത്തിൽ ബാവായ്ക്കുശേഷം കണ്ടനാട് ഭദ്രാസനത്തെ സധൈര്യം വിശ്വാസപ്പുൽമാൽ നയിച്ചു. പ്രതിസന്ധിഘട്ടത്തിൽ ഭദ്രാസനത്തെയും ഇടവകളെയും വിശ്വാസികളെയും ഒരു കുടക്കീഴിൽ ചേർത്ത് നിർത്തി.

തുമ്പമൺ, കണ്ടനാട് എന്നീ ഭദ്രാസനങ്ങളുടെ ഭരണചുമതല അദ്ദേഹം നിർവ്വഹിച്ചു. പരുമല സെമിനാരി ആസ്ഥാനമാക്കിയാണ് അദ്ദേഹം പ്രവർത്തിച്ചിരുന്നത്. 1925 ജൂൺ 6-ന് അദ്ദേഹംകാലം ചെയ്തു. പരുമല സെമിനാരിയിൽ താൻ ഏറെ പ്രിയംവച്ച തന്റെ ഗുരുനാഥനോട് ചേർന്ന് ഈ സ്മര്യപുരുഷന്റെ കബറിടം സ്ഥിതി ചെയ്യുന്നത്.

അഭി.ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത

മുളക്കുളം വടക്കേക്കരയിലെ പൂവത്തുങ്കൽ ഐപ്പ് വർക്കിയുടെയും അന്നമ്മയുടെയും മൂത്തമകനായി 1926 ജൂൺ 19നു ജനിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിൽ നിന്ന് ഹിസ്റ്ററി ആൻഡ് പൊളിറ്റിക്സിൽ ബിരുദാനന്തര ബിരുദം നേടി. പിന്നീട് ഇംഗ്ലണ്ടിലെ കാർഡിഫിലുള്ള സെന്റ് മൈക്കിൾ കോളേജിൽ നിന്ന് ദൈവശാസ്ത്രത്തിൽ ഉപരിപഠനം നടത്തി. 1945 ഏപ്രിൽ 8-ന് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവായിൽ നിന്ന് ശെമ്മാശപട്ടവും, പിന്നീട് പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവായിൽ നിന്ന് കശീശപട്ടവും സ്വീകരിച്ചു. കൊച്ചി, എറണാകുളം, സിംഗപ്പൂർ, മലേഷ്യ, ലണ്ടൻ തുടങ്ങി വിദേശത്തും സ്വദേശത്തുമുള്ള വിവിധ ഇടവകകളിൽ വികാരിയായി സേവനമനുഷ്ഠിച്ചു. കൂടാതെ ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റായും എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയായും പ്രവർത്തിച്ചു. 1974-ൽ നിരണം പള്ളിയിൽ വച്ച് നടന്ന അസോസിയേഷനിൽ മെത്രാപ്പോലീത്തയായി തിരഞ്ഞെടുക്കപ്പെട്ടു. 1975 ഫെബ്രുവരി 16-ന് പുത്തൻകാവ് പള്ളിയിൽ വച്ച് റമ്പാൻ സ്ഥാനവും, തൊട്ടടുത്ത ദിവസം നിരണം വലിയപള്ളിയിൽ വച്ച് മെത്രാപ്പോലീത്ത സ്ഥാനവും സ്വീകരിച്ചു. ആദ്യം കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായും പിന്നീട് കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായും ചുമതലയേറ്റു. സഭയിലെ സങ്കീർണ്ണമായ കാലഘട്ടത്തിൽ ഭദ്രാസനത്തെ നയിക്കുന്നതിൽ അദ്ദേഹം വലിയ പങ്ക് വഹിച്ചു. സഭയുടെ വിവിധ ഭാഗങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിക്കുന്നതിന് വഹിച്ച പങ്ക് എത്ര വലുതായിരുന്നു എന്ന് കാലം തെളിയിച്ച വിശ്വാസ പോരാട്ടമായിരുന്നു. കഷിവഴക്കിന്റെ പ്രതികൂലതകളിൽ ദൈവജനത്തെ കൂട്ടിച്ചേർത്തതും ഒരുമിപ്പിച്ച് നിർത്തിയതും ഈ കാതോലിക്കേറ്റ് സെന്ററുകളായിരുന്നു. 1991 ഓഗസ്റ്റ് 19-ന് കാലം ചെയ്തു.മുളക്കുളം കർമ്മേൽക്കുന്നു സെന്റ് ജോർജ്ജ് പള്ളിയിൽ അന്ത്യവിശ്രമംകൊള്ളുന്നു. കണ്ടനാട് ബസ്റ്റ് ഭദ്രാസനത്തിലെ വിവിധ ജീവകാരുണ്യ പദ്ധതികളിലൂടെ ഇന്നും ഈ പിതാവ് തലമുറകളിൽ ജീവിക്കുന്നു.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ചരിത്രത്തിൽ ആത്മീയമായും സാമൂഹിക മായും നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ് കണ്ടനാട്ദ ദ്രസനം. തനതായ പാരമ്പര്യവും അച്ചടക്കമുള്ള ഭരണസംവിധാനവും വഴി വിശ്വാസികളുടെ ആത്മീയ വളർച്ചയിൽ ഈ ഭദ്രസനം വലിയ പങ്കുവഹിക്കുന്നു. വരുംതലമുറകളിലേക്ക് ക്രൈസ്തവ മൂല്യങ്ങളും സഭാ പാരമ്പര്യങ്ങളും കൈമാറുന്നതിൽ കണ്ടനാട് ഭദ്രസനം എന്നും ഒരു വിളക്കുമാടമായി നിലകൊള്ളുന്നു. ഈ ഭദ്രാസനത്തെ തന്റെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തു പരിപാലിച്ച പിതാക്കന്മാരുടെ കാലടികളെ പിൻപറ്റി ഇന്ന് മലങ്കര സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യുസ് ത്രതിയൻ കാതോലിക്കാ ബാവ 1991 മുതൽ ഇന്നയോളം കാത്തു പരിപാലിക്കുന്നു. അനേകം പ്രതിസന്ധികൾ ആഞ്ഞടിച്ചപ്പോൾ ദൈവാശ്രയബോധത്തോടെ തന്റെ നെഞ്ചോട് ചേർത്തുപിടിച്ചു ഓരോ ദേവാലയങ്ങളെ, വൈദികരെ, തന്റെ ആട്ടിൻപറ്റങ്ങളെ, സമൂഹത്തിൽ പാർശ്വവലി ക്കപ്പെട്ടവരെ ചേർത്ത് പിടിക്കാൻ പടുത്തുയർത്തിയ 18 ഓളം ജീവകാരുണ്യ പദ്ധതികൾ അങ്ങനെ നീളുന്നു ഈ ശതോര കനക ജൂബിലി നിറവിൽ എത്തി നിൽക്കുമ്പോൾ. കണ്ടനാട് ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ

പതാക ഘോഷയാത്ര ഫെബ്രുവരി 14 ന്

കോലഞ്ചേരി:കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലിയും ഭദ്രാസന ദിനാഘോഷത്തിനും കുടുംബ സംഗമത്തിനും മുന്നോടിയായി, കണ്ടനാട് വെസ്റ്റ് ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ പതാക ഘോഷയാത്ര ഫെബ്രുവരി 14 ശനിയാഴ്ച 2 മണിയ്ക്ക് പരി. ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ അന്ത്യവിശ്രമം കൊള്ളുന്ന പാമ്പാക്കുട ചെറിയ പള്ളിയിൽ നിന്നും ആരംഭിക്കും.കണ്ടനാട് വെസ്റ്റ് ഭദ്രാസന സഹായ മെത്രാപ്പോലീത്ത അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനി ആശിർവദിക്കുന്ന മലങ്കര സഭയുടെ പീതവർണ്ണ പതാക ഭദ്രാസന വൈസ് പ്രസിഡണ്ട് ഫാ. ബേസിൽ ജോർജ്ജിന്റെഏറ്റുവാങ്ങി സമ്മേളനഗരിയിൽ എത്തിയും. തുടർന്ന് പരി. കാതോലിക്ക ബാവ പതാക ഉയർത്തും.പതാക ഘോഷയാത്ര ജനറൽ കൺവീനർമാരായി ശ്രീ.ആർഡ്രിൻ ബെന്നി, ശ്രീ ഐസക് പുത്തൂരാൻ, ശ്രീ.ആൻസൻ ബാബു എന്നിവർ നേതൃത്വം നൽകും.

വൃക്ഷത്തൈ വിതരണം നടത്തും

കോലഞ്ചേരി: കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥനാ യോഗത്തിന്റെ നേതൃത്വത്തിൽ കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലിയുടെ ഭാഗമായി കോലഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ 150 കുട്ടികൾക്ക് ഫലവൃക്ഷത്തൈ വിതരണം ചെയ്യുന്നു.ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ.റോബിൻ മർക്കോസിന്റെ അധ്യക്ഷതയിൽ കൂടുന്ന സമ്മേളനം കുന്നത്തുനാട് നിയോജകമണ്ഡലം എം.എൽ.എ അഡ്വ.പി.വി ശ്രീനിജൻ ഉദ്ഘാടനം ചെയ്യും.എറണാകുളം ജില്ലാ പഞ്ചായത്ത് അംഗം ശ്രീ.സുജിത്ത് പോൾ വൃക്ഷത്തൈ വിതരണം നിർവഹിക്കും.ഒരുക്കങ്ങൾ പൂർത്തിയായി എന്ന്ഭദ്രാസന ജനറൽ സെക്രട്ടറി കുഞ്ഞുമോൻ തോമസ്,ജോയിൻ സെക്രട്ടറി റോയി ജോൺ, ട്രഷറാർ ലിജോ കെ ജോൺ എന്നിവർ അറിയിച്ചു.

BRIDE WANTED

Invite Proposals for our son 33/175 cm, B.com/MBA working in MRF, Chennai, preferably working Girls from a Good family back ground. Mob No: 9447112319

കണ്ടനാട് ഭദ്രാസനത്തിന്റെ കഴിഞ്ഞ നാളുകൾ (1976-1993)



വെരി.റവ.പി.യു.കുര്യാക്കോസ്
കോർ എപ്പിസ്കോപ്പ പോത്താറയിൽ
(മുൻ ഭദ്രാസന സെക്രട്ടറി 1990 - 1993)

മലങ്കര സഭയുടെ ചരിത്രഗതിയിൽ വിഭാഗീയതയും വിപ്രതിപത്തികളും വിഘടന ചിന്തകളും ശക്തമായി നിന്ന കാലഘട്ടങ്ങൾ ഉണ്ടായിരുന്നു. പ്രതിസന്ധികളും പ്രശ്നങ്ങളും മറികടന്ന് പരി.സഭ അതിന്റെ പുഷ്കലതയിലേക്ക് യാത്ര ചെയ്തു. അതിനുവേണ്ടി ബലപ്പെടുത്തുകയും ബലിയാവുകയും ചെയ്ത നിരവധി വ്യക്തികൾ ഉണ്ട്. അവരുടെ പ്രവർത്തന ചരിത്രം കൂടിയാണ് സഭയുടെ ചരിത്രം.

കണ്ടനാട് ഭദ്രാസനം വടക്കൻ മേഖലയിൽ സഭ കേസുകൾ കൊണ്ട് കലുഷിതമായ പ്രശ്ന ബാധിത ഭദ്രാസനമായിരുന്നു. അതിനെ സധൈര്യം മുന്നോട്ട് നയിച്ച് ശാന്തിയുടെ തീരത്ത് അണച്ച പുണ്യ ചരിതനായിരുന്നു ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത. 1976 മുതൽ 1991ൽ അദ്ദേഹം ദിവംഗതനാകും വരെ ചേർന്ന് നടക്കുവാനും ഒരുമയോടെ ചിന്തിക്കുവാനും കഴിഞ്ഞിട്ടുള്ള ഒരാൾ എന്ന നിലയ്ക്ക് അക്കാലത്തെ കണ്ടനാടിന്റെ ചരിത്രം അഭി. പക്കോമിയോസ് തിരുമേനിലൂടെയാണ് വായിക്കപ്പെടുന്നത് എന്ന് നിസ്സംശയം പറയാം. 1991 മുതൽ 1993 വരെ അസി. മെത്രാപ്പോലീത്തിയായും 1993 ഓഗസ്റ്റ് 26 ന് സൂന്ത്രോണിസോ നടത്തി ഭദ്രാസന മെത്രാപ്പോലീത്തയായി ഭരണ ചുമതലയേറ്റ അഭി. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ നായകത്വത്തിൽ പ്രബലമായപ്പോഴും പക്കോമയോസ് തിരുമേനിയുടെ കർമ്മപരിപാടികളാണ് അക്കാലഘട്ടത്തിൽ ഭദ്രാസനത്തിന് താങ്ങും തണലും ഊർജ്ജവുമായത്. മുൻഗാമിയുടെയും ഭദ്രാസനാധിപന്റെയും ക്രാന്തദർശിത്വവും ദീർഘവീക്ഷണവും ഇച്ഛാശക്തിയുമാണ് ഈ ഭദ്രാസന പ്രവർത്തനങ്ങൾക്ക് വളവും വെള്ളവുമായത്. സൺഡേ സ്കൂൾ പ്രസ്ഥാനം, വനിതാ സമാജം പ്രാർത്ഥനയോഗം എന്നിവ പള്ളികളിലും അതിനു പറ്റാത്തിടത്ത് വീടുകളിലും സൗകര്യമാം വിധം പ്രവർത്തിച്ചതുകൊണ്ട് സഭയുടെ വിശ്വാസ ജ്വാല അണഞ്ഞു പോകാതിരുന്നു. തർക്കമുള്ള പള്ളികൾക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട കാതോലിക്കേറ്റ് സെന്ററുകൾ സ്വാതന്ത്ര്യത്തിന്റെ പ്രതീകങ്ങളായി കണ്ടനാട് ഭദ്രാസസനത്തിലെ വിശ്വാസികൾക്ക് മാർഗദർശത്വം നൽകി.

കണ്ടനാട് ഭദ്രാസനത്തിൽ പാത്രിയാർക്കീസ് വിഭാഗത്തിന്റെ ഒരു സമാന്തര ഭരണവും ഒരു ബദൽ കാതോലിക്കായും നിലനിന്ന കാലത്ത്, അതിനെ മറികടന്ന് ഓർത്തഡോക്സ് വിശ്വാസത്തെ ഉറപ്പിച്ചു നിർത്തുവാൻ ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിലായി നടത്തിയ വിശദീകരണ യോഗങ്ങളും പഠന ക്ലാസുകളും വളരെ വലിയ ആവേശത്തോടെയാണ് വിശ്വാസികൾ ഏറ്റുവാങ്ങിയത്. അഭി. തിരുമേനിയുടെ ആസ്ഥാനമായിരുന്ന വെട്ടിക്കൽ ദയറായിലായിരുന്നു ആദ്യയോഗം .ഭദ്രാസന തലത്തിൽ **"ഇന്റേണൽ മിഷൻ സ്ക്വാഡ്"** രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു .വീടുകളിൽ ക്രമമായി പ്രാർത്ഥന യോഗങ്ങൾ ആരംഭിച്ചു. പാലക്കുഴയിലും പെരുമ്പടവത്തും തുടങ്ങിയ പ്രാർത്ഥനയോഗങ്ങൾ ആത്മീയ ചൈതന്യത്തോടെ ഭദ്രാസനത്തിൽ ആകെ പടർന്ന് പന്തലിച്ചു. എല്ലായിടത്തും പ്രാർത്ഥനയോഗങ്ങൾ, എല്ലാ ഇടവകകളിലും സൺഡേ സ്കൂൾ, പള്ളികളിൽ ആഴ്ചയിലൊരിക്കൽ വിശ്വാസ പഠന ബൈബിൾ ക്ലാസുകൾ എന്നിങ്ങനെ ഭദ്രാസനത്തിന് ആകെ ഉണർവ് നൽകുന്ന പ്രവർത്തനങ്ങൾ ഉണ്ടായി. പിളർന്നപ്പോൾ തളർന്നുപോയ സൺഡേസ്കൂൾ പ്രസ്ഥാനം പുനർജീവിപ്പിച്ച് പുതിയ ദിശാബോധം നൽകി സംഘടിതമാക്കി. ചില വീടുകളിലും അന്ന് സൺഡേ സ്കൂൾ നടത്തിയിരുന്നു. സൺഡേ സ്കൂളിന് കേന്ദ്രീകൃതമായ ചട്ടക്കൂടും പാഠ്യപദ്ധതികളും

പരീക്ഷ നടത്തിപ്പുകളുമുണ്ടായി. അങ്ങനെ സൺഡേസ്കൂൾ ഭദ്രാസനത്തിന്റെ മുഖമുദ്രയായി മാറി.

മർത്തമറിയാം വനിതാ സമാജം,ബാലസമാജം, യുവജന പ്രസ്ഥാനം തുടങ്ങിയവയൊക്കെ ശക്തമായ വളർച്ച ഈ കാല ഘട്ടത്തിൽ ഉണ്ടായി. നേതൃത്വ പരിശീലന ക്യാമ്പുകളും പഠന കളരികളും ക്വിസ് മത്സരങ്ങളും വേദപുസ്തക പഠനവും എല്ലാം സഭാ പ്രവർത്തനങ്ങൾക്ക് നവോന്മേഷം നൽകി. സഭാ മക്കൾക്ക് വിശ്വാസ സത്യങ്ങളും ആചാര അനുഷ്ഠാനങ്ങളും പഠിക്കുവാനും അറിവ് നേടുവാനുമായി ദിവ്യബോധനം എന്ന പാഠ്യപദ്ധതി ഉത്സാഹത്തോടെ ഭദ്രാസനം ഏറ്റെടുത്തു. വെട്ടിക്കൽ ദയറായിലും മറ്റു ദേവാലയങ്ങളിലും വച്ച് ദിവ്യ ബോധനത്തിന്റെ സിലബസുകൾ അനുസരിച്ച് ക്ലാസുകൾ നടത്തുകയും വളരെ അധികം ആളുകൾ ദിവ്യബോധന പരീക്ഷ എഴുതി ഡിപ്ലോമ സർട്ടിഫിക്കറ്റും നേടുകയും ചെയ്തു.

ഭദ്രാസനത്തിന്റെ ആസ്ഥാനമാക്കാൻ മീമ്പാറയിൽ സ്ഥലം വാങ്ങി. ഊഷരമായ ആ കുന്നിനെ ഫലവൃക്ഷ നിബിഡമാക്കിയ ശേഷമാണ് കെട്ടിട നിർമ്മാണവും ചാപ്പൽ നിർമ്മാണവും തുടങ്ങിയത്. വെട്ടിക്കൽ താമസിച്ചുകൊണ്ട് പകൽ മുഴുവനും മീമ്പാറയിൽ ദേഹാദ്ധ്വാനം കൂടി ചെയ്താണ് അഭി. പക്കോമിയോസ് തിരുമേനി മീമ്പാറ അരമന കെട്ടിപ്പൊക്കിയത്. ഭദ്രാസനത്തിന്റെ ഏത് ഭാഗത്ത് നിന്ന് വന്നാലും മദ്ധ്യഭാഗത്ത് വരുന്ന മീമ്പാറ അരമന വിശ്വാസത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ്.

സഭയിലെ തർക്കങ്ങൾക്കും വഴക്കുകൾക്കും കോടതിവിധിയിലൂടെ അല്പം ശമനം വന്നപ്പോൾ സഭാപ്രവർത്തനങ്ങൾ കണ്ടനാട് ഭദ്രാസനത്തിൽ ഊർജിതമായി.കണ്ടനാട് ഭദ്രാസനത്തിന്റെ പല മേഖലകളിലെയും പ്രവർത്തനങ്ങൾ സഭാ കേന്ദ്രങ്ങളിൽ ശ്രദ്ധേയമായി. സൺഡേ സ്കൂളും പ്രാർത്ഥന യോഗവും അതിന് ഉദാഹരണമാണ്. സൺഡേ സ്കൂളിന്റെയും പ്രാർത്ഥന യോഗത്തിന്റെയും കേന്ദ്ര തലത്തിൽ കണ്ടനാടിന്റെ പ്രതിനിധികൾ നിയമിതിരായി എന്നതും എടുത്തു പറയേണ്ടിയിരിക്കുന്നു. കാതോലിക്കേറ്റ് സെന്ററുകൾ എല്ലാം ഉണർവോടെ പലവിധ സഭാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു. സ്വാതന്ത്ര്യവും സ്വയം ശീർഷകവുമായ പരി.സഭയുടെ മകുടങ്ങളായ ആരാധന കേന്ദ്രങ്ങളായി അവ പരിലസിക്കുന്നു . കണ്ടനാട് ഭദ്രാസനം ഈസ്റ്റും വെസ്റ്റുമായി വിഭജിച്ചു എങ്കിലും ഓർമ്മയിൽ ഒന്നായിരുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ ചിത്രമാണ് തേജോമയമായി തെളിയുന്നത്.

GK നിങ്ങൾക്കറിയാമോ ?

കണ്ണുകൾക്ക് പുതിയൊരു വിസ്മയം

ഒലോ (OLO)

ജോൺ വിനോയി
എൻജിനീയറിങ് വിദ്യാർത്ഥി, നെച്ചൂർ പള്ളി

വാനവില്ലിൽ ഏഴ് നിറങ്ങൾ ഉണ്ടെന്നാണ് നമ്മൾ ബാല്യത്തിൽ പഠിച്ചത്. ചുവപ്പ്, ഓറഞ്ച്, മഞ്ഞ, പച്ച, നീലം, ഇണ്ടിഗോ, വയലറ്റ്. ജീവിതം മുഴുവൻ നമ്മൾ കണ്ട ലോകം ഈ നിറങ്ങൾ കൊണ്ടാണ് നിറഞ്ഞത്. ഇപ്പോൾ ശാസ്ത്രജ്ഞർ കണ്ടെത്തിയ ഒരു പുതിയ നിറമാണ് "ഒലോ" (OLO). ഇത് പഴയ നിറങ്ങളുടെ കൂട്ടത്തിൽ പെട്ടതല്ല. കണ്ണുകൾ മുമ്പ് കാണാത്ത ഒരു പുതിയ അനുഭവമാണ്.

നമ്മുടെ കണ്ണിനുള്ളിൽ മൂന്ന് തരത്തിലുള്ള കോശങ്ങൾ ഉണ്ട്.അവയെ കോൺ സെൽസ് (Cone cells) എന്ന് പറയുന്നു. ഇവയാണ് നിറങ്ങൾ തിരിച്ചറിയുന്നത്.ഒരു കോശം ചുവപ്പ് നിറം തിരിച്ചറിയും മറ്റൊന്ന് പച്ച നിറം തിരിച്ചറിയും മറ്റൊന്ന് നീല നിറം തിരിച്ചറിയും ഇവയുടെ കൂട്ടായ പ്രവർത്തനമാണ് നമ്മൾ കാണുന്ന എല്ലാ നിറങ്ങളും. പക്ഷേ ശാസ്ത്രജ്ഞർ കണ്ടെത്തിയത് എന്തെന്നാൽ, ഈ മൂന്ന് കോശങ്ങളും ഒരേ സമയം വളരെ പ്രത്യേക രീതിയിൽ പ്രവർത്തിക്കുമ്പോൾ മുമ്പ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു നിറം കാണാം. ആ നിറമാണ് ഒലോ. ഒലോ എങ്ങനെയിരിക്കും എന്ന് പറയാൻ വളരെ ബുദ്ധിമുട്ടാണ്. കാരണം, നമ്മൾ മുമ്പ് കണ്ട നിറങ്ങളുമായി ഇത് താരതമ്യം ചെയ്യാൻ കഴിയില്ല.

ചിലർ പറയുന്നത്: "നീലപച്ച പോലെയാണ് പക്ഷേ അതിലും കൂടുതൽ തിളക്കം" "കണ്ണിൽ കയറിയൊരു പ്രകാശം പോലെ" "ജീവൻ ഉള്ള നിറം" പക്ഷേ യഥാർത്ഥത്തിൽ അത് കാണുമ്പോഴേ മനസ്സിലാകൂ. ശാസ്ത്രജ്ഞർ പ്രത്യേകമായ ലേസർ പ്രകാശം കണ്ണിലേക്ക് അയച്ചു. അത് കണ്ണിലെ മൂന്ന് കോശങ്ങളെയും ഒരേസമയം വ്യത്യസ്ത രീതിയിൽ ഉണർത്തി. അപ്പോൾ മനുഷ്യർ മുമ്പ് കാണാത്ത ഒരു നിറം കാണാൻ കഴിഞ്ഞു. അതാണ് ഒലോ. ഈ കണ്ടെത്തൽ നമ്മളെ ഒരു വലിയ സത്യത്തിലേക്ക് നയിക്കുന്നു.

"ലോകം നമ്മൾ കാണുന്നതിൽ ഒതുങ്ങുന്നില്ല" നമ്മുടെ കണ്ണുകൾക്ക് പരിമിതിയുണ്ട്. പക്ഷേ പ്രകൃതിക്ക് അതില്ല. ഒലോ നമ്മളെ പഠിപ്പിക്കുന്നത്, മനുഷ്യന്റെ അറിവ് ഇനിയും വളരാനുണ്ട്. പ്രകൃതി നമ്മൾ വിചാരിക്കുന്നതിലും വലിയതാണ് കാണാത്തതും ഈ ലോകത്ത് ഉണ്ടെന്നു ഒലോയുടെ സൗന്ദര്യം ഒലോ ഒരു നിറം മാത്രമല്ല. അത് മനുഷ്യന്റെ കൗതുകത്തിന്റെയും അന്വേഷണത്തിന്റെയും ഫലമാണ്. കണ്ണുകൾക്ക് പുതിയൊരു അനുഭവം, മനസ്സിന് പുതിയൊരു അത്ഭുതം.

ഓർമ്മകളിൽ കണ്ടനാട് ഭദ്രാസനം

റവ.ഫാ. ജോൺ തേനുങ്കൽ
(മുൻ കണ്ടനാട് ഭദ്രാസനം സെക്രട്ടറി, 1993 - 1999)

അതിപുരാതനവും ശ്രേഷ്ഠവുമായ ഒന്നാണ് കണ്ടനാട് ഭദ്രാസനം. അനേകം മഹാരഥന്മാരുടെ നേതൃത്വത്തിൽ പരിപാലിക്കപ്പെട്ട ഈ ഭദ്രാസനം ആരംഭം മുതൽ പല പ്രതിസന്ധികളും തരണം ചെയ്താണ് ഇന്ന് എത്തിനിൽക്കുന്നത്. ഈ ഭദ്രാസനത്തിന് നേതൃത്വം നൽകിയ പിതാക്കന്മാരെയും മൽപ്പാന്മാരെയും വൈദികരെയും അല്മായരെയും ഈ അവസരത്തിൽ അനുസ്മരിക്കാം. പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവ, മാർ പക്കോമിയോസ് മെത്രാപ്പോലീത്ത, പരിശുദ്ധ മാത്യൂസ് തൃതീയൻ ബാവ എന്നീ പിതാക്കന്മാരുടെ ചേർന്ന് ഈ ഭദ്രാസനത്തിൽ സേവനമനുഷ്ഠിക്കുവാൻ എനിക്ക് സാധിച്ചിട്ടുണ്ട്. കക്ഷി വഴക്കിന്റെ രൂക്ഷതകൾക്കിടയിൽ അടിപതറാതെ ഭദ്രാസനത്തെ നയിച്ച അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനി 1991 ഓഗസ്റ്റ് 19 ന് കാലം ചെയ്തു. മലങ്കര സഭാ ഭരണഘടന പ്രകാരം പരിശുദ്ധ കാതോലിക്കാബാവ ഏറ്റെടുത്ത കണ്ടനാട് ഭദ്രാസനത്തിന്റെ അസിസ്റ്റന്റ് മെത്രാപ്പോലീത്തായായി അഭി.ഡോ.മാത്യൂസ് മാർ സേവേറിയോസ് തിരുമേനി നിയമിതനായി. 1993 -ൽ അഭി.തിരുമേനി പൂർണ ചുമതലയിൽ നിയമിതനുമായി.

തന്റെ മുൻഗാമി തുടങ്ങിവച്ച എല്ലാ പ്രവർത്തനങ്ങളും കൂടുതൽ ഊർജിതമായി തുടരുവാൻ പുതിയ തിരുമേനിയും അക്ഷീണം പരിശ്രമം ആരംഭിച്ചു.1993 ഡിസംബർ 3ന് മീമ്പാറ അരമനയിൽ കൂടിയ ഭദ്രാസന പൊതുയോഗം ഭദ്രാസന സെക്രട്ടറിയായി എന്നെ തെരഞ്ഞെടുത്തു. മൂന്നു കൊല്ലത്തേക്ക് ആയിരുന്നു തെരഞ്ഞെടുക്കപ്പെട്ടതെങ്കിലും ബഹു. സുപ്രീംകോടതിയുടെ 1995-ലെ വിധിയെ തുടർന്ന് ചില സാങ്കേതിക കാരണങ്ങളാൽ 1999 ഡിസംബർ 17 വരെ അഭി. തിരുമേനിയോട് ചേർന്ന് ചുമതലയിൽ ഇരിക്കുവാൻ സാധിച്ചു. ഈ കാലം സഭാ വഴക്കിന്റെ പ്രതിസന്ധികളും മറ്റും ഉണ്ടായിരുന്നെങ്കിലും മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ച കാലമായിരുന്നു. എല്ലാവരുടെയും സഹകരണത്തിൽ ചുമതലകളും ഉത്തരവാദിത്വങ്ങളും സഭയുടെ ഭാവി കാര്യങ്ങളിലേയ്ക്കുള്ള ഒരുക്കങ്ങൾ നിർവഹിക്കുവാനും ഈ കാലയളവിൽ സാധിച്ചു.

കോലഞ്ചേരി കാതോലിക്കേറ്റ് സെന്റർ

കോലഞ്ചേരി പള്ളി 1984 മുതൽ റിസീവർ ഭരണത്തിലായിരുന്നു. നമ്മുടെ ഭരണസമിതിക്കെതിരെ പാത്രിയാർക്കീസ് വിഭാഗം കൊടുത്ത O.S.19/1980 നമ്പർ കേസിൽ റിസീവറുടെ ഭരണം ഒഴിവാക്കുന്നതിന് പള്ളി കോടതിയിൽ നിന്നും 1997 ഫെബ്രുവരി 27 ന് വിധിയുണ്ടായി. 1974-ൽ മലങ്കര സഭ ഭരണഘടന പ്രകാരം പൊതുയോഗം തെരഞ്ഞെടുത്ത കമ്മിറ്റി പള്ളി ഭരണം നടത്തണമെന്നായിരുന്നു വിധി. കൈക്കാരൻമാരില്ലാത്തതിനാൽ രണ്ടു ഭാഗത്തുനിന്നും ഓരോരുത്തരെ കൈകാരന്മാരായി കമ്മിറ്റിക്കാർ യോഗം ചേർന്ന് തെരഞ്ഞെടുത്തു. കൊടിയമ്പാറ ചെറിയ പത്രോസും കെ.എസ്. വർഗീസും അപ്രകാരം കൈകാരന്മാരായി. ഭരണഘടനയ്ക്ക് വിധേയമായി പരി. കാതോലിക്കാബാവായോടും കണ്ടനാട് ഭദ്രാസനാധിപൻ അഭി. സേവേറിയോസ് തിരുമേനിയോടും വിധേയനായി പള്ളി ഭരിച്ചുകൊള്ളാം എന്ന് 9/3/1997 അവർ രേഖാമൂലം ഉറപ്പുനൽകി. റിസീവർ ഭരണകാലത്ത് താൽക്കാലികമായി പള്ളിയിൽ നിയമിതനായ ഇച്ചിക്കോട്ടിൽ ബഹു.സ്കറിയ കത്തനാരും 11/3/1997 മലങ്കര സഭ ഭരണഘടനയ്ക്ക് വിധേയമായി അഭി. തിരുമേനിയെ അനുസരിച്ച് നടന്നുകൊള്ളാമെന്ന് രേഖാമൂലം ഉറപ്പുനൽകി. കോലഞ്ചേരി പള്ളി സഹവികാരിയായി ബഹു. കോടതി നിയമിച്ച ഇച്ചിക്കോട്ടിൽ അച്ചനെ മലങ്കര സഭ ഭരണഘടന പ്രകാരം ഇടവക മെത്രാപ്പോലീത്ത അഭി.ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി കോലഞ്ചേരി പള്ളി സഹവികാരിയായി നിയമന കൽപന നൽകി.എന്നാൽ അധികം താമസിക്കാതെ കോലഞ്ചേരിയിൽ നടന്ന അന്ത്യോഖ്യവിശ്വാസ പ്രഖ്യാപന യോഗത്തിൽ ബഹു. അച്ചൻ നേതൃത്വം വഹിച്ചതിനെ തുടർന്ന് അഭി.തിരുമേനി അച്ചനോട് വിശദീകരണം ചോദിച്ചു. അതിനെ തുടർന്ന് നടപടി എടുക്കുമോ എന്ന് ഭയന്ന് പെരുമ്പാവൂർ മുൻസിഫ് കോടതിയിൽ അച്ചനും കൈക്കാരൻ കെ.എസ്. വർഗീസും വാദിയായി അഭി. സേവേറിയോസ് തിരുമേനിയ്ക്കും അഭി. അത്താനാസിയോസ് തിരുമേനിക്കും എതിരെ കേസ്

കൊടുത്തു. അഭി.അത്താനാസിയോസ് തിരുമേനി കേസിൽ വാദിക്കാൻ ശ്രമിച്ചില്ല. എന്നാൽ അഭി. സേവേറിയോസ് തിരുമേനി വക്കാലത്തിട്ട് മറുപടി നൽകി.1998 മാർച്ചിൽ കോലഞ്ചേരി പള്ളിയിൽ വൈദികരെ നിയമിക്കാനും നീക്കുവാനുള്ള അധികാരം അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായ്ക്ക് മാത്രമാണെന്ന് കോടതി വിധിച്ചു. ആയതിനെ തുടർന്ന് ഉണ്ടായ അപ്പീലുകളാണ് പല കോടതികൾ കടന്ന് 2017 ജൂലൈ 3 ന് ബഹു. സുപ്രീം കോടതി നമുക്ക് അനുകൂലമായി വിധിച്ചത്.

മുൻസിഫ് കോടതി വിധിയെ തുടർന്ന് അഭി.തിരുമേനി ഇച്ചിക്കോട്ടിൽ അച്ചനെ മണകുന്നം പള്ളിയിലേക്ക് സ്ഥലം മാറ്റുകയും ബലഹീനനായ എന്നെ കോലഞ്ചേരി പള്ളിയിൽ സഹവികാരിയായി നിയമിക്കുകയും ചെയ്തു. ഇച്ചിക്കോട്ടിൽ അച്ചനെ മാറ്റിയത് കൊണ്ട് സംഘർഷം ഉണ്ടാകുമെന്ന ചിന്തയിൽ ജില്ലാ കളക്ടറുടെ സ്വാധീനത്തിൽ മൂവാറ്റുപുഴ R.D.O 144 പ്രഖ്യാപിച്ച് 1998 ഏപ്രിൽ 18ന് പള്ളി പൂട്ടുകയും ചെയ്തു. നാലാഴ്ച കഴിഞ്ഞിട്ടും പള്ളി തുറക്കാൻ സാധിക്കാതെയും ഇടവകക്കാർക്ക് പള്ളി ആരാധനയിൽ സംബന്ധിക്കാൻ സാധിക്കാതെയിരുന്ന സാഹചര്യത്തിലും അഭി. തിരുമേനിയുടെ അനുവാദത്തോടെ നേരത്തെ കാതോലിക്കേറ്റ് സെന്ററിനായി സമ്പാദിച്ചിരുന്ന സ്ഥലത്ത് ഒരൊറ്റ രാത്രികൊണ്ട് ഒരു ഷെഡ്ഡ് കെട്ടി 1998 മെയ് 20 ന് രാവിലെ വി.കുർബാന അർപ്പിച്ചു. അന്ന് കോലഞ്ചേരി ആശുപത്രി ചാപ്ലെയിൻ ആയിരുന്ന ചോലാട്ട് ബഹു. കുര്യാക്കോസ് അച്ചന്റെയും പള്ളി വികാരി ഓടോളിൽ പൗലോസ് അച്ചന്റെയും സഹവികാരി പൂത്തുംവീട്ടിൽ എബ്രഹാം അച്ചന്റെയും വാലയിൽ എബ്രഹാം അച്ചന്റെയും സഹകരണത്തിൽ ഞങ്ങൾ പള്ളി പണി ആരംഭിച്ചു . ഇടവകക്കാർ ചോദിക്കാതെ തന്നെ സാമ്പത്തികമായും ശാരീരികമായും സഹകരിച്ചു. നിവൃത്തിയില്ലാതെ വന്നപ്പോൾ ഒരാളോട് മാത്രമാണ് കടം ചോദിക്കുവാൻ പോയുള്ളൂ. അദ്ദേഹം ഞാൻ ചോദിച്ചത് അപ്പോൾ തന്നെ തന്നു."അച്ചന്മാർ തുടങ്ങിയ കാര്യം മുടങ്ങി പോകരുത്" എന്ന് അദ്ദേഹം പറഞ്ഞു. പിന്നീടും ധാരാളമായി സഹായിച്ചു.കടമായി ഒരു ലക്ഷം രൂപ തന്നു.കണക്ക് എഴുതിയപ്പോൾ എന്റെ പേരിൽ മുഴുവൻ തുകയും എഴുതേണ്ട കുടുംബംഗങ്ങളുടെ പേരിൽ കുറേശെ എഴുതി എല്ലാവരുടെയും സഹകരണം ഉറപ്പിച്ചതും നന്ദിയോടെ ഓർക്കുന്നു. ഇന്നും ആ സഹകരണം തുടരുന്നു എന്നത് കോലഞ്ചേരി പള്ളിയുടെ ഒരു ഭാഗ്യമായി കണക്കാക്കുന്നു.1998 ജൂലൈ 5 ന് കുന്നംകുളം ഭദ്രാസനാധിപൻ അഭി. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി (പിന്നീട് പൗരസ്ത്യ കാതോലിക്ക) ചാപ്പൽ കൂദാശ ചെയ്തു. "ആരാധന ഇല്ലാത്ത സമൂഹം നശിച്ചുപോകും" എന്ന് കാലം ചെയ്ത മാർ പക്കോമിയോസ് തിരുമേനിയുടെ ചിന്തയാണ്, ഈ ഉദ്യമത്തിലേക്ക് ഞങ്ങളെ പ്രേരിപ്പിച്ചത്. ഇന്ന് കാണുന്ന കോലഞ്ചേരി പള്ളിയിലെ ആരാധന സമൂഹം ചിതറി പോകാതെ, അനാഥമായി പോകാതെ ഒരു കുടക്കീഴിൽ സംരക്ഷിക്കുവാൻ കോലഞ്ചേരി കാതോലിക്കേറ്റ് സെന്റർ മൂലം സാധിച്ചു എന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു.

പ്രശാന്തി ഭവൻ

മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ രണ്ടാമത്തെ സ്ഥാപനമാണ് പ്രശാന്തി ഭവൻ.നെച്ചൂപ്പാടത്ത് ശ്രീ. കെ.പി. പൗലോസ് ചേട്ടന്റെ സ്ഥലം മകൻ ജോയി അര ഏക്കർ പ്രശാന്തി ഭവൻ ആരംഭിക്കുന്നതിന് ദാനമായി നൽകി. ബാക്കി അഭി. തിരുമനസ്സുകൊണ്ട് വിലകൊടുത്ത് വാങ്ങി, കെട്ടിടം പണിയുന്നതിനുള്ള ചുമതല എനിക്ക് നൽകുകും ചെയ്തു. 1997 ജനുവരി 12 ന് കണ്ടനാട് ഭദ്രാസന ദിനം നടത്തി കെട്ടിടത്തിന്റെ അടിസ്ഥാനശില ഇട്ടു. 2003 മാർച്ച് 2ന് സ്ഥാപനം കൂദാശ ചെയ്ത് സഭയ്ക്ക് സമർപ്പിച്ചു. കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ സ്മരണാർത്ഥമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. ആരംഭം മുതൽ ഇതുവരെയും പ്രശാന്തിഭവന്റെ ചുമതല നിർവഹിച്ചു വരുന്നു.

പ്രത്യാശ ഭവൻ

അഭി. സേവറിയോസ് തിരുമേനിയുടെ ഒരു സ്വപ്ന പദ്ധതിയായിരുന്നു പ്രത്യാശ ഭവൻ. വടക്കൻ പിറമാടത്ത് അനുയോജ്യമായ ഒരു സ്ഥലത്ത് താൽകാലിമായി പ്രവർത്തനമാരംഭിച്ചു എങ്കിലും തെക്കൻ പിറമാടത്ത് ഒരു സ്ഥലം വാങ്ങുകയും ആയതിൽ ഉണ്ടായിരുന്ന കെട്ടിടത്തിൽ 1999 ജനുവരിയിൽ മാർ ഔഗേൻ അശ്രമം ആരംഭിക്കുകയും ആ കൊല്ലം ജനുവരി 10 ന് ഭദ്രാസന ദിനം അവിടെവച്ച് നടത്തി പ്രത്യാശ ഭവന് തറക്കല്ലിട്ട് പണികൾ ആരംഭിക്കുകയും ചെയ്തു.

പ്രതിഭ ചാരിറ്റബിൾ ട്രസ്റ്റ്

2007 ഓഗസ്റ്റ് നാലിന് അഭി. സേവേറിയോസ് തിരുമേനി 61/2007 നമ്പർ കൽപ്പന പ്രകാരം എന്നെ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയിലെ സ്ഥാപനങ്ങളായ പ്രതീക്ഷ, പ്രശാന്തി, പ്രത്യാശ, പ്രമോദം, പ്രതിഭ മുതലായ പ്രസ്ഥാനങ്ങളുടെ മേൽനോട്ടത്തിന് ചുമതലപ്പെടുത്തി. ഏതാനും മാസങ്ങൾ എല്ലാ സ്ഥാപനങ്ങളുടെയും ചുമതല ഒറ്റയ്ക്ക് നിർവഹിച്ചു. പല സ്ഥാപനങ്ങളുടെ ചുമതല ഒരുമിച്ചു വഹിക്കുവാൻ പ്രയാസമായതിനാൽ ഒന്നോ രണ്ടോ സ്ഥാപനങ്ങളുടെ ചുമതല ഏൽപ്പിക്കണമെന്ന് തിരുമേനിയോട് അപേക്ഷിച്ചു. അതിനെ തുടർന്ന് 18/2008 നമ്പർ കൽപ്പന പ്രകാരം നിലവിലുള്ള പ്രശാന്തിയുടെ ചുമതലയോടൊപ്പം പ്രതിഭയുടെ ചുമതലയും ഏറ്റെടുക്കാൻ കൽപ്പിച്ചു. 2008 മാർച്ച് 4 മുതൽ പ്രതിഭയുടെ പൂർണ്ണചുമതല ഏറ്റെടുത്തു. ഈ സ്ഥാപനം പുരോഗമിക്കണമെങ്കിൽ വിവിധ പൊടികൾ സ്വന്തമായി പൊടിച്ച് പാക്ക് ചെയ്യണമെന്ന് ആഗ്രഹത്തിൽ നെല്ലാട് കിൻഫ്രായിൽ 20 സെന്റ് സ്ഥലം വാങ്ങി 2012 നവംബറിൽ പ്രതിഭ പൂർണതോതിൽ പ്രവർത്തനം ആരംഭിച്ചു. പലവിധ ആരോഗ്യ പ്രശ്നങ്ങളാൽ അഭി. തിരുമേനിയുടെ അനുവാദത്തോടെ 2016 ഒക്ടോബറിൽ പ്രതിഭയുടെ ചുമതയിൽ നിന്ന് മാറി.

കണ്ടനാട് ഭദ്രാസനം ഏറെ പ്രതിസന്ധികളിലൂടെ കടന്നു പോയിക്കൊണ്ടിരുന്ന കാലഘട്ടത്തിൽ ഭാഗ്യസ്മരണാർഹനായ മാർ പക്കോമിയോസ് തിരുമേനിയോടും അഭി.സേവേറിയോസ് തിരുമേനിയോടും ചേർന്ന് പ്രവർത്തിക്കുവാൻ ദൈവം ഇടയാക്കിയത് നന്ദിയോടെ ഓർക്കുന്നു. പരി.സഭക്ക് വേണ്ടി പണിയെടുക്കുവാൻ മുന്നോട്ടു വരണമെന്ന അഭ്യർത്ഥന മാത്രമാണ് എനിക്ക് നിങ്ങളെ ഓർമിപ്പിക്കുവാനായിട്ടുള്ളത്. ശതോത്തര കനക ജൂബിലി ആഘോഷിക്കുന്ന കണ്ടനാട് ഭദ്രാസനത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

ഓർമ്മകളുടെ ചെപ്പ്

മലങ്കരമൽപ്പാൻ ഡോ. ജോൺസ്
കോനാട്ട് റീശ് കോറെപ്പിസ്ക്കോപ്പ
(മുൻ കണ്ടനാട് ഭദ്രാസനം സെക്രട്ടറി, 2000 - 2005)

കണ്ടനാട് ഭദ്രാസനത്തിന്റെ 150 വർഷത്തെ ചരിത്രത്തിലെ വളരെ ചെറിയ ഒരു കാലത്തെ ഭദ്രാസന സെക്രട്ടറിയായി സേവനം ചെയ്യുവാൻ നിയോഗിക്കപ്പെട്ട ഒരാൾ എന്ന നിലയിൽ ഒരു ഓർമ്മക്കുറിപ്പ് എഴുതുവാൻ മുതിരുകയാണ്. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ അഞ്ചു വർഷക്കാലം ഭദ്രാസനത്തെ സേവിക്കുവാൻ നിയമിതനായ വ്യക്തിയാണ് ഞാൻ. എന്റെ പിതാവ് കോനാട്ട് അബ്രഹാം മൽപ്പാനും അഭിവന്ദ്യരായ ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്തായുടെയും (പിന്നീട് ഔഗേൻ പ്രഥമൻ കാതോ ലിക്കാ ബാവാ) പൗലോസ് മാർ പീലക്സീനോസ് മെത്രാപ്പോലിത്തായുടെയും കാലത്ത് ഭദ്രാസന സെക്രട്ടറി ആയിരുന്നു എന്നതും ഓർത്തുപോവുകയാണ്. ആ കാലത്തെ സംബന്ധിക്കുന്ന ഓർമ്മകളൊന്നും എന്റെ മനസിലില്ല, കാരണം അന്ന് ഞാൻ നന്നേ ചെറുപ്പമായിരുന്നു. അന്നൊക്കെ ഭദ്രാസനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നയിക്കുക എന്നതുമാത്രമായിരുന്നിരിക്കണം സെക്രട്ടറിയുടെയും മറ്റും ചുമതല. ഇന്നത്തെപ്പോലെ വർഷംതോറും വലിയ ആഘോഷങ്ങൾ സംഘടിപ്പിക്കുകയോ, പദ്ധതികൾ നടപ്പാക്കുകയോ ഒന്നും ചെയ്യുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടായിരുന്നിരിക്കില്ല.

2000 മുതൽ 2005 വരെയുള്ള കാലഘട്ടത്തെക്കുറിച്ച് ഓർമ്മയിൽ വരുന്ന ചില കാര്യങ്ങൾ മാത്രം രേഖപ്പെടുത്തുവാനാണ് ആഗ്രഹിക്കുന്നത്, അഞ്ചുവർഷത്തെ ചരിത്രം എഴുതുവാനല്ല. എല്ലാ കാര്യങ്ങളും സമഗ്രമായി പ്രതിപാദിക്കുന്ന ഒരു ലേഖനമായി ഇതിനെ ആരും കരുതരെന്ന് ആദ്യമേ സൂചിപ്പിച്ചുകൊള്ളട്ടെ. ചിലകാര്യങ്ങൾ മറന്നുപോയിട്ടുണ്ടാകാം. അതൊന്നും മനപൂർവ്വമല്ല എന്നു മനസിലാക്കി അതിനൊന്നും ആരും എന്നെ കുറ്റപ്പെടുത്തരുതേ എന്ന അപേക്ഷയോടെ ആരംഭിക്കട്ടെ.

ആ കാലഘട്ടത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ എന്റെ മനസിൽ ഓടിവരുന്നത് അഭി. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ (ഇപ്പോൾ പരി. മാത്യൂസ് തൃതീയൻ കാതോലിക്കാബാവാ) നേതൃത്വത്തിൽ ഒറ്റക്കെട്ടായി പ്രവർത്തിച്ചിരുന്ന വൈദികരുടെയും അത്മായക്കാരുടെയും ഒരു കൂട്ടമായിരുന്നു കണ്ടനാട് ഭദ്രാസനം - ഇന്നും ആ അവസ്ഥയ്ക്ക് ഗണ്യമായ മാറ്റമൊന്നും വന്നിട്ടില്ല എന്നത് സന്തോഷമൂർവം ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. പരി. കാതോലിക്കാബാവാ തിരുമേനി ഭദ്രാസനത്തിന്റെ സാരഥ്യം ഏറ്റെടുത്ത നാൾമുതൽ ഭദ്രാസനം വികസന പാതയിൽ ബഹുദൂരം പിന്നിട്ടുകൊണ്ടിരിക്കയാണ് എന്നു പ്രത്യേകം പറയാതെതന്നെ എല്ലാവർക്കും അറിയാം. ഓരോവർഷവും ആഘോഷിച്ചിരുന്ന ഭദ്രാസനദിനം കൂടുതൽ പ്രവർത്തിക്കുന്നതിനുള്ള ഊർജ്ജം പകർന്നുകൊണ്ടിരുന്നു. ഭദ്രാസനത്തിന്റെ വിവിധഭാഗങ്ങളിൽ വച്ച് ഭദ്രാസനദിനം ആഘോഷിക്കുക എന്നതും ആ ഭദ്രാസനദിനത്തിൽ ശേഖരിക്കുന്ന വികസന ഫണ്ട് ഓരോ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുക എന്നതും ഒരു പതിവായിത്തീർന്നിരുന്നു. 2001 ൽ ഭദ്രാസന ദിനത്തിൽ ശേഖരിച്ച ഫണ്ടിൽ നിന്ന് ഗണ്യമായ ഒരു തുക ഗുജറാത്ത് ഭൂകമ്പ ദുരിദാശ്വാസ ഫണ്ടിലേക്ക് ദാനം ചെയ്തു. ഓരോ വർഷവും ഏതെങ്കിലും ഒരു പദ്ധതിക്കു തറക്കല്ലിടുകയോ, കല്ലിട്ട പദ്ധതികളുടെ ഉദ്ഘാടനം നിർവഹിക്കുകയോ ചെയ്തുകൊണ്ടിരുന്നു. അഭിവന്ദ്യ തിരുമേനി നമ്മെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ബാലപാഠങ്ങൾ പഠിപ്പിക്കയായിരുന്നു. ഓരോ പദ്ധതിയും വിഭാവനം ചെയ്യുന്നതും, നടപ്പാക്കുന്നതും അതിനുള്ള സ്രോതസ് കണ്ടുപിടിക്കുന്നതും എല്ലാം തിരുമേനി തന്നെയായിരുന്നു. വൈദികരുടെയും, അത്മായരുടെയും സഹകരണം ഉണ്ടായിരുന്നു എന്നു മാത്രം. എന്നാൽ തിരുമേനി എപ്പോഴും പരസ്യമായി പറഞ്ഞിരുന്നത് ഇത് ഭദ്രാസനത്തിലെ വൈദികരുടെയും അവൈദികരുടെയും ഉത്സാഹംകൊണ്ടു നടപ്പായ പദ്ധികൾ എന്നാണ്.

2000 ൽ കുന്നയ്ക്കാലിൽ ബഹു. എൻ. ഐ. പൗലോസച്ചൻ ദാനമായി നൽകിയ സ്ഥലത്ത് പ്രതിഭ എന്ന പേരിൽ ഒരു തൊഴിൽ പരിശീലന കേന്ദ്രം സ്ഥാപിച്ചത് പിന്നീട് പ്രതിഭ ചാരിറ്റബിൾ ട്രസ്റ്റായും, മറ്റു ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം പ്രദാനം ചെയ്യുന്ന സ്രോതസായും മാറുകയായിരുന്നല്ലോ. 2001 ൽ പാമ്പാക്കുട സെ. തോമസ് ചെറിയപള്ളിയിൽ വച്ച് പരി. മുറിമറ്റത്തിൽ ബാവായുടെ സ്മാരക മന്ദിരത്തിന്റെ കുദാശയും ഉദ്ഘാടനവും നടന്നു. 2002ൽ പിറവം കോതോലിക്കേറ്റ്

സെന്റർനോട് അനുബന്ധിച്ച് പണി കഴിച്ചിരുന്ന പിറവം സൺഡേസ്ക്കൂൾ ജൂബിലി സ്മാരക മന്ദിരത്തിന്റെ ഉദ്ഘാടനവും കൂദാശയും നടത്തിയതിനോടൊപ്പം ഭദ്രാസനം രൂപീകൃതമായതിന്റെ 125-ാം വാർഷിക (പഞ്ചരജതജൂബിലി) ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയുമുണ്ടായി. ഒരു വർഷം നീണ്ടുനിൽക്കുന്ന വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്ത് 125 അംഗ കമ്മറ്റിയെ ജൂബിലി നടത്തിപ്പിന്റെ ചുമതല ഏൽപ്പിച്ചിരുന്നു.



ഭദ്രാസനത്തിന്റെ ചരിത്രവും മറ്റും ഉൾക്കൊള്ളുന്ന സ്മരണിക പ്രസിദ്ധീകരണം, സഭയുടെ വളർച്ചയെ സംബന്ധിക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കുൽ, ആവശ്യക്കാരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ വിതരണം ചെയ്യുന്ന ഗുഡ് സമാരിറ്റൻ സെന്റർ എന്ന ജീവകാരുണ്യ പദ്ധതികളുടെ ആരംഭം എന്നിവയെല്ലാം പൂർത്തീകരിച്ച് ജൂബിലി സമാപന സമ്മേളനം 2003 മാർച്ച് മാസത്തിൽ കടയിരുപ്പിൽ വച്ചു നടന്ന ഭദ്രാസന ദിനത്തോടനുബന്ധിച്ച് ആഘോഷിച്ചു. 2003 ഡിസംബർ മാസത്തിൽ അടുത്ത ഭദ്രാസന ദിനവും ആഘോഷിക്കപ്പെട്ടു. പാമ്പാക്കുട പ്രത്യാശഭവന്റെ അങ്കണത്തിൽ പണിതീർത്തകെട്ടിടത്തിന്റെ കൂദാശയും ഉദ്ഘടനവുമാണ് അതോടൊപ്പം നടന്നത്.

ഇങ്ങനെ ഓരോ വർഷത്തെയും ഭദ്രാസന ദിനത്തോടനുബന്ധിച്ച് ഓരോ പദ്ധതികൾ സംജാതമായിക്കൊണ്ടിരുന്ന ഒരു കാലമായിരുന്നു അത്. ജീവകാരുണ്യപദ്ധതികൾ കൂടാതെ, കീർത്തനം സ്ക്കൂൾ ഓഫ് മ്യൂസിക്ക്, മുറിമറ്റത്തിൽ ബാവ സ്മാരക ഫൗണ്ടേഷൻ ആദിയായവയും ഈ കാലത്ത് പ്രവർത്തനം ആരംഭിച്ചിരുന്നു. സഭയുടെ ആരാധന സംഗീതം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആരംഭിച്ച സ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിന്റെ ശാഖ എന്ന നിലയിലാണ് കീർത്തനം ആരംഭിച്ചത്. പാമ്പാക്കുട ത്രീസായ് ശുബ്ഹോ സെന്ററിൽ നടന്നിരുന്ന പാട്ടുപഠനം പിന്നീട് ഫണ്ടുകളും മറ്റും ഒന്നും ലഭിക്കാത്ത സ്ഥിതിയിൽ പഠിതാക്കളുടെ എണ്ണം കുറഞ്ഞ് ക്രമേണ നിലച്ചുപോയി. മുറിമറ്റത്തിൽ ബാവായുടെ സ്മരണ നിലനിർത്തുന്നതിനായി, സമൂഹത്തിനും സഭയ്ക്കും അതുല്യമായ സംഭവനകൾ നൽകിയിട്ടുള്ള വ്യക്തികളെ ആദരിക്കുന്നതിന് അവാർഡ് നൽകുക എന്നതായിരുന്ന ബാവായുടെ പേരിൽ ആരംഭിച്ച ഫൗണ്ടേഷന്റെ ലക്ഷ്യം. 2004 മേയ് 2 ന് ആദ്യത്തെ അവാർഡ്, മലപ്പുറം, തിരൂരങ്ങാടി സ്വദേശി ശ്രീമതി കെ. ബി. റാബിയായ്ക്ക് നൽകിയതായി ഓർമ്മിക്കുന്നു. അതിന്റെ ഫണ്ട് സ്വരൂപിക്കുന്നതിനായി കുപ്പണുകൾ വിൽപന നടത്തുകയും ലഭിച്ച തുക സ്ഥിരനിക്ഷേപമാക്കുകയും മറ്റും ചെയ്തിരുന്നു. പ്രദീപ്തി എന്ന പേരിൽ ഒരു ത്രൈമാസികയും ആ കാലത്ത് ആരംഭിക്കാനായി. ഇടക്കാലത്ത് അതിന്റെ പ്രവർത്തനങ്ങൾ നിലച്ചു പോയിരുന്നു എങ്കിലും ഇപ്പോൾ അതു വീണ്ടും പ്രവർത്തനക്ഷമമായി കാണുന്നതിൽ അങ്ങേയറ്റം സന്തോഷിക്കുന്നു.

കേസുകളുടെയും വഴക്കുകളുടെയും നടുവിൽ ഇത്രയും വികസനപ്രവർത്തനങ്ങൾ നടത്തുവാൻ ശക്തി നൽകിയ ദൈവത്തെ സ്തുതിക്കുന്നു. 2002 ലെ സുപ്രീം കോടതിവിധിക്കുശേഷം ഭദ്രാസനത്തെ ഇസ്റ്റെന്നും, വെസ്റ്റെന്നും രണ്ടായി വിഭജിക്കേണ്ടതായും വന്നു. അനേകം ചർച്ചകൾക്കുശേഷം വേദനാജനകമായ വിഭജനം പ്രഖ്യാപിക്കപ്പെട്ടു. സഭയുടെ നന്മയെപ്രതി ആണെന്നുള്ള യാഥാർഥ്യം ഓർത്ത് ആ വേദനയ്ക്ക് നിവാരണം കണ്ടെത്താൻ സാധിക്കുന്നു.

കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലിക്ക് ഹൃദയം നിറഞ്ഞ പ്രാർത്ഥനാശംസകൾ

ശ്രീ.കെ.ഐ.പൗലോസ് കുന്നേൽ
(മലങ്കര സഭ മാനേജിങ് കമ്മിറ്റി അംഗം,
സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി
കുന്നയ്ക്കാൽ വെസ്റ്റ്)

ശ്രീ ഗ്ലാഡ്സൺ കെ.ചാക്കോ കുഴുവേലിൽ
(കണ്ടനാട് വെസ്റ്റ് ഭദ്രാസന കൗൺസിൽ അംഗം,സെന്റ് പീറ്റേഴ്സ്
& സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളി പുത്തൻകുരിശ്)

പ്രതിസന്ധികാലങ്ങളിൽ സഭയായിത്തീർന്ന ഭദ്രാസനം

റവ.ഫാ. ജേക്കബ് കുര്യൻ ചെമ്മനം
(മുൻ ഭദ്രാസന സെക്രട്ടറി 2010 - 2016)

2017 ജൂലൈ 3ന് മലങ്കര ഓർത്തഡോക്സ് സഭയുടെ ചരിത്രത്തിൽ ദീർഘകാല പ്രാധാന്യമുള്ള ഒരു നിർണ്ണായക ദിനമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. സഭയുടെ ഭരണഘടനാപരമായ അസ്തിത്വത്തെയും സ്വയംഭരണാവകാശത്തെയും സംബന്ധിച്ചുണ്ടായിരുന്ന ദീർഘനാളത്തെ നിയമ വിവാദങ്ങൾക്കൊടുവിൽ, ഭാരതത്തിന്റെ പരമോന്നത നീതിപീഠം പ്രസ്താവിച്ച വിധി, മലങ്കര സഭയുടെ പാരമ്പര്യാധിഷ്ഠിതമായ ഭരണക്രമവും ആത്മീയ സ്വാതന്ത്ര്യവും ഒരിക്കൽ കൂടി വ്യക്തമായും ദൃഢമായും സ്ഥിരീകരിച്ച ഒരു ചരിത്രസംഭവമായി മാറിയതാണ് ഈ വിധി. ഒരു നിയമപരമായ തീർപ്പുമാത്രമല്ല, മറിച്ച് തലമുറകളിലൂടെ കൈമാറിവന്ന വിശ്വാസ പാരമ്പര്യത്തിന്റെയും സഭാ ഐക്യത്തിന്റെയും ഔദ്യോഗിക അംഗീകാരമായിരുന്നു. ഈ വിശാലമായ ചരിത്രപശ്ചാത്തലത്തിൽ, 150 വർഷങ്ങൾ പിന്നിട്ട കണ്ടനാട് ഭദ്രാസനം മലങ്കര സഭയുടെ ആത്മീയ ഭരണപരമായ വളർച്ചയിൽ നിർണായക പങ്കുവഹിച്ച ഘടകമായി നിലകൊള്ളുന്നു. രൂപീകരണകാലം മുതൽ തന്നെ ദൈവജനത്തിന്റെ ആത്മീയ പരിപാലനവും സഭയുടെ ഭരണ സംവിധാനവും ലക്ഷ്യമാക്കി സ്ഥാപിതമായ ഈ ഭദ്രാസനം, കാല ഘട്ടങ്ങളുടെ മാറ്റങ്ങൾക്കും സാമൂഹിക സാംസ്കാരിക വ്യതിയാനങ്ങൾക്കും ഒപ്പം, ദൈവിക ദൗത്യബോധത്തോടെ മുന്നേറി വന്ന ഒരു ചരിത്രത്തിന്റെ സാക്ഷിയാണ്.

ഒരു ഭദ്രാസനത്തിന്റെ സ്ഥാപനം, വെറും ഭരണപരമായ വിഭജനമല്ല; മറിച്ച്. സഭയുടെ ഭാവിയെ ലക്ഷ്യമാക്കിയുള്ള ആത്മീയ ഉത്തരവാദിത്വത്തിന്റെ പ്രകടനമായിരുന്നു.കണ്ടനാട് ഭദ്രാസനത്തിന്റെ 150 വർഷത്തെ ചരിത്രയാത്ര പരിശോധിക്കുമ്പോൾ, സഭാജീവിതത്തെ രൂപപ്പെടുത്തിയ അനവധി സംഭവങ്ങളും വെല്ലുവിളികളും ദൈവകൃപയുടെ അനുഭവങ്ങളും സമ്പുഷ്ടമായി നമുക്ക് കാണാൻ സാധിക്കുന്നു. വിശ്വാസ സംരക്ഷണത്തിനായുള്ള നിലപാടുകൾ, സഭയുടെ അവകാശങ്ങൾ ഉറപ്പിക്കപ്പെട്ട ഘട്ടങ്ങൾ, ആത്മീയ നവോത്ഥാനത്തിന് വഴിതെളിച്ച പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ - സാമൂഹിക മേഖലകളിലേക്കുള്ള സഭയുടെ സജീവമായ ഇടപെടലുകൾ ഇവയെല്ലാം ഈ ഭദ്രാസനത്തിന്റെ വളർച്ചയുടെ അവിഭാജ്യഘടകങ്ങളാണ്. പ്രതിസന്ധികളാൽ തളരാതെ, അവയെ ആത്മീയ ശക്തിയാക്കി മാറ്റിക്കൊണ്ട് മുന്നേറാൻ കഴിഞ്ഞതെന്നതാണ് ഈ ചരിത്രത്തിന്റെ സവിശേഷത.

ഈ ചരിത്രവളർച്ചയുടെ നിർണ്ണായക ഘട്ടങ്ങളിലൊന്നായി, കണ്ടനാട് ഭദ്രാസനം ജീവകാരുണ്യ മേഖലകളിലേക്ക് ശക്തമായും സുസ്ഥിരമായും കടന്നുവരുന്നതിനെ പ്രത്യേകം രേഖപ്പെടുത്തേണ്ടതുണ്ട്. ഇന്ന് 17 ജീവകാരുണ്യ പ്രസ്ഥാനങ്ങൾ കണ്ടനാട് ഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നതെന്ന യാഥാർത്ഥ്യം,ഈഭദ്രാസനം ആത്മീയശുശ്രൂഷയ്ക്കൊപ്പം സാമൂഹിക ഉത്തരവാദിത്വവും സമർപ്പിതമായി ഏറ്റെടുത്തുവെന്നതിന്റെ വ്യക്തമായ തെളിവാണ് പ്രത്യേകിച്ച്, സഭയും സമൂഹവും ഏറ്റവും കൂടുതൽ പ്രതിസന്ധികൾ നേരിട്ട നാളുകളിൽ, ഈ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ പാർശ്വവൽക്കരിക്കപ്പെട്ടവരെയും അവശത അനുഭവിക്കുന്നവരെയും ചേർത്തുനിർത്താൻ ഈ ഭദ്രാസനം നിർണായക പങ്കുവഹിച്ചു.

വിശപ്പും ദുഃഖവും രോഗവും ഒറ്റപ്പെടലും അനുഭവിക്കുന്ന മനുഷ്യരുടെ ജീവിതാവസ്ഥകളിൽ, സഭയുടെ കരുണയും സഹാനുഭൂതിയും ദൃശ്യമായ രീതിയിൽ പ്രകടമാക്കുന്നതായിരുന്നു ഈ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ മർമ്മം. ഇത് സാമൂഹിക സേവനമെന്ന പരിധിയിൽ ഒതുങ്ങുന്ന ഒന്നല്ല; മറിച്ച്, സുവിശേഷത്തിന്റെ ജീവനുള്ള സാക്ഷ്യമായി സമൂഹമധ്യേ സഭയെ സാന്നിധ്യമാക്കുന്ന ദൗത്യപ്രവർത്തനമായിരുന്നു. പ്രത്യേകിച്ച്, ഇപ്പോഴത്തെ പരിശുദ്ധ കാതോലിക്കാ ബാവായുടെ ദർശനപരവും കരുണാപൂർണ്ണവുമായ നേതൃത്വത്തിൽ, കണ്ടനാട് ഭദ്രാസനം ജീവകാരുണ്യ മേഖലയിൽ സജീവവും ഫലപ്രദവുമായ പങ്കുവഹിച്ചുവ

രുന്നതായി ഈ 150 വർഷത്തെ ചരിത്രരേഖയിൽ നിർബന്ധമായും ചേർത്തുവെക്കേണ്ടതാണ്.

ഒരു വൈദികനെന്ന നിലയിൽ, കഴിഞ്ഞ 33 വർഷങ്ങളായി സഭാജീവിതത്തോട് ചേർന്ന് നിന്നുകൊണ്ട് ഞാൻ കണ്ടതും അനുഭവിച്ചതും ഒരേയൊരു സത്യത്തെ ദൃഢമായി ഉറപ്പിക്കുന്നു, മലങ്കര ഓർത്തഡോക്സ് സഭ നിലനിൽക്കുന്നത് നിയമവിധികളാൽ മാത്രമല്ല, മറിച്ച് വിശ്വാസികളായ ദൈവജനത്തിന്റെ പ്രാർത്ഥനയാലും ഐക്യബോധത്താലുമാണ്. രണ്ടായിരത്തി പതിനേഴ് ജൂലൈ മൂന്നിലെ സുപ്രീം കോടതി വിധി, ഈ ആത്മീയ സത്യത്തെ നിയമപരമായി സ്ഥിരീകരിച്ചതായി മാറി. ഈ പുരാതനമായ ഈ ഭദ്രാസനത്തിന്റെ സെക്രട്ടറിയായി 2011- 2016 കാലയളവുകളിൽ പ്രവർത്തിക്കുവാൻ സാധിച്ചത് വലിയ ഭാഗ്യമായി കരുതുകയാണ്. ഈ കാലയളവുകളിൽ അനേകം പ്രതിസന്ധികളുടെയും പ്രയാസങ്ങളുടെയും നൊമ്പരങ്ങളുടെയും മധ്യത്തിൽ അഭി. തിരുമേനിയുടെ നേതൃത്വത്തിൽ വേറിട്ട ഭദ്രാസന ദിനാഘോഷങ്ങളും കുടുംബ സംഗമവും വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ ഊർജ്ജസ്വലമായ മുന്നേറ്റവും അഭി. തിരുമേനിയുടെ ഷഷ്ടിപൂർത്തി ആഘോഷങ്ങളും മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റിയുടെ കീഴിൽ വിവിധങ്ങളായിരിക്കുന്ന പുതിയ പദ്ധതികളും സഭാ സ്വാതന്ത്ര്യത്തിന് വേണ്ടി പുണ്യ പിതാക്കൻമാരുടെ രണ്ടാം ഉപവാസസമരവും അഭി. തിരുമേനിയുടെ സ്വപ്ന പദ്ധതിയായിരുന്ന കോലഞ്ചേരി പ്രസാദം സെന്റർ പടുത്തുയർത്തുവാനും സാധിച്ചത് വന്ദ്യവൈദീകരുടെയും വിശ്വാസ സമൂഹത്തിന്റെയും പരിപൂർണ്ണ സഹകരണത്തിൽ ചെയ്യുവാൻ സാധിച്ചത് ഒരു അനുഗ്രഹമായി കണക്കാക്കുന്നു.

150 വർഷങ്ങൾ പിന്നിട്ട കണ്ടനാട് ഭദ്രാസനത്തിന്റെ ദൗത്യ ചരിത്രവും, ഈ വിധിയിലൂടെ ഉറപ്പിക്കപ്പെട്ട മലങ്കര സഭയുടെ അസ്തിത്വവും, ഒരേ ദൈവിക നയത്തിന്റെ വിവിധ മുഖങ്ങളായി നാം കാണേണ്ടതാണ്. പാരമ്പര്യത്തെ സംരക്ഷിച്ചുകൊണ്ടും. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുവിന്റെ സ്നേഹത്തെ സമൂഹത്തിലേക്ക് പകർന്നുകൊണ്ടും, കണ്ടനാട് ഭദ്രാസനം അതിൻറെ ദൗത്യം വിശ്വസ്തതയോടെയും ആത്മീയ ഉത്തരവാദിത്വത്തോടെയും തുടരുകയാണ്.

ഈ 150 വർഷത്തെ ചരിത്രം, വെറും ഓർമ്മപ്പെടുത്തലായി മാത്രം കാണപ്പെടേണ്ടതല്ല മറിച്ച്, മുന്നോട്ടുള്ള സഭായാത്രയ്ക്ക് ദിശനൽകുന്ന ഒരു ആത്മീയ പൈതൃകവും ദൗത്യവിളിയും ആകുന്നു.

ആരോഗ്യവിചാരം

ONE HEALTH

ഡോ. സഫ്ന ഐസക്ക് മട്ടന്മേൽ
കാനായിക്കോട് സെന്റ്.മേരീസ് പള്ളി

സൃഷ്ടിജാലങ്ങളുടെ സുരക്ഷ: ഏകാരോഗ്യം

ദൈവിക ദർശനം എന്നത് ഭൂമിയിലുള്ള സകല ചരാചരങ്ങളെയും സ്നേഹിക്കാനും സംരക്ഷിക്കാനുമാണ് ദൈവം മനുഷ്യനോട് ആഹ്വാനം ചെയ്തിട്ടുള്ളത്. ഈ വലിയ ഉത്തരവാദിത്തത്തിന്റെ ആധുനിക നാമമാണ് 'ഏകാരോഗ്യം' (One Health). മനുഷ്യനും മൃഗങ്ങളും പ്രകൃതിയും ഒരേ പ്രാണനാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന തിരിച്ചറിവാണിത്.

1. പ്രകൃതിയുടെ താളം മനുഷ്യന്റെ ആരോഗ്യം

ദൈവം മനോഹരമായി ഒരുക്കിയ ഈ പ്രകൃതിയിൽ മനുഷ്യൻ ഒരു കണ്ണി മാത്രമാണ്. കാടുകളും പുഴകളും മലിനമാക്കപ്പെടുമ്പോൾ, അത് പ്രകൃതിയുടെ സമനില തെറ്റിക്കുന്നു. വന്യജീവികളുടെ ആവാസവ്യവസ്ഥ തകരുന്നത് നിപ്പ, കോവിഡ് തുടങ്ങിയ മഹാമാരികൾ മനുഷ്യരിലേക്ക് എത്താൻ കാരണമാകുന്നു. പ്രകൃതിയെ സംരക്ഷിക്കുന്നത് നമ്മുടെ സ്വന്തം ജീവനെ സംരക്ഷിക്കുന്നതിന് തുല്യമാണെന്ന് വിശുദ്ധ ഗ്രന്ഥങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു.

2. സഹജീവികളോടുള്ള കരുണ

നമ്മുടെ വീടുകളിലെ വളർത്തുമൃഗങ്ങളും ചുറ്റുമുള്ള പക്ഷികളും ആരോഗ്യത്തോടെ ഇരിക്കേണ്ടത് മനുഷ്യന്റെ ആരോഗ്യത്തിന് അത്യന്താപേക്ഷിതമാണ്. മൃഗങ്ങളിൽ കാണപ്പെടുന്ന രോഗങ്ങൾ മനുഷ്യരിലേക്ക് പകരാതിരിക്കാൻ അവയ്ക്ക് ശരിയായ പരിചരണവും വാക്സിനേഷനും നൽകണം. സഹജീവികളോട് കാരുണ്യം കാണിക്കുക എന്നത് ഒരു പുണ്യപ്രവൃത്തി കൂടിയാണ്.

3. ഉത്തരവാദിത്തമുള്ള ജീവിതശൈലി

മണ്ണ്, വായു, വെള്ളം എന്നിവ മലിനമാക്കാതിരിക്കുക എന്നത് ഒരു ആരാധന പോലെ നാം കാണണം. ആന്റിബയോട്ടിക്കുകളുടെ അമിതമായ ഉപയോഗം നമ്മുടെ പ്രതിരോധശേഷിയെ നശിപ്പിക്കുന്നു. 'ഏകാരോഗ്യം' എന്ന ആശയത്തിലൂടെ ആരോഗ്യ വകുപ്പും മൃഗസംരക്ഷണ വകുപ്പും പരിസ്ഥിതി പ്രവർത്തകരും കൈകോർക്കുമ്പോൾ, അത് ദൈവത്തിന്റെ സൃഷ്ടിയെ പരിപാലിക്കാനുള്ള മഹത്തായ കൂട്ടായ്മയായി മാറുന്നു.

ഉപസംഹാരം

"നമ്മുടെ അയൽക്കാരനെ സ്നേഹിക്കുക" എന്ന കൽപ്പനയിൽ ഇന്ന് നമ്മുടെ പ്രകൃതിയും മൃഗങ്ങളും ഉൾപ്പെടുന്നു. അവ സുരക്ഷിതമെങ്കിൽ മാത്രമേ മനുഷ്യരാശിയും സുരക്ഷിതമാകൂ. ആരോഗ്യപൂർണ്ണമായ ഒരു ലോകത്തിനായി നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കാം, ഒന്നിച്ച് പ്രവർത്തിക്കാം. ഏകാരോഗ്യം കേവലം ഒരു പദ്ധതിയല്ല, മറിച്ച് ഭൂമിയോടുള്ള നമ്മുടെ ആത്മീയമായ കടമയാണ്.

നടന്ന വഴിയിൽ.... നടത്തിയ ദൈവം....

റവ. ഫാ. സി.എം. കുര്യാക്കോസ് ചോലാട്ട്
(മുൻ ഭദ്രാസന സെക്രട്ടറി 2016-2022)

മലങ്കര സഭയിൽ പൗരാണികവും പ്രൗഢവുമായ ഭദ്രാസനമാണ് കണ്ടനാട് ഭദ്രാസനം. പ്രതിസന്ധികളിലും പ്രയാസങ്ങളിലും വലഞ്ഞപ്പോഴും ദൈവാശ്രയബോധത്തോടെ മുന്നോട്ടുപോകുവാൻ സാധിച്ച കൃപയ്ക്ക് മുമ്പിൽ നന്ദി അർപ്പിക്കാം. സഭാ ശുശ്രൂഷയോടൊപ്പം സാമൂഹ്യപ്രതിബദ്ധത ഉൾക്കൊണ്ട് കണ്ടനാട് ഭദ്രാസനത്തിന് പ്രവർത്തിക്കുവാൻ സാധിച്ചു എന്നുള്ളത് 150 വർഷത്തിൽ എത്തിനിൽക്കുന്ന ഭദ്രാസനത്തിന്റെ മറ്റൊരു സവിശേഷത. ഭദ്രാസനത്തെ നയിച്ച പൂർവികരെ ഈ അവസരം അനുസ്മരിക്കാം.

കണ്ടനാട് ഭദ്രാസനത്തിലെ ഒരു വൈദികൻ എന്ന നിലയിൽ ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ ഭംഗിയായി പൂർത്തീകരിക്കാൻ സാധിച്ചു എന്ന ചാരിതാർത്ഥം എന്നും എന്നെ സന്തോഷിപ്പിക്കുന്ന ഒന്നാണ്. അതിൽ കണ്ടനാട് വെസ്റ്റ് ഭദ്രാസന സെക്രട്ടറിയായി പരി. കാതോലിക്ക ബാവാ തിരുമേനിയുടെ നേതൃത്വത്തിൽ 2015 സെപ്തംബർ 27 മുതൽ 2022 ജനുവരി വരെ സേവനമനുഷ്ഠിക്കുവാൻ കഴിഞ്ഞു.

കക്ഷി വഴക്കിൽ ഭദ്രാസനത്തിലെ ദൈവാലയങ്ങളിൽ കലുഷിതമായ സാഹചര്യങ്ങൾ അരങ്ങേറിയപ്പോഴും സത്യം ഒരുനാൾ വിജയിക്കുമെന്ന വിശ്വാസവും നിയമ പോരാട്ടവഴി അവ സാധ്യമാക്കുമെന്ന ഉറപ്പ്, പതറാതെ മുന്നോട്ട് നയിച്ച ഒന്നാണ്. പിന്നീട് മലങ്കര സഭയ്ക്ക് ലഭിച്ച അനുഗ്രഹമാണ് ബഹു. സുപ്രീംകോടതിയുടെ 2017 ജൂലൈ 3 വിധി. മലങ്കര സഭയിലെ കക്ഷി വഴക്കുകൾക്ക് ഇതിലൂടെ പരിഹാരം ഉണ്ടായി. വിധിയെ സംബന്ധിച്ചുള്ള വിശദീകരണങ്ങൾ നല്കുവാൻ ഭദ്രാസനത്തിലെ വിവിധ സ്ഥലങ്ങളിൽ യോഗങ്ങൾ നടത്തി. ദീർഘകാലം പ്രശ്നങ്ങളിൽ വലഞ്ഞ പള്ളികൾ സഭയുടെ പൂർണ്ണ നിയന്ത്രണത്തിൽ ആക്കുവാൻ സാധിച്ചു.

ഈ കാലയളവിൽ സഭയിലും രാജ്യങ്ങളിലും പല ശ്രദ്ധേയമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. നാടിനെ നടുക്കിയ ജലപ്രളയത്തിന്റെ കെടുതികൾ നമ്മുടെ ഭദ്രാസനത്തിലെ വിവിധ സ്ഥലങ്ങളിലും പ്രതിഫലിച്ചു. പള്ളികളും ആത്മീയ സംഘടനകളും ക്രിയാത്മകമായി പ്രളയ ബാധിതരെ സഹായിക്കുന്നതിന് മുൻകൈയെടുത്തു പ്രവർത്തിച്ചു. ക്യാമ്പുകളിൽ ഭക്ഷണവും വസ്ത്രങ്ങളും മറ്റ് നിത്യം ഉപയോഗിക്കേണ്ട സാധനങ്ങളും വിതരണം ചെയ്തു.പ്രളയാനന്തരം വീടുകൾ താമസയോഗ്യമാക്കുന്നതിനുള്ള ശുചീകരണ പ്രവർത്തനത്തിലും സഹകരിച്ചു. അനേകർക്കു ഭവന നിർമ്മാണ സഹായവും വീട്ടുപകരണങ്ങളും പഠനോപകരണങ്ങളും നല്കി. പ്രളയ ബാധിതരെ സഹായിക്കുവാനുള്ള സഭയുടെ പദ്ധതിയിലേക്കു ഭദ്രാസനത്തിൽ നിന്നും Rs.34,78,900 സമാഹരിച്ചു നല്കി. ലോകം മുഴുവൻ പരിഭ്രാന്തി പരത്തിയ COVID 19 എന്ന മഹാ വിപത്തിടയിലും ഭദ്രാസനത്തിന്റെ സാമൂഹ്യ പ്രതിബദ്ധതയ്ക്കു ഭംഗം കൂടാതെ പ്രവർത്തിക്കുവാൻ സാധിച്ചു. വന്ദ്യരായ വൈദീക സഹോദരങ്ങൾ വളരെ ക്ലേശങ്ങൾ സഹിച്ചു പള്ളികളിൽ ആരാധന നടത്തി.മുൻ വർഷങ്ങളിൽ നടന്നു വന്നിരുന്ന ഭദ്രാസനാധിപന്മാരുടെ പെരുന്നാളുകൾ ഭംഗിയായി നിർവഹിച്ചു.ഭദ്രാസന ദിനാചരണം ഭംഗിയായും ചിട്ടയായും ഒരോവർഷവും നടത്തുവാൻ സാധിച്ചു. ഒരോ വർഷവും ഭദ്രാസന വികസന ഫണ്ട് പിരിവ് വർദ്ധിപ്പിച്ചു കൊണ്ടുവരുവാൻ സാധിച്ചു. എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും വളരെ ചിട്ടയോടു കൂടി പ്രവർത്തിച്ചു. വിവാഹപൂർവ്വ കൗൺസിലിംഗ്, പ്രദീപ്തി മാസികയുടെ പ്രസദ്ധീകരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവയും കൃത്യമായി നിർവഹിച്ചു. ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ചരമ രജത ജൂബിലി 2016 ആഗസ്റ്റ് 19ന് ഭംഗിയായിനിർവഹിച്ചു.ജൂബിലിആഘോഷത്തിലേക്കു

അദ്ദേഹത്തിൽ നിന്നും പട്ട മേറ്റ എല്ലാവരെയും ക്ഷണിച്ചു. പരി. കാതോലിക്ക ബാവ തിരുമനസ്സുകൊണ്ട് ജൂബിലി ആഘോഷ ങ്ങൾക്ക് നേതൃത്വം നല്കി അനുഗ്രഹിച്ചു. 25 ക്യാസർരോഗി കൾക്കു 25000 രൂപാ വീതം ചികത്സാ സഹായം നല്കി. മാർ പക്കോ മിയോസ് തിരുമേനിയോടപ്പം ഭദ്രാസനത്തിൽ സേവനമനുഷ്ഠിച്ച വൈദീകരെക്കുറിച്ചു ഒരു അനുസ്മരണ പുസ്തകം പ്രസദ്ധീ കരിച്ചു. പ്രസന്നം മാനസീകാരോഗ്യ കേന്ദ്രം ചരമ രജത ജൂബിലി സ്മാരകമായി പരി.ബാവ തിരുമനസ്സുകൊണ്ട് പ്രഖ്യാപിച്ചു. ഇടവക മെത്രാപ്പോലീത്ത അഭി.ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയുടെ മെത്രാഭിഷേക രജത ജൂബിലി 2016 ഡിസംമ്പർ 18ന് വിവിധ പരിപാടികളോടു കൂടി നിർവഹിച്ചു. പരി.ബസേ ലിയോസ് മാർത്തോമ്മ പൗലോസ് ദ്വീതിയൻ കാതോലിക്ക ബാവ യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട സമ്മേളനം മർത്തോമ്മ സഭയുടെ വലിയ മെത്രാപ്പോലീത്ത അഭി.ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം തിരുമേനി ഉൽഘാടനം ചെയ്തു. സേവേറിയോസ് തിരുമേനി രചിച്ച പൗരസ്ത്യ സഭാശാ സ്ത്രദർശനങ്ങൾ എന്ന പുസ്തകം അന്നേ ദിവസം പ്രകാശനം ചെയ്തു .നിർധനരായ 10 നവദമ്പതികൾക്ക് 2 ലക്ഷം രൂപാ വീതം വിവാഹ ധനസഹായം നല്കി. പെരുവയിലെ പ്രശാന്തം പാലേറ്റീവ് കെയർ സെന്റർ, പ്രീതി ക്ലിനിക് (സൗജന്യ ചികത്സാ കേന്ദ്രം), പ്രീതി ലാബോറട്ടറി, പ്രവാഹം (സൗജന്യ ഡയാലിസിസ് പദ്ധതി), എന്നിവ മെത്രാഭിഷേക രജത ജൂബിലി സ്മാരകമായി പരി. ബാവ തിരുമനസ്സ് കൊണ്ട് പ്രഖ്യാപിച്ചു. പ്രാർത്ഥനാ യോഗത്തിന്റെ ആദിമുഖ്യത്തിൽ ഒരു പ്രസംഗമത്സരവും നടത്തി. ഭദ്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിനായി രൂപീകരിച്ച മാർ പക്കോമിയോസ് ചാരിറ്റിബിൾ സൊസൈറ്റിയുടെ രജത ജൂബിലി സ്മാരകമായി പൈങ്ങട്ടൂർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സീനിയർ സിറ്റിസൺ വില്ലേജിനെ (പ്രശോദ) പ്രഖ്യാപിച്ചു. ഇടവക മെത്രാപ്പോലീത്ത അഭി.ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി 2021 ഒക്ടോബർ 15ന് അവരോധിക്കപ്പെട്ടു. ഭദ്രാസനത്തിന്റെ ആദിമു ഖ്യത്തിൽ പരിശുദ്ധ പിതാവിന് വർണ്ണോജ്വലമായ സ്വീകരണം നല്കി. ഈ കാലയളവിൽ വളരെക്കാലം ഭദ്രാസനത്തിൽ സേവന മനുഷ്ഠിച്ച റവ. ഫാ.എം.വി. അബ്രാഹാം, റവ. ഫാ.എൻ.ഐ. പൗലോസ് എന്നിവർ കർത്തൃ സന്നിധിയിലേക്കു ചേർക്കപ്പെട്ടു. എന്റെ കാല യളവിൽ ഭദ്രാസനത്തിലെ പള്ളി കളും, വൈദീകരും, വിശ്വാസികളും നല്കിയ നിർലോഭമായ സഹകരണത്തിന് നന്ദി അറിയിക്കുന്നു. കണ്ടനാട് ഭദ്രാസനം ശതോത്തര കനക ജൂബിലി ആഘോഷങ്ങൾക്ക് എല്ലാവിധമായ ആശംസകളും നേരുന്നു.

TECH DESK

ഭാവിയിലെ തൊഴിലിടം

The Workplace of the Future

Mr. Jeswin Jose
Sr.Associate Director HR, One of the Big4 Auditing Firm, Kandanad Cathedral

ഭാവിയിലെ തൊഴിലിടം എന്നത് ഹൈബ്രിഡ് രീതിയിലുള്ളതും, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) അധിഷ്ഠിതവും, മനുഷ്യ കേന്ദ്രീകൃതവുമായ ഒന്നായിരിക്കും. ജോലിയിലെ വഴക്കം (Flexibil - ity), സുസ്ഥിരത, ജീവനക്കാരുടെ ക്ഷേമം എന്നിവയ്ക്കായിരിക്കും ഇവിടെ മുൻഗണന. അത്യാധുനിക സാങ്കേതികവിദ്യയും റോബോട്ടിക്സും ഉപയോഗിക്കുന്നതോടൊപ്പം തന്നെ, പരിസ്ഥിതി സൗഹൃദപരവും സഹകരണാത്മകവുമായ ഭൗതിക സാഹചര്യങ്ങളും ഇവിടെയുണ്ടാകും. ഉൽപ്പാദനക്ഷമതയും ജീവനക്കാരുടെ പങ്കാളിത്തവും വർദ്ധിപ്പിക്കുന്നതിനായി റിമോട്ട് ജോലികളും നേരിട്ടുള്ള ജോലികളും ഇവിടെ സമന്വയിപ്പിക്കപ്പെടുന്നു.

ഹൈബ്രിഡ് & ഫ്ലെക്സിബിൾ മോഡലുകൾ ഓഫീസിലിരുന്നും വീട്ടിലിരുന്നും ജോലി ചെയ്യാവുന്ന രീതിയിലേക്ക് തൊഴിലിടങ്ങൾ മാറുന്നു. ഇത് ജീവനക്കാർക്ക് കൂടുതൽ സ്വയംഭരണാധികാരവും മികച്ച തൊഴിൽ - ജീവിത സന്തുലിതാവസ്ഥയും (Work - life balance) നൽകുന്നു. AI - യും ഓട്ടോമേഷനുകളും നിത്യേനയുള്ള ആവർത്തന ജോലികൾ ചെയ്യുന്നതിനും കൃത്യമായ തീരുമാനങ്ങൾ എടുക്കുന്നതിനും AI - യും റോബോട്ടിക്സും വ്യാപകമാകും. ഇത് കൂടുതൽ സർഗ്ഗാത്മകവും സങ്കീർണ്ണവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ മനുഷ്യരെ സഹായിക്കുന്നു. മനുഷ്യ - യന്ത്ര സംയുക്ത തൊഴിൽശക്തി പ്രധാന ഘടകമാണ്. AI നിക്ഷേപങ്ങളിൽ നിന്ന് പുതിയ മൂല്യങ്ങൾ കണ്ടെത്താൻ സ്ഥാപനങ്ങൾ ശ്രമിക്കുമ്പോൾ, മനുഷ്യരും യന്ത്രങ്ങളും ഒത്തുചേർന്ന് പ്രവർത്തിക്കുന്നത് ബിസിനസ്സിൽ പുതിയ മാറ്റങ്ങൾ കൊണ്ടുവരും.

ബിരുദത്തേക്കാൾ പ്രധാനം നൈപുണ്യം മാണ്. പരമ്പരാഗത ബിരുദങ്ങളെക്കാൾ ഉപരിയായി, ഉദ്യോഗാർത്ഥികളുടെ കഴിവിനും വൈദഗ്ധ്യത്തിനും മുൻഗണന നൽകുന്ന രീതിയിലേക്ക് നിയമന പ്രക്രിയ മാറുന്നു. ഭാവിയിലേക്ക് അത്യാവശ്യ കഴിവുകൾ (Upskill - ing & Reskilling) കാലഘത്തിന് ആവശ്യമാണ്. AI സാങ്കേതികവിദ്യ വളരുന്നതിനനുസരിച്ച് ഡാറ്റ അനാലിസിസ്, സൈബർ സെക്യൂരിറ്റി തുടങ്ങിയ മേഖലകളിൽ നിരന്തരമായ പഠനം അനിവാര്യമാണ്. മാനസികാരോഗ്യം, എല്ലാവരെയും ഉൾക്കൊള്ളുന്ന തൊഴിൽ സംസ്കാരം, മികച്ച ജീവിതരീതി എന്നിവയ്ക്ക് വലിയ പ്രാധാന്യം ലഭിക്കും. മാറിക്കൊണ്ടിരിക്കുന്നതും പ്രവചനാതീതവുമായ സാഹചര്യങ്ങളോട് വേഗത്തിൽ പൊരുത്തപ്പെടാനുള്ള കഴിവ് ലഭിക്കും. ഇമോഷണൽ ഇന്റലിജൻസ് എന്നത് AI - ക്ക് പകരമാകാൻ കഴിയാത്ത അമൂല്യമായ മനുഷ്യ സഹജമായ കഴിവുകളുണ്ട്. അവ സ്വയം തിരിച്ചറിവ്, സഹാനുഭൂതി, മികച്ച ബന്ധങ്ങൾ നിലനിർത്തൽ എന്നിവയാണ്.

സാങ്കേതിക സാക്ഷരത, AI ടൂളുകൾ കൈകാര്യം ചെയ്യാനും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാനുമുള്ള അറിവ്. വിവരങ്ങളെയും AI നൽകുന്ന ഔട്ട്പുട്ടുകളെയും കൃത്യമായി വിശകലനം ചെയ്യാനുള്ള ശേഷി ഉണ്ടായിരിക്കണം. കാലഘട്ടത്തെ തിരിച്ചറിയാനും അതിന് അതിജീവിക്കുവാനും സാധിക്കണം.

കണ്ടനാട് ഭദ്രാസനത്തിന്റെ തളർച്ചയും വളർച്ചയും തിരിഞ്ഞുനോട്ടം

ശ്രീ പി. തോമസ് പിറവം
(മുൻ ഭദ്രാസന ദിവ്യബോധനം ഡയറക്ടർ)

കൊല്ലവർഷം 1052-ലാണ് (ക്രിസ്ത്വബ്ദം 1876-77) മലങ്കര പ്രധാന മേലധ്യക്ഷൻ മലങ്കരമെത്രാപ്പോലീത്തായുടെ കീഴിൽ ഒന്നായിരുന്ന സഭയെ എഴു ഭദ്രാസനങ്ങളായി വിഭജിച്ചാണ് കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കൊച്ചി, കണ്ടനാട്, അങ്കമാലി എന്നീ ഭദ്രാസനങ്ങൾ ഉടലെടുത്തത്. കുന്നങ്കുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മെയ് 17-ാം തിയതി വ്യാഴാഴ്ച (സുറിയാനിക്കണക്കിന് 1877 ഇടവം 5) സ്വർഗ്ഗാരോഹണപ്പെരുന്നാൾ ദിവസം കണ്ടനാട് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി മുറിമറ്റത്തിൽ പൗലോസ് ഈവാനിയോസ് മെത്രാപ്പോലീത്താ വാഴിക്കപ്പെട്ടു. രണ്ടു ദിവസം കഴിഞ്ഞ് (മേയ് 19) ഭദ്രാസനം ഏൽപിച്ചുകൊണ്ടുള്ള സ്താത്തിക്കോനും നൽകി. മുറിമറ്റത്തിൽ തിരുമേനിക്ക് കണ്ടനാട് മർത്തമറിയം, തെക്കൻ പറവൂർ, ചെമ്പിൽ, കുറിഞ്ഞി, പുറ്റുമാനൂർ, കണ്ണാട്ട്നിരപ്പ്, നെച്ചൂർ, മാമലശ്ശേരി, പിറവം, ഓണക്കൂർ, കോലഞ്ചേരി, കോട്ടൂർ, പാമ്പാക്കുട, രാമമംഗലം, മുളക്കുളം, മണ്ണത്തൂർ, വടകര, കുഴിക്കാട്ടുകുന്ന്. പുതുവേലി, പാലക്കുഴ, കടമറ്റം എന്നീ ഇരുപത്തിയൊന്നും പള്ളികളുടെ ഭരണമാണ് ലഭിച്ചത്.

1972-ൽ കണ്ടനാടു ഭദ്രാസനം പ്രസിദ്ധീകരിച്ച ഡയറക്ടറിയിൽ അന്നുള്ള 75 പള്ളികളുടെ വിവരങ്ങൾ ഉണ്ട്. ഭദ്രാസനം രൂപീകരിച്ചിട്ട് ഏതാണ്ട് നൂറു കൊല്ലം പിന്നിട്ടപ്പോൾ പുതുതായി 54 പള്ളികൾ കൂടി നിലവിൽ വന്നു.1905 മുതലുള്ള കാലഘട്ടം കക്ഷിവഴക്കിന്റെ ദുർഘടകാലമായിരുന്നല്ലോ. 1958-ൽ കക്ഷിവഴക്ക് അവസാനിപ്പിച്ച് പാത്രിയർക്കീസ് കാതോലിക്കാ പക്ഷങ്ങൾ ഒന്നായി. കേസുകൾക്ക് വിരാമമായി. എന്നാൽ രണ്ടു കൊല്ലം കഴിയും മുമ്പേ അപസ്വരങ്ങൾ തുടങ്ങി. 1960-ൽ കണ്ടനാടിന്റെ മെത്രാപ്പോലീത്താ പൗലോസ് മാർ പീലക്സിനോസിന്റെ നേതൃത്വത്തിൽ അന്ത്യോക്യൻ മൂവ്മെന്റ് എന്ന പ്രസ്ഥാനം സഭാ സമാധാനത്തിന് ഭീഷണിയായി. 1972-ൽ മലങ്കര സഭാഭരണത്തിൽ കൈകടത്താൻ പാത്രിയർക്കീസ് ഡലിഗേറ്റിനെ നിയമിച്ചു. മലങ്കരയിലെ 1064 പള്ളികൾ കാതോലിക്കോസ് ആണ് ഭരിക്കേണ്ടത്. അതിൽ പാത്രിയർക്കീസ് ബാവായും മറ്റും ഇടപെടരുതെന്നു കാണിച്ച് കോട്ടയം ജില്ലാകോടതിയിൽ കേസ് ഫയൽചെയ്തു. 1973-ൽ കാതോലിക്കയേയും സുന്നഹദോസി നെയും ധിക്കരിക്കുവാൻ ജനങ്ങളെ ആഹ്വാനം ചെയ്ത് പാത്രി യർക്കീസ് കൽപ്പനയിറക്കി. 1974-ൽ കാതോലിക്കോസ് മലങ്കര അസോസ്സിയേഷൻ കൂട്ടരുതെന്ന് പാത്രിയർക്കീസ് നിരോധന കൽപ്പന ഇറക്കി. 1975-ൽ കാതോലിക്കോസിനെ പാത്രിയർക്കീസ് സസ്പെന്റ് ചെയ്തു. ഏപ്രിൽ 9-ന് മലങ്കരസഭയിലെ മെത്രാന്മാരെ പാത്രിയർക്കീസ് സസ്പെന്റ് ചെയ്തതായി പ്രഖ്യാപിച്ചു. ജൂൺ 23-ന് പാത്രിയർക്കീസ് മലങ്കരയിലെ കാതോലിക്കായെയും മെത്രാന്മാരെയും മുടക്കിയതായി കൽപ്പനയിറക്കി. സെപ്തംബർ 8-ന് ബദൽ കാതോലിക്കയായി പൗലോസ് മാർ പീലക്സിനോസിനെ വാഴിച്ചു. ഇതിനോടകം പള്ളികളിലെല്ലാം വ്യവഹാരം തുടങ്ങി. പള്ളിക്കേസുകൾ കേൾക്കുവാൻ എറണാകുളത്ത് സ്പെഷ്യൽ കോടതി സ്ഥാപിച്ചു. മെയ് 22-ന് മലങ്കര സുന്നഹദോസ് മാർ ക്ലിമ്മീസിനെയും മാർ പീലക്സിനോസിനെയും സഭയ്ക്ക് ഇ തരരായി പ്രഖ്യാപിച്ചു. ഇതിനോടകം പൗരസ്ത്യസുവിശേഷ സമാജത്തിനു വേണ്ടി എന്ന പേരിൽ കടവിൽ അത്താനാസ്യോസിനെ മെത്രാനായി പാത്രിയാർക്കീസ് വാഴിച്ചു. പിന്നാലെ ഗീവർഗീസ് ഗ്രീഗോ റിയോസിനെയും (പെരുമ്പിള്ളി) തോമസ് ദീവന്നാസ്യോസിനെയും മെത്രാന്മാരായി പാത്രിയാർക്കീസ് വാഴിച്ചു. ഇവരെല്ലാം പള്ളികളിൽ അനധികൃതമായി പ്രവേശിച്ച് കലഹത്തിനു ശ്രമിച്ചുകൊണ്ടിരുന്നു. ഇവർ ക്കു പിന്നാലെ വേറെയും മെത്രാന്മാരെ പാത്രിയാർക്കീസും ശ്രേഷ്ഠബാവായായ പൗലോസ് പീലക്സീനോസും വാഴിച്ചു കലഹത്തിനു

മൂർച്ച കൂട്ടി.കണ്ടനാട് ഭദ്രാസനത്തിന്റെ സംവിധാനത്തെ സമ്പൂർണ്ണമായി വിഘടിതവിഭാഗം തല്ലിത്തകർത്ത ഇരുണ്ട കാലഘട്ടമായിരുന്നു അത്. സഭാഭരണസംവിധാനത്തെ തൃണവത്ഗണിച്ച് യഥാർത്ഥ അധികാരികളെ പേടിപ്പിച്ച്, ബലംകൊണ്ട് തള്ളിമാറ്റി രാഷ്ട്രീയഭരണാധികാരികളുടെ ഒത്താശയോടെ പള്ളികളും സ്ഥാപനങ്ങളും വിഘടിതർ കൈവശപ്പെടുത്തിയ ദുർഘടസമയം. ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത ഏറ്റെടുത്ത കണ്ടനാട് ഒരു സാങ്കല്പികഭദ്രാസനം മാത്രമായിരുന്നവെന്നു പറയാം. തിരുമേനിക്ക് കൈവിരലിലെണ്ണാവുന്ന പള്ളികളിലേ പ്രവേശനം സാദ്ധ്യമായിരുന്നുള്ളൂ. നാലു കുടുംബങ്ങളുടെ ചുമതലയിൽ നടന്നിരുന്ന പള്ളികൾ. പ്രാമ്പാക്കുട വലിയപള്ളി, ചെറിയപള്ളി, ഓണക്കൂർപള്ളി, തേവനാൽ പള്ളി) കൂടാതെ മുളക്കുളം മണ്ണൂക്കുന്ന് പള്ളി, കർമ്മേൽകുന്ന് പള്ളി, പാറേൽപള്ളി, പെരുമ്പടവം പള്ളി, കിഴുമുറിപള്ളി ഇവയൊഴികെ ഒരു പള്ളിയിലും തിരുമേനിക്ക് സ്വതന്ത്രമായി കയറാമായിരുന്നില്ല. പ്രധാനപ്പെട്ട ഇടവകപള്ളികളിലെല്ലാം തർക്കവും കഷി വഴക്കുമായിരുന്നു. ചിലയിടങ്ങളിൽ ഓർത്തഡോക്സ് വൈദികർക്ക് തവണപ്രകാരം കർമ്മങ്ങൾ നടത്തുവാൻ അവസരമുണ്ടായിരുന്നതുകൊണ്ട് ആത്മീയാവശ്യങ്ങളും പ്രസ്ഥാനങ്ങളും അവിടങ്ങളിൽ നടത്തിക്കൊണ്ടുപോകുവാൻ കഴിഞ്ഞിരുന്നു. സഭാസംരക്ഷണസമിതിയുടെ മേഖലായൂണിറ്റുകൾ വിഘടിത കൈയേറ്റ ശ്രമങ്ങൾ തുടങ്ങിയപ്പോൾ തന്നെ പ്രധാന ഇടവകകളോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്നു. അവയുടെ പ്രവർത്തനങ്ങൾ വിശ്വാസസമൂഹത്തെ ഭീഷണികളിലും അക്രമങ്ങളിലും പ്രതിരോധിക്കുവാൻ സഹായിച്ചിരുന്നു. ഭദ്രാസനത്തെ പുനർസൃഷ്ടിക്കുവാൻ അവ ഏറെ കൈത്താങ്ങൽ നൽകി. സഭാവിശ്വാസ വിശദീകരണ യോഗങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ കോലഞ്ചേരിയിൽ ഒരു ഓഫീസ് തുടങ്ങി. വടക്കൻഭദ്രാസനങ്ങളിൽ ഈ ഓഫീസ് കേന്ദ്രമാക്കി തീരുമാനങ്ങൾ എടുത്ത് വിശദീകരണ യോഗങ്ങൾ നടത്തി നമ്മുടെ ആളുകളെ സംഘടിപ്പിക്കുവാൻ സാധിച്ചു. ഈ യോഗങ്ങളിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ്, പൗലോസ് മാർ ഗ്രീഗോറിയോസ്. ജോസഫ് മാർ പക്കോമിയോസ് എന്നീ തിരുമേനിമാരും ബഹു. ടി. ജെ. ജോഷ്വാച്ചൻ, ജോസഫ് വെണ്ടറപ്പിള്ളിൽ അച്ചൻ, ഇടയനാൽ മത്തായി അച്ചൻ, ശ്രീമാന്മാരായ പി.എം. പൈലിപിള്ള മുതലായവർ പ്രസംഗകരായിരുന്നു. ഭദ്രാസനത്തിന്റെ ആസ്ഥാനമായിരുന്ന മൂവാറ്റുപുഴ അരമന മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് മുടക്കിയ പൗലോസ് മാർ പീലക്സീനോസ് മെത്രാന്റെ അനധികൃതകൈവശത്തിലായിരുന്നു. അദ്ദേഹം മുടക്കപ്പെട്ടതിനു ശേഷം ഭദ്രാസനഭരണം ഏറ്റെടുത്ത പ.കാതോലിക്കാബാവായ്ക്കോ പിന്നീടു ഭദ്രാസനമെത്രാപ്പോലീത്തായായ മാർ പക്കോമിയോസ് തിരുമേനിക്കോ അരമന കൈവശമാക്കുവാൻ വേണ്ട ഒരു നടപടിയും സഭ സ്വീകരിച്ചില്ല.തിരുമേനിയുടെ സുന്തോണീസോ വെട്ടിക്കൽ ദയറായിൽ നടത്തുകയും അവിടം തിരുമേനി ആസ്ഥാനമാക്കുകയും ചെയ്തു. പള്ളികളിൽ കേസും വഴക്കുമായതിനാൽ ഓർത്തഡോക്സ് പക്ഷത്തുണ്ടായിരുന്ന വൈദികരുടെ ശമ്പളം ലഭിക്കാതായി. സാമ്പത്തികഞെരുക്കം അനുഭവിച്ച വൈദികർക്ക്, വേതനം കൊടുക്കുവാൻ പള്ളികളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി പക്കോമിയോസ് തിരുമേനി പ്രസിഡന്റായി ഒരു വൈദിക ക്ഷേമനിധി അങ്കമാലി, കണ്ടനാട്, കൊച്ചി ഭദ്രാസനങ്ങളിൽ നടപ്പാക്കി.

കാതോലിക്കേറ്റ് സെന്ററുകൾ

കക്ഷിവഴക്കുകൊണ്ട് നമുക്ക് ആരാധന നടത്തുവാൻ സാധിക്കാത്ത സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിക്കുവാൻ ആലോചനയുണ്ടായി. മാർ പക്കോമിയോസ് തിരുമേനിയുടെ ശ്രമഫലമായി വിശ്വാസികളുടെ സഹകരണത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിച്ചു. പിറവം, പാലക്കുഴ, വലമ്പൂർ, ഊരമന, പെരുവ, മണകുന്നം, ഇടമറുക്. നെച്ചൂർ, മീമ്പാറ, കടമറ്റം എന്നിവിടങ്ങളിൽ കാതോലിക്കേറ്റ് സെന്ററുകൾ ഉണ്ടായി. കോലഞ്ചേരി. അഞ്ചൽപെട്ടി, കുന്നയ്ക്കാൽ എന്നിവിടങ്ങളിൽ സ്ഥലം വാങ്ങിച്ചു. പിന്നീട് ഈ സ്ഥലങ്ങളിലും കാതോലിക്കേറ്റ് സെന്ററുകൾ സ്ഥാപിച്ച് പ്രാർത്ഥനായോഗം സൺഡേസ്ക്കൂൾ, യുവജനപ്രസ്ഥാനം, വനിതാസമാജം, തുടങ്ങിയ ആത്മീയസംഘടനകളുടെ ഭാരവാഹികളിൽ മഹാഭൂരിപക്ഷവും വിഘടിതഗണത്തിൽപെടുകയും ഒർത്തഡോക്സ് വിഭാഗത്തിന് എല്ലാം പുതുതായി സംഘടിപ്പിക്കേണ്ടതായി വരികയും ചെയ്തു. തിരുമേനി കണ്ടനാടിന്റെ ചുമതല ഏറ്റതിനു ശേഷം അദ്ധ്യാത്മിക സംഘടനകളുടെ പുനരുദ്ധാരണത്തിനാണ് ആദ്യമായി ശ്രമിച്ചത്. എല്ലാ പള്ളികളിലും നിർബന്ധമായും പ്രാർത്ഥനായോഗം. വനിതാസമാജം, യുവജനപ്രസ്ഥാനം, സണ്ടേസ്കൂൾ, ബാലിക ബാലസമാജം തുടങ്ങിയ സംഘടനകൾ ഉണ്ടാകണമെന്ന് എല്ലാ വൈദികരോടും തിരുമേനി ചട്ടംകെട്ടിയിരുന്നു. അതിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി ഭദ്രാസനത്തെ കണ്ടനാട്, കോലഞ്ചേരി, തൊടുപുഴ, വടകര, പാമ്പാക്കുട, പിറവം, മുളക്കുളം എന്നീ മേഖലകളായി തിരിച്ചു. അവയ്ക്ക് വൈസ് പ്രസിഡന്റുമാരായി വൈദികരെയും മേഖല ഓർഗനൈസറന്മാരും സെക്രട്ടറിമാരുമായി അന്മേനിമാരെയും നിയമിച്ചിരുന്നു. എല്ലാ സംഘടനകളുടെയും ഭദ്രാസനമീറ്റിംഗുകൾ ആണ്ടിൽ രണ്ടു പ്രാവശ്യമെങ്കിലും നടത്തിയിരുന്നു. ഈ യോഗങ്ങളിൽ കഴിയുന്നത്ര വൈദികരും പങ്കെടുക്കുന്നത് കണ്ടനാട് ഭദ്രാസനത്തിലെ പ്രത്യേകതയായിരുന്നു.

1980-കളിൽ ഈ സംഘടനകൾ വളരെ സജീവമായിരുന്നു. എല്ലാ ഇടവകകളിലും ഒരു നവജീവൻ നാമ്പെടുത്തു. കാതോലിക്കാപക്ഷത്തിന് പൂർണ്ണസ്വാതന്ത്ര്യമില്ലാതിരുന്ന ഇടവകകളിൽ പോലും ഈ സംഘടനകൾ ഭവനങ്ങളിൽ ഒന്നിച്ചുകൂടി ആത്മസംതൃപ്തിയടഞ്ഞിരുന്നു.ഏതു ഭദ്രാസനത്തിന്റെയും ഉയർച്ചയുടെ പ്രധാന കണ്ണി വിവിധ അദ്ധ്യാത്മിക സംഘടനകളാണെന്ന് കണ്ടനാട് ഭദ്രാസനം അക്കാലയളവിൽ തെളിയിച്ചു.ദൈവദികരുടെ യോഗം ആണ്ടിൽ മൂന്നു പ്രാവശ്യമെങ്കിലും തിരുമേനി കണിശമായി വിളിച്ചിരിക്കും. പ്രഗത്ഭരായ അദ്ധ്യാപകരെ വിളിച്ചുവരുത്തി അച്ചന്മാരെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തിരുന്നു. ഡിസംബർ 9-ന് വെട്ടിക്കൽ ദയറായിലും ശ്ലീഹാനോമ്പിലും വലിയനോമ്പിലുമായി വൈദികയോഗങ്ങൾ കൂടുമ്പോൾ എല്ലാ വൈദികരും അതിൽ വന്ന് സംബന്ധിക്കണമെന്ന് തിരുമേനി നിർബന്ധിച്ചിരുന്നു.

ഇന്റേണൽ മിഷൻ സ്ക്വാഡ്

കണ്ടനാട് ഭദ്രാസനത്തിലെ വൈദികർ, ശെമ്മാശന്മാർ, അത്മായ സംഘടനഭാരവാഹികൾ ഇവരുടെ നേതൃത്വത്തിൽ ഇടവകതലത്തിൽ ആദ്ധ്യാത്മിക സംഘടനാപ്രവർത്തനങ്ങൾ

ക്രിയാത്മകമായി നടത്തുന്നതിന് വേണ്ടി ഇന്റേൺ മിഷൻ സ്ക്വാഡിന് രൂപം കൊടുത്തു. ഇടവകകൾ സന്ദർശിക്കുക, ആദ്ധ്യത്മിക സംഘടനകളുടെ യൂണിറ്റുകൾ സജീവമാക്കുക, ഇടവകകളെ ഭദ്രാസനത്തിന്റെയും സഭയുടെയും മുഖ്യധാരയിൽ നിൽക്കുവാൻ ഉദ്ബോധനങ്ങൾ നൽകുക, ഭവനങ്ങൾ സന്ദർ ശിക്കുക, ക്യാമ്പുകൾ സംഘടിപ്പിക്കുക, മുതലായ പദ്ധതിക ളിലൂടെ ഇവർ ഭദ്രാസനത്തിന്റെ ഉന്നമനം ലക്ഷ്യമിട്ടു. എല്ലാ ഇടവകകളിലും ക്യത്യമായ പ്രാർത്ഥനായോഗങ്ങൾ രൂപപ്പെടു ത്തുവാൻ ഇന്റേണൽ മിഷൻ സ്ക്വാഡ് രൂപീകരിച്ചു. അതിലെ അംഗങ്ങൾ ഈ പ്രാർത്ഥനായോഗങ്ങൾക്ക് സന്ദേശം നൽകുവാൻ സന്നിഹിതരായിരുന്നു.

ഭദ്രാസനപാരിഷ് മിഷൻ

പ്രാർത്ഥനായോഗങ്ങളുടെയും മറ്റ് ആദ്ധ്യാത്മികപ്രവർത്ത നങ്ങളുടെയും പ്രവർത്തനം ശക്തിപ്പെടുത്തുവാൻ തിരുമേനിയുടെ കാലത്ത് ആദ്ധ്യത്മികസംഘടനകളുടെ ചുമതലക്കാർ ക്രമപ്പെ ടുത്തി നടപ്പിൽ വരുത്തിയിരുന്ന പദ്ധതിയായിരുന്നു ഭദ്രാസനപാ രിഷ് മിഷൻ. സെമിനാരി പാരിഷ് മിഷന്റെ ചുവടുപിടിച്ച് ഈ പരിപാടി ഫലപ്രദമായി ഈ ഭദ്രാസനത്തിൽ നടപ്പിലാക്കി. ഭദ്രാസനത്തിലെ നാലു പള്ളികളെ ഒരേ സമയത്ത് തെരഞ്ഞെടുത്ത് (ഓണം, ക്രിസ്തുമസ്സ്, മദ്ധ്യവേനൽ അവധികാലങ്ങളിൽ) ആണ് പാരിഷ് മിഷൻ പരിപാടി സംഘടിപ്പിക്കുന്നത്. തിരുമേനിയുടെ നേതൃത്വത്തിൽ ഭദ്രാസനത്തിലെ എല്ലാ ശെമ്മാശ്ശന്മാരും വൈ ദിക വിദ്യാർത്ഥികളും വൈദികരും ആണ് ഇതിന്റെ പ്രധാന പ്രവർത്തകർ. ഓരോ ഇടവകയിലും ഈ പ്രവർത്തനം ബുധനാഴ്ച തുടങ്ങി ശനിയാഴ്ച സമാപിക്കുകയാണ് പതിവ്.

ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പ്

ഭദ്രാസനത്തിലെ ആത്മീയസംഘടനകളിൽ പ്രവർത്തിക്കു ന്നവരെ സഭയുടെ പാരമ്പര്യത്തെക്കുറിച്ചും വേ ദപുസ്തകം, വേദശാസ്ത്രം, വിശ്വാസപ്രമാണങ്ങൾ, ആരാധന, സഭാചരിത്രം തുടങ്ങിയവയെക്കുറിച്ചും കൂടുതൽ ഉദ്ബോധിപ്പിക്കുവാൻ ലക്ഷ്യ മിട്ട് ആരംഭിച്ചതാണ് ലീഡർഷിപ്പ് ട്രെയിനിങ് ക്യാമ്പ്. പ്രാരംഭ ത്തിൽ വെട്ടിക്കൽ ദയറായിലും പിന്നിട് പിറവം,പാമ്പാക്കുട എന്നിവിടങ്ങളിലും ഈ ക്യാമ്പുകൾ നടന്നു. പിറവത്തെ രണ്ടാം ശനിയാഴ്ചകളിലെ പരിശീലനപരിപാടി ഇടവകകളിലെ ആരാധ നകളിൽ വിശ്വാസികളുടെ സജീവപങ്കാളിത്തം, ആരാധനാഗീത ങ്ങൾ പെരുന്നാൾ ശുശ്രൂഷാഗീതങ്ങൾ, സുവിശേഷഗാനങ്ങൾ, ശാസ്ത്രീയസംഗീത പ്രാഥമികപാഠങ്ങൾ, ഇവയുടെ പരിശീലനം, സഭാംഗങ്ങളുടെ വിശ്വാസവളർച്ച, സഭാചരിത്രപഠനം, ബൈബിൾ പഠനം തുടങ്ങിയവയുടെ ക്രമീക്യ തമായ പരിശീലനമൊക്കെ ലക്ഷ്യമാക്കി മാസത്തിലൊരിക്കൽ അത്തരമൊരു ക്ലാസ്സ് ഒരു സ്ഥിരം സംവിധാനമായി നടത്തുന്നതിനുള്ള സിലബസ് രൂപ പ്പെടുത്തി. എല്ലാവർക്കും എളുപ്പത്തിൽ വന്നു പോകുവാൻ സാദ്ധ്യതയുള്ള പിറവം കാതോലിക്കേറ്റ് സെന്ററിൽ നടത്തുവാൻ തുടങ്ങി. ഭദ്രാസനത്തിൽതന്നെയുള്ള വൈദികരും പ്രാപ്തിയുള്ള അത്മായരും ക്ലാസ്സുകളെടുത്തു. ഇടവകകളിൽ നിന്നുള്ള പ്രതി നിധികളും ശുശ്രൂഷകരുമൊക്കെ പൊതിച്ചോറുമായി വന്ന് ക്ലാസ്സു കൾ അങ്ങേയറ്റം പ്രയോജനപ്പെടുത്തി. ഒരു പരാതിയും പറയാതെ, അസൗകര്യങ്ങളെല്ലാം സഹിച്ച്, ഏറെനാൾ നടന്നുവന്ന ആ പരിപാ ടികൊണ്ട് വ്യക്തിപരമായ നേട്ടം കൈവരിച്ച പലരുമാണ് ഇന്ന് പല ഇടവകകളിലും ആദ്ധ്യാത്മികരംഗത്ത് നേതൃത്വം വഹിക്കുന്നത്.

ദിവ്യബോധനം പഠനപദ്ധതി

അത്മായരെ വേദശാസ്ത്രം പഠിപ്പിക്കുന്നതിനുള്ള പദ്ധതി ഓർത്തഡോക്സ് വൈദികസെമിനാരിയിൽ രൂപപ്പെടുത്തുന്നതിൽ മാർ പക്കോമിയോസ് തിരുമേനിയുടെ പങ്ക് ശ്രദ്ധേയമായിരുന്നു. ലോകത്തിലൊരു സെ മിനാരിക്കും അക്കാലത്ത് അത്മായരെ പരിശീലിപ്പിക്കുന്ന ഒരു പരിപാടി ഉണ്ടായിരുന്നില്ല. കണ്ടനാട് ഭദ്രാസനത്തിൽ പരിമിതമായ തോതിലെങ്കിലും ചില യൂണിറ്റുകൾ പ്രവർത്തിച്ചു. ആദ്യബാച്ചിന്റെ സെമിനാറു കൾക്ക് പിറവം കാതോ ലിക്കേറ്റ് സെന്റർ സൗകര്യപ്പെടുത്തി. പിന്നീട് പഠനം പൂർത്തിയാ ക്കിയവരുടെ സേവനം ഭദ്രാസനത്തിനു പ്രയോജനപ്പെടുത്തുവാൻ വേണ്ടി യോഗം വിളിച്ച് ഉദ്ബോധനം നടത്തുകയും ചെയ്തു.

ഗാനപരിശീലനപരിപാടികൾ

നമ്മുടെ ഭദ്രാസനത്തിലെ ആരാധനകൾ മെച്ചപ്പെടു ത്തുന്നതിനായി അദ്ധ്യത്മികസംഘടനകളുടെ എല്ലാ യോഗങ്ങളിലും തന്നെ ഗാനപരിശീലനത്തിന് സമയം ക്രമീകരിച്ചിരുന്നു. പുതിയ സുവിശേഷഗാനങ്ങളും ആരാധനഗീതങ്ങളും പരിശീലിപ്പിച്ചുവന്നു. അതിനു പുറമേ, ക്രിസ്മസ് ഓശാന, ഹാശാ ശുശ്രൂഷകൾക്കു മുമ്പായി ആ പെരുന്നാളുകളുടെയും വി. കുർബ്ബാനയുടെയും മറ്റും ഗീതങ്ങൾ സംഗീതോപകരണത്തിന്റെ സഹായത്തോടെ ശാസ്ത്രീ യമായി അഭ്യസിപ്പിക്കുന്നതിന് പിറവത്തും മറ്റുള്ള സ്ഥലങ്ങളിലും വച്ച് പലവട്ടം ക്ലാസ്സുകൾ ക്രമീകരിച്ചിരുന്നു. ശുശ്രൂഷകരും, അദ്ധ്യാത്മികസംഘടനാപ്രവർത്തകരും ആയ ധാരാളം പേർ അത്തരം ക്ലാസ്സുകൾ പ്രയോജനപ്പെടുത്തിയിരുന്നു. പള്ളിക ളിലെ ഗായകസംഘാംഗങ്ങളെ പരിശീലിപ്പിക്കുവാൻ ഇടയ്ക്കിടെ പല പള്ളികളിലും വച്ച് പരിശീല നം നടത്തിയിട്ടുണ്ട്. സെമിനാ രിയിലെ ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്ക് ആരംഭിച്ച ശേഷം അതിന്റെ ആഭിമുഖ്യത്തിൽ നടന്നിട്ടുള്ള പല പരിശീല നക്ലാസ്സുകളിലും ഈ ഭദ്രാസനത്തിൽ നിന്നുള്ളവർ സംബന്ധി ച്ചിട്ടുണ്ട്.

മാർ പക്കോമിയോസ് മത്സരപരീക്ഷ

ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത ആകസ് മികമായി ദിവംഗതനായ ശേഷം തിരുമേനിയുടെ സ്മരണയ്ക്കായി ഒരു മത്സരപരീക്ഷ യുവജനപ്രസ്ഥാനം ആരംഭിച്ചു. ആരാധന, ബൈബിൾ. സഭാശാസ്ത്രം, വേദശാസ്ത്രം, പൊതുവിജ്ഞാനം എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തി പ്രായലിംഗഭേദമില്ലാതെ എല്ലാ വർക്കും ചേരാവുന്ന എൻട്രൻസ് പരീക്ഷമാതൃകയിലുള്ള ഒരു പരീക്ഷയായിരുന്നു അത്. തിരുമേനിയുടെ ഒന്നാം ശ്രാദ്ധപ്പെരു ന്നാളിനോട് അനുബന്ധിച്ച് ആദ്യത്തെ പരീക്ഷ നടന്നു. ഇടവകകളിൽ പരിശീലനവും വളരെയേറെ പേരുടെ സഹക രണവും സാന്നിദ്ധ്യവും കൊണ്ട് അതു വളരെ വിജയപ്രദമായി. തുടർന്നും എല്ലാ വർഷവും അതു നടന്നുവന്നു. അദ്ധ്യാത്മി കസംഘടനകളുടെ ഒരു വർഷം നടക്കേണ്ട ഭദ്രാസന മേഖലാതല യോഗങ്ങളുടെ തീയതികൾ തിരുമേനിക്കും കൂടി വന്നുസം ബന്ധിക്കുവാൻ സാധിക്കുന്നവിധം വർഷാരംഭത്തിൽ തന്നെ കൂട്ടായി ആലോചിച്ച് നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തുമായിരുന്നു. മേല്പറഞ്ഞ പരിപാടികളൊക്കെ ഈ ഭദ്രാസനത്തിന്റെ പുനഃസൃഷ്ടിയെ

>> **തുടരും പേജ് : 55**

ശതോത്തര കനക ജൂബിലിയിൽ യുവജന പങ്ക്



പ്രൊഫ.എം.എ. ജോൺ M.Phil
(പ്രഥമ ജനറൽ സെക്രട്ടറി, യുവജനപ്രസ്ഥാനം, കണ്ടനാട് ഭദ്രാസനം)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അതി പുരാതനമായ ഭദ്രാസനങ്ങളിൽ ഒന്നാണ് കണ്ടനാട് ഭദ്രാസനം. 150 വർഷം ഈ ഭദ്രാസനത്തെ നയിച്ച മഹാരഥന്മാരെ സ്മരിക്കുന്നു. മാറുന്ന കാലഘട്ടത്തിൽ സഭയുടെ വളർച്ചയിൽ നിർണായക സ്ഥാനം യുവജനങ്ങൾക്ക് ഉണ്ട് . വ്യക്തമായ ദിശാബോധത്തോടെ അവരെ നയിക്കുവാനും നമുക്ക് സാധിക്കണം. പുതുതലമുറയെ സഭാ ശുശ്രൂഷയിലേക്ക് അടുപ്പിക്കുവാൻ യുവജനപ്രസ്ഥാനത്തിന് സാധിക്കുന്നുണ്ടോ?.

1970 കാലഘട്ടത്തിൽ തെക്കൻ ഭദ്രാസങ്ങളിൽ യൂത്ത് ലീഗ് പ്രവർത്തനം ഊർജ്ജസ്വലമായി നടന്നിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ മറ്റ് ഭദ്രാസനങ്ങളിലെ പോലെ ചിട്ടയായ പ്രവർത്തനങ്ങൾ കണ്ടനാട് ഭദ്രാസനത്തിൽ ഉണ്ടായിരുന്നില്ല. അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ വരവോടെയാണ് യൂത്ത് ലീഗ് പ്രവർത്തനം കണ്ടനാട് ഭദ്രാസനത്തിൽ ആരംഭിച്ചത്. പരസ്പരം തമ്മിലടിച്ച് മുന്നോട്ടു പോയിക്കൊണ്ടിരുന്ന സഭയിൽ 1958 ൽ സമാധാനം സ്ഥാപിതമായി. രണ്ടു കക്ഷികളും ഒന്നായി. പിന്നിട് ഉണ്ടായ 12 വർഷം സഭയുടെ സുവർണ്ണകാലം എന്ന് വിശേഷിപ്പിക്കാം. ഈ സമയത്ത് ലൗകികമായും ആത്മീയമായും സഭ വളരെയധികം അഭിവൃദ്ധി പ്രാപിച്ചു. എന്നാൽ 1970 കളിൽ വീണ്ടും അസമാധാനം തലപൊക്കി. കണ്ടനാടിന്റെ മെത്രാപ്പോലീത്ത ആയിരുന്ന പൗലോസ് മാർ പീലക്സീനോസ് മറുവിഭാഗത്തിലേക്ക് മാറി, പാത്രീയാർക്കീസ് വിഭാഗത്തിന്റെ ശ്രേഷ്ഠ ബാവായായി വിരാജിച്ചു. വീണ്ടും പണ്ടത്തെക്കാൾ വലിയ വഴക്കും സംഘർഷങ്ങളും സഭയിൽ ഉയർന്നുവന്നു. അതോടെ എല്ലാ പള്ളികളിലും കേസുകൾ രൂപപ്പെട്ടു. നമ്മുടെ ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ സമയ ക്രമീകരണത്തിൽ ആരാധന അർപ്പിക്കേണ്ട സാഹചര്യങ്ങൾ പോലും വന്നു.സർവ്വ സ്വതന്ത്രമായിട്ട് നമുക്ക് പ്രവർത്തിക്കാവുന്ന ചുരുക്കം പള്ളികൾ മാത്രമാണ് ഉണ്ടായത്.ഈ അവസരത്തിലാണ് വന്ദ്യ പൂവത്തുങ്കൽ ജോസഫ് അച്ചൻ (അന്ന് എറണാകുളം ബോട്ട്ജെട്ടി പള്ളി വികാരി) തിരുമേനിയായിട്ട് കണ്ടനാട് മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് വെട്ടിക്കൽ ദയറായിൽ വച്ച് അദ്ദേഹത്തിന് "ഓക്സിയോസ്" ചൊല്ലി വരവേറ്റത് സന്തോഷത്തോടുകൂടി പങ്കുവയ്ക്കുന്നത് ഈ അവസരത്തിൽ മധുരമായ ഒരു സ്മരണയായി നിലനിൽക്കുന്നു.

അഭി. തിരുമേനി വെട്ടിക്കൽ ദയറായിൽ താമസിച്ച് ഭദ്രാസനഭരണം ആരംഭിച്ചു. ഉടൻതന്നെ മറ്റ് ഭദ്രാസനങ്ങളിൽ പ്രവർത്തിക്കുന്നതുപോലെ യുവജനപ്രസ്ഥാനം ആരംഭിക്കുവാൻ വേണ്ടനടപടികളുംതുടങ്ങി.യുവജനപ്രസ്ഥാനത്തെഭദ്രാസനത്തിൽ ശക്തിപ്പെടുത്തി വളർത്തിക്കൊണ്ടുവന്നാൽ കലുഷിതമായ അന്തരീക്ഷത്തിൽ സഭയെ പിടിച്ചു നിർത്തുവാനും ക്രിയാത്മകമായ സഭാ ശുശ്രൂഷ നിർവഹിക്കുവാൻ സാധിക്കുമെന്ന് അദ്ദേഹം കരുതി. ഇതിന്റെ പ്രാരംഭ നടപടി എന്ന വണ്ണം അഭി.തിരുമേനി ബലഹീനനായ എന്നെ,എന്റെ എതിർപ്പുകൾ വകവയ്ക്കാതെ കണ്ടനാട് ഭദ്രാസനത്തിലെ ആദ്യ യുവജനപ്രസ്ഥാനം ജനറൽ സെക്രട്ടറിയാക്കി കൽപ്പന പുറപ്പെടുവിച്ചു.

വിവിധതലത്തിൽ ഭദ്രാസന യുവജനപ്രസ്ഥാനം ഭംഗിയായി വളർത്തിയെടുക്കുവാൻ ആ കാലഘട്ടത്തിൽ സാധിച്ചു. കഷ്ടിവഴക്ക് നിലനിന്ന കാലഘട്ടത്തിൽ ഇടവക തലത്തിലുള്ള പ്രവർത്തനങ്ങൾ ഏകോപിപിക്കാൻ വലിയ പ്രതിസന്ധികൾ നേരിടേണ്ടി വന്നു. വന്ദ്യ വൈദിക ശ്രേഷ്ഠരുടെയും അൽമായരുടെയും സഹായത്തോടെ

പള്ളികൾ സന്ദർശിച്ച് യുവജനങ്ങളോട് സംവേദിച്ച് ഭദ്രാസന - യൂണിറ്റ് തല പ്രവർത്തനങ്ങൾ സജ്ജമാക്കി. നേതൃത്വപരിശീലന ക്യാമ്പ്, ബൈബിൾ ക്ലാസുകൾ,ക്വിസ് മത്സരം, ഭവന സന്ദർശനം എന്നിവ സംഘടിപ്പിച്ചു. അഭി. തിരുമേനിയുടെ പ്രത്യേക താൽപര്യത്തിൽ വാർഷിക സമ്മേളനവും യുവജനക്യാമ്പും സംഘടിപ്പിച്ചു.

അക്കാലത്ത് അങ്കമാലി ഭദ്രാസനാധിപനായിരുന്ന അഭി. ഫിലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയുടെ കാറ് യാക്കോബായ വിഭാഗം കത്തിച്ചതിൽ, പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തു. അതിനെ പ്രതിഷേധിച്ച് കോലഞ്ചേരിയിൽ കഷിവഴക്ക് രൂക്ഷമായിരുന്ന അന്നത്തെ സാഹചര്യത്തിൽ ഞാൻ പഠിപ്പിച്ചിരുന്ന കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളേജിലെ എന്റെ ക്ലാസ് മുറിയിൽ കയറി യാക്കോബായ വിദ്യാർത്ഥികൾ ബഹളം വച്ചതും അടി ഉണ്ടാക്കിയതും ഇന്നലെ എന്നപോലെ ഞാൻ ഓർത്തെടുക്കുന്നു. യുവജനപ്രസ്ഥാനം അഭി. തിരുമേനിയുടെ നേതൃത്വത്തിൽ ശക്തിയാർജ്ജിച്ചതിന്റെ ഫലം അന്നുമുതൽ കണ്ടു തുടങ്ങി. ഇന്ന് സഭയിലും ഭദ്രാസനത്തിലും യുവജനപ്രസ്ഥാനം ഭംഗിയായി പ്രവർത്തിക്കുന്നു എന്ന് കാണുന്നതിൽ വലിയ സന്തോഷമുണ്ട്. ഒന്നുമില്ലാത്ത സാഹചര്യത്തിൽ നിന്ന് ഭദ്രാസനത്തിന്റെ യുവത മേൽക്കുമേൽ ബലം പ്രാപിച്ച് സഭയുടെ കൊമ്പിനെ ഉയർത്തുവാൻ പ്രാപ്തമാകും വിധം പ്രവർത്തിക്കുവാൻ സാധിച്ചു. പുതുതലമുറയ്ക്കും അപ്രകാരം പ്രവർത്തിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ശതോത്തര കനക ജൂബിലി ഭദ്രാസനം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ വ്യക്തമായ ദിശാബോധത്തിലേക്ക് യുവ ജനങ്ങളെ നയിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ അവസരത്തിൽ കഴിഞ്ഞ നാളുകളിലെ ഓർമ്മകൾ ഒപ്പിയെടുക്കുവാൻ തക്കവണ്ണം എന്നെ തിരഞ്ഞെടുത്തത് വലിയ ഭാഗ്യമായി കരുതുന്നു . എല്ലാവർക്കും നന്ദി.....

GROOM WANTED

Orthodox Christian parents from Kottayam Diocese, now settled in the U.S., invite proposals from parents of God-fearing, well-educated, and professionally settled Orthodox Christian boys for their daughter, born and brought up in the U.A.E., currently pursuing her Doctor of Physical Therapy (DPT) in the U.S. She is 5'3 and currently 22 years old, kind-hearted and family-oriented. We prefer proposals from men working or studying in the U.S., Canada, or and preferably Gulf countries willing to move to the U.S. The marriage would be conducted sometime after July of 2027

Contact - marriage.proposals2003@gmail.com

>> **പേജ് : 55 തുടർച്ച**

സഹായിക്കുവാനാണ് അഭി. തിരുമേനിയുടെ ആശയവും ആവേശവും അറിഞ്ഞ വൈദികരും അത്മായരുമായ മുൻനിര പ്രവർത്തകർ തിരുമേനിയുടെ അറിവോടും ആലോചനയോടും ക്രമപ്പെടുത്തി നടപ്പിൽ വരുത്തിയത്. അവയൊക്കെ കാരണം പ്രശ്നങ്ങളുടെ നടുവിലും ഓർത്തഡോക്സ് വിശ്വാസത്തിൽ ഉറച്ചുനിന്ന് നിന്ന് പക്കോമിയോസ് തിരുമേനിയുടെ കരങ്ങൾക്ക് ശക്തി പകരുവാൻ ജനങ്ങൾക്ക് ആവേശമുണ്ടായിരുന്നു. മലബാർ, അങ്കമാലി, കൊച്ചി ഭദ്രാസനങ്ങളെക്കാൾ നിലംപരിശായ കണ്ടനാട് ഭദ്രാസനം തിരുമേനിയുടെ ജീവിതകാലത്തുതന്നെ പാഴും ശൂന്യവുമായ തലത്തിൽ നിന്ന് അത്യദ്ഭുതകരമായി കരകയറാൻ തുടങ്ങി. പള്ളികൾ പൂട്ടപ്പെട്ടുകിടന്നെങ്കിലും കാതോലിക്കേറ്റ് സെന്ററുകൾ രൂപപ്പെട്ടുവന്നതോടെ തിരുമേനിക്ക് തന്റെ ആടുകളുമായി ഇടപഴകുവാനും ആരാധിക്കുവാനും പറ്റിയ ഇടങ്ങളുടെ സംഖ്യ വർദ്ധിച്ചു. ആരംഭത്തിൽ ഏഴോ എട്ടോ ഇടങ്ങളായിരുന്നത് മുപ്പതോളമായി വർദ്ധിച്ചു. തിരുമേനി അരമനയോ മറ്റു സ്ഥാപനങ്ങളോ പണിയുന്നതിലുപരി ജനസമൂഹത്തെ പണിതുറപ്പിക്കുവാനായിരുന്നു ശ്രമിച്ചിരുന്നത്. തിരുമേനിയോടൊപ്പം നിന്ന് സഭയെ സ്നേഹിച്ച് അതിന്റെ പുരോഗതിക്കുവേണ്ടി ചെറുവിരലെങ്കിലും അനക്കിയ ഓരോരുത്തരെക്കുറിച്ചും തിരുമേനിക്ക് കരുതലുണ്ടായിരുന്നു. പ്രത്യക്ഷത്തിൽ പുകഴ്ത്തുന്ന രീതി തിരുമേനിക്കില്ലായിരുന്നു. എന്നാൽ അവരെയൊക്കെ താനർപ്പിച്ചിരുന്ന വി. കുർബ്ബാനകളിൽ അനുസ്മരിച്ചിരുന്നതായി അറിയാം.

മാർ പക്കോമിയോസ് തിരുമേനിക്കു ശേഷം ഭദ്രാസനഭരണം ഏറ്റെടുത്ത ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ അദ്ധ്യാത്മികസംഘടനകളുടെ പ്രവർത്തനങ്ങൾ ഊർജ്ജസ്വലതയോടെ തുടർന്നു. തന്റെ മുൻഗാമിയുടെ ആശയങ്ങളിൽ ശിരസാ വഹിച്ച് സഭാ ശുശ്രൂഷ കൂടുതൽ മെച്ചപ്പെടുത്തുവാൻ അക്ഷീണം പരിശ്രമിച്ചു. മാർ പക്കോമിയോസ് തിരുമേനി നെഞ്ചിലേറ്റിയ കാതോലിക്കേറ്റ് സെന്റർ പരിപാലിച്ച്, ഭദ്രാസനത്തിൽ സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ച് ഭദ്രാസനത്തിന് ഒരു പുതിയ മുഖച്ഛായ സൃഷ്ടിച്ചു. പക്കോമിയോസ് തിരുമേനി അടിത്തറയിട്ട സഭാ ശുശ്രൂഷയ്ക്ക് പുതിയ സാമൂഹിക മാനം സേവേറിയോസ് തിരുമേനിയിലൂടെ നടപ്പായി.അഭി.തിരുമേനി ജീവകാരുണ്യ പദ്ധതികളോടൊപ്പം കഷിവഴക്കിന്റെ കൊടുംക്രൂരതയിലും പരി.സഭയുടെ വ്യവഹാര നടപടികൾ കാര്യക്ഷമമായും നിലപാടോടും കൂടി നേതൃത്വം നൽകി.അങ്ങനെയുള്ള പ്രവർത്തനങ്ങൾ നടന്നതുകൊണ്ട് 2017 - ലെ സുപ്രീംകോടതിവിധിയിലൂടെ പള്ളികൾ ഓർത്തഡോക്സ് സഭയ്ക്കു കൈവശം ലഭിച്ചു. കക്ഷിവഴക്കിന്റെ തുടക്കകാലം മുതൽ ഭദ്രാസനത്തിന്റെ വിവിധമേഖലകളിൽ പള്ളിയുടെ ചുമതലകൾക്ക് പുറമേ ഓർത്തഡോക്സ് സഭയുടെ നിലനില്പിനും പുരോഗതിക്കും വേണ്ടി പ്രതിഫലേച്ഛയില്ലാതെ ആദ്ധ്യാത്മികപുരോഗതിക്കായി അദ്ധ്വാനിച്ച വൈദികരെയും അത്മായരെയും ഓർക്കേണ്ടതുണ്ട്. അവരുടെ ത്യാഗം നിർഭരമായ സഭാ ജീവിതമാണ് ഇന്ന് കാണുന്ന കണ്ടനാട് ഭദ്രാസനം. ശതോത്തര കനക ജൂബിലി ആഘോഷിക്കുന്ന വേളയിൽ ഭദ്രാസന പ്രവർത്തനങ്ങൾക്ക് പ്രാർത്ഥനാപൂർവ്വമായ ആശംസകൾ നേരുന്നു. ഈ ഭദ്രാസനത്തെ നയിച്ച മഹാരഥന്മാരുടെ മുമ്പിൽ ശിരസ്സ് നമിക്കുന്നു.

മർത്തമറിയം വനിതാസമാജം സ്മരണകളിലൂടെ

ശ്രീമതി. തങ്കമ്മ ബേബി ഊരമന
(മുൻ ജനറൽ സെക്രട്ടറി, മർത്തംമറിയം വനിതാസമാജം)

"പ്രാർത്ഥിക്കുക, പ്രവർത്തിക്കുക, പ്രകാശിക്കുക "എന്ന മുദ്രാവാക്യവുമായി ഒരുപറ്റം ജനത മലങ്കര സഭയുടെ സത്യവിശ്വാസത്തെ നിലനിർത്തുവാൻ വേണ്ടി ആശ്രാന്ത പരിശ്രമം നടത്തിയതിന്റെ വലിയ അനുഗ്രഹമാണ് ഇന്ന് നാം കാണുന്ന കണ്ടനാട് ഭദ്രാസനം. കക്ഷിവഴക്കിന്റെ കൊടുംഭീകരതയിൽ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനി ഉദാത്ത മാതൃകയിൽ ദൈവജനത്തെ ഒരുമിപ്പിക്കുവാൻ തക്കവണ്ണം സജ്ജമാക്കിയ കാതോലിക്കേറ്റ് സെന്ററുകളാണ് ഇന്ന് കാണുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ അടിത്തറ.

ചിന്നി ചിതറി പോകാമായിരുന്ന ഒരു സമൂഹത്തെ സഭാ ശുശ്രൂഷയിലൂടെ ദൈവരാജ്യ മർമ്മത്തിന്റെ ലക്ഷ്യത്തിലേക്ക് എത്തിക്കുവാൻ തക്കവണ്ണം നോഹ ദൈവജനത്തിനു വേണ്ടി പെട്ടകം നിർമ്മിച്ച് അതിൽ അവരെ സംരക്ഷിച്ചതുപോലെ മലങ്കര സഭ മക്കളെ സംരക്ഷിച്ച് ഇന്ന് കാണുന്ന സഭാ സമാധാനത്തിലേക്ക് സജ്ജരാക്കുകയും ചെയ്തു. അതിനെ തുടർന്ന് പ്രതിസന്ധികളുടെ മധ്യത്തിലും അടിപതറാതെ, സഭാ സ്നേഹികളായ ഒരുപറ്റം സമർത്ഥരായ വൈദിക ശ്രേഷ്ഠരുടെയും അൽമായ പ്രമുഖരുടെയും നിതാന്ത പരിശ്രമത്തിൽ രൂപപ്പെട്ട ഒന്നാണ് ഭദ്രാസനത്തിലെ വിവിധ ആത്മീയ പ്രസ്ഥാനങ്ങൾ. വീടുകൾ, പള്ളികൾ കയറിയിറങ്ങി സൺഡേസ്കൂൾ, യൂത്ത് ലീഗ്, പ്രാർത്ഥനയോഗം, വനിതാ സമാജം എന്നിവ രൂപപ്പെടുത്തുവാൻ സാധിച്ചത് ദൈവത്തിന്റെ വലിയ പദ്ധതിയായി കണക്കാക്കുന്നു. കണ്ടനാട് ഭദ്രാസനത്തിലെ മർത്തമറിയം വനിതാ സമാജം എക്കാലത്തും എല്ലാവരുടെയും ഇടയിൽ ശ്രദ്ധ പിടിച്ചു പറ്റിയിട്ടുള്ള ഒരു ആത്മീക പ്രസ്ഥാനം തന്നെയാണ്. ഇന്ന് അഭംഗുരം യൂണിറ്റ്,മേഖല, ഭദ്രാസന, കേന്ദ്ര തലങ്ങളിൽ ശ്രദ്ധയാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്.

കണ്ടനാട് ഭദ്രാസനത്തിന്റെ 150 വാർഷികമായ ശതോത്തര കനക ജൂബിലി ആഘോഷിക്കുന്ന വേളയിൽ പ്രദീപ്തി മാസിക ഒരു സ്പെഷ്യൽ പതിപ്പ് പ്രസിദ്ധീകരിക്കുമ്പോൾ അതിന്റെ ഭാഗമാകുവാൻ തക്കവണ്ണം സാധിച്ചതിൽ ഞാൻ അഭിമാനിക്കുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ വനിതാ സമാജം ജനറൽസെക്രട്ടറിയായി 26 വർഷക്കാലം പ്രവർത്തിക്കുവാൻ ദൈവം എനിക്ക് അവസരം നൽകി. ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനി, മലങ്കര സഭയുടെ പ്രധാന മേലധ്യക്ഷനും ഈ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയുമായ പരിശുദ്ധ ബസേലിയോസ് മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ, ശ്രേഷ്ഠ വൈദികർ, സമാജം പ്രവർത്തകർ, ഓരോ കാലഘട്ടങ്ങളിലെ ചുമതലക്കാർ എന്നിൽ അർപ്പിച്ച വിശ്വാസത്തെ നന്ദിപൂർവം ഓർക്കുന്നു. ഇന്ന് കാണുന്ന മർത്തമറിയാം വനിതാ സമാജത്തിന്റെ വളർച്ചയ്ക്ക്മുമ്പ്, ഒന്നുമില്ലാത്ത ഒരു സാഹചര്യവും തുടരെ തുടരെയുള്ള പ്രതിസന്ധികൾ ഈ അവസരത്തിൽ ഓർത്തു പോകുകയാണ്. എന്നാൽ പ്രതിസന്ധികളുടെ നടുവിൽ ഇടവകളിൽ സന്ദർശനങ്ങൾ നടത്തി,പ്രാർത്ഥനയോഗം, വനിതാസമാജം, യൂത്ത് ലീഗ്, സൺഡേ സ്കൂൾ എന്നീ പ്രസ്ഥാനങ്ങളെ രൂപപ്പെടുത്തുന്നതിൽ ഭാഗമാകുവാൻ സാധിച്ചു. പ്രബോധന ക്ലാസുകൾ, ഗ്രൂപ്പ് യോഗങ്ങൾ, നേതൃത്വ പരിശീലന ക്യാമ്പ്, തയ്യൽ പരിശീലനം, ബൈബിൾ ക്ലാസുകൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ,രോഗി സന്ദർശനം, മരണ വീട്ടിലെ പ്രാർത്ഥനകൾ, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകുക, പ്രശ്നബാധിത ദേവാലയങ്ങളിലെ പ്രതിസന്ധികളിൽ സാന്നിധ്യം നൽകി അവരെ ബലപ്പെടുത്തും വിധം പ്രവർത്തിക്കുന്ന വിവിധകാര്യപരിപാടികൾ ഉൾക്കാഴ്ചയോടെ കർമ്മനിരതയോടെ ചെയ്യുവാൻ സാധിച്ചു. ഇന്നത്തെതുപോലെ നവമാധ്യമങ്ങളുടെ സഹായം ഇല്ലാത്ത സാഹചര്യത്തിൽ കത്തുകളാലും സന്ദർശനങ്ങളാലും എല്ലാവരെയും ഒരു കുടക്കീഴിൽ നിലനിർത്തുവാൻ അനേകരുടെ പരിശ്രമം കൊണ്ട് ഇടയായി.

150-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ നമുക്ക് അഭിമാനപുരസരം പറയുവാൻ സാധിക്കും നമ്മുടെ ഭദ്രാസനത്തിലെ ആത്മീയ പ്രസ്ഥാനങ്ങൾ ഉണർവോടും ഉൾക്കാഴ്ചയോടും പ്രവർത്തിക്കുന്നു എന്നത് . നമ്മെ വഴി നടത്തിയ പൂർവ്വ പിതാക്കന്മാരെയും വൈദിക ശ്രേഷ്ഠരെയും അൽമായ പ്രമുഖരെയും ഈ അവസരത്തിൽ അനുസ്മരിക്കാം. ഇന്ന് ഭദ്രാസനത്തിന് നേതൃത്വം നൽകുന്ന പരിശുദ്ധ പിതാവിനെയും അഭി. തിരുമേനിയെയും വൈദിക ശ്രേഷ്ഠരേയും അധ്യാത്മിക പ്രസ്ഥാനങ്ങളിലെ ചുമതലക്കാരെയും പ്രവർത്തകരെയും എല്ലാ ഭദ്രാസന അംഗങ്ങളെയും നന്ദിപൂർവ്വം ഓർത്തുകൊണ്ട്, സഭയുടെ കൊമ്പിനെ ഉയർത്തുവാൻ തക്കവണ്ണം നമ്മുടെ വിവിധ കർമ്മ പദ്ധതികൾ ഇടയാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് എന്റെ അനുഗ്രഹീത സ്മരണ ഉപസംഹരിക്കുന്നു.

എന്റെ ഭദ്രാസനം..... എന്റെ ഓർമ്മകളിൽ...



ശ്രീ.കെ.സി തമ്പി ചെമ്മനം,
(പ്രഥമ ജനറൽ സെക്രട്ടറി, ബാലസമാജം, കണ്ടനാട് ഭദ്രാസനം)

കർത്തൃശിക്ഷ്യനായ മാർ തോമ്മാശ്ലീഹായാൽ A.D 52-ൽ സ്ഥാപിതമായ മലങ്കര സഭയുടെ, മുളക്കുളം, വടകര, പിറവം, കടമറ്റം, കണ്ടനാട്, മാമ്മലശ്ശേരി, പാമ്പാക്കുട, കോലഞ്ചേരി തുടങ്ങിയ അതിപുരാതനവും, ചരിത്രപ്രസിദ്ധവുമായ അനവധി ദേവാലയങ്ങളാൽ അനുഗ്രഹീതമായ കണ്ടനാട് ഭദ്രാസനം!

ഈ ഭദ്രാസനത്തിലെ 141 വർഷം പഴക്കമുള്ള, പൗരസ്ത്യ കാതോലിക്കേറ്റിന്റെ കീഴിൽ അന്നും ഇന്നും അടിയുറച്ചു നിൽക്കുന്ന മുളക്കുളം മണ്ണുക്കുന്ന് സെന്റ് മേരീസ് കത്തീഡ്രൽ ദേവാലയമാണ് എന്റെ മാതൃഇടവക. പള്ളിയുടെ കുന്നപ്പിള്ളി സെന്റ് മേരീസ് ചാപ്പലിലാണ് എന്റെ ആത്മീയ വിദ്യാഭ്യാസവും സൺഡേസ്കൂൾ വിദ്യാഭ്യാസവും തുടങ്ങിയത്. ഭാഗ്യസ്മരണാർഹരായ ഫാ.ഗീവർഗീസ് ചെമ്മനം, വെരി.റവ. റമ്പാൻ പൗലോസ് കോർ എപ്പിസ്കോപ്പാ, ഫാ.പൗലോസ് ചെമ്മനം, ശ്രീ. പി.മാത്യൂ വെളുത്തേടത്തുപറമ്പിൽ, ശ്രീ .വി .സി.കുര്യൻ വേളാമറ്റം തുടങ്ങിയവർ എന്റെ ആത്മീയ വഴികാട്ടികളും, ഗുരുക്കന്മാരും ആയിരുന്നു. എന്നോട് ചേർന്ന് ഒരുപറ്റം ചെറുപ്പക്കാരായ സഹ പാഠികളും, സഹപ്രവർത്തകരായുണ്ടായിരുന്നു. ഏവരുടേയും ഒരുമയുള്ള സഹകരണത്താൽ ഭദ്രാസനത്തിന്റെ പ്രതിസന്ധി നാളുകളിൽ സഭാ ശുശ്രൂഷയിൽ ആത്മീക പ്രസ്ഥാനങ്ങൾ വഴിയായി വളരുവാൻ സാധിച്ചു.1976 മുതൽ ഇടവകയിലും ഭദ്രാസനത്തിലും ആത്മീയ സംഘടനകളിലുള്ള ഞങ്ങളുടെ പങ്കാളിത്തം ശ്രദ്ധേയമായി കൊണ്ടിരുന്നു.

കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ, 'കാതോലിക്കേറ്റ് സെന്റർ'എന്ന ആശയത്തിന് ഊടും പാവും നല്കി അദ്ദേഹത്തോട് ചേർന്നു നിന്ന മൺമറഞ്ഞവരും ഇപ്പോഴുള്ളവരുമായ വൈദീക ശ്രേഷ്ഠരുടെ മുൻപന്തിയിൽ നിന്നിരുന്ന ഒരാളായിരുന്നു വെരി. റവ.പി.യു.കുര്യാക്കോസ് പോത്താറയിൽ കോർ എപ്പിസ്കോപ്പ.(വിസ്താര ഭയത്താൽ മറ്റ് വൈദീകരുടെ പേരുകൾ സൂചിപ്പിക്കുന്നില്ല) അദ്ദേഹത്തിനൊപ്പം മുളക്കുളം മേഖലയിൽ വിവിധ ആത്മീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തകരും ഭാരവാഹികളും പ്രവർത്തിച്ചു വന്നു. വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി ക്വാർട്ടേഴ്സുകളിൽ, ബഹു. അച്ചന്റെ നേതൃത്വത്തിൽ മുടങ്ങാതെ നടത്തിവന്നിരുന്ന പ്രാർത്ഥനായോഗം മീറ്റിംഗുകൾ ഒരു ഉദാഹരണം മാത്രം. കഷിവഴക്കിന്റെ ക്രൂരത ഭദ്രാസനത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ ഭദ്രാസനത്തിലെ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുക എന്നത് കൂട്ടായ ഒരു തീരുമാനമായിരുന്നു.

1982 ഡിസംബറിൽ അന്നത്തെ ഭദ്രാസനാസ്ഥാനമായിരുന്ന വെട്ടിക്കൽ ദയറായിൽ, പെരുന്നാളിനോടനുബന്ധിച്ച്, ഭദ്രാസനാധിപനായിരുന്ന അഭി.ജോസഫ്മാർ പക്കോമിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഭദ്രാസനതല ആത്മീയ മഹായോഗത്തിൽ വച്ച് ഭദ്രാസന ബാലികാ-ബാലസമാജ രൂപീകരണം നടന്നു ബഹു. എ.എം.മത്തായി ഐലാപുരത്ത് കോർ എപ്പിസ്ക്കോപ്പായെ വൈസ് പ്രസിഡന്റായും, 20 വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന എന്നെ ജനറൽ സെക്രട്ടറിയായും ശ്രീമതി വി.പി. ലില്ലിയെ ബാലികാ സമാജം സെക്രട്ടറിയായും തെരഞ്ഞെടുത്തു. ഞാനും ലില്ലിയും കാൽനടയായും, അല്ലാതെയും എല്ലാ ഇടവകകളിലും പോയി പ്രസ്ഥാനത്തിന്റെ യൂണിറ്റുകൾ രൂപീകരിച്ചു. അതോടൊപ്പം വിവിധ ആദ്ധ്യാത്മിക പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളിലും പങ്കുചേർന്ന് യോഗങ്ങളും മറ്റും നടത്തുവാൻ ചുമതലക്കാരോടൊപ്പം ഞങ്ങളും പരിശ്രമിച്ചിരുന്നു.അന്നുണ്ടായിരുന്ന മൺമറഞ്ഞവരും ഇപ്പോഴുള്ളവരുമായ എല്ലാ വൈദീക ശ്രേഷ്ഠരുമായും, ആ കാലഘട്ടത്തിലെ വിവിധ സംഘടനാ ചുമതലക്കാരായിരുന്ന ശ്രീ. പി.തോമസ്, ശ്രീ.വർഗീസ് കരിപ്പാടം, ശ്രീ.മാത്യൂ ഇട്ടൻ സർ, ശ്രീമതി. തങ്കമ്മ ബേബി, ശ്രീമതി.ഏലിയാമ്മ കുര്യാക്കോസ് എന്നിവരുമായും മറ്റ് അത്മായ പ്രമുഖരും, പ്രവർത്തകരുമായും ഊഷ്മളമായ ഒരു ബന്ധം നിലനിർത്താൻ സാധിച്ചിരുന്നു. ആ ബന്ധങ്ങൾ ഇന്നും നിലനിർത്തി കൊണ്ടു പോകുവാൻ സാധിക്കുന്നുണ്ട്. അവർ നൽകിയിട്ടുള്ള കൈത്താങ്ങലുകൾ, പ്രോത്സാഹനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

1982 മുതൽ 1991 വരെ മാർ പക്കോമിയോസ് തിരുമേനിയുടെ കാലഘട്ടത്തിൽ 9 വർഷവും പിന്നീട് അഭി ഡോ.മാത്യൂസ് മാർ സേവേറിയോസ് തിരുമേനി (പരിശുദ്ധ കാതോലിക്ക ബാവാ)

സ്ഥാനമേറ്റതിന് ശേഷം 1995 വരെ 4 വർഷം കൂടിയും, ആകെ 13 വർഷം തുടർച്ചയായി സെക്രട്ടറിമാരായിരിക്കുവാൻ എനിക്കും ലില്ലിക്കും ഭാഗ്യം ലഭിച്ചു. ബഹു. മത്തായി അച്ചന് ശേഷം ബഹു. രാജൻ വി.ജോൺ അച്ചനും, ബഹു.റ്റി.വി.ആൻഡ്രൂസ് അച്ചനും ഞങ്ങളോടൊപ്പം വൈസ് പ്രസിഡന്റുമാരായിരുന്നിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളുമോടൊപ്പം, വാർഷിക സമ്മേളനങ്ങളും നടക്കാറുണ്ടായിരുന്നു.കേന്ദ്ര പ്രസിഡന്റുമാരായിരുന്ന അഭി. പിതാക്കന്മാർ , വൈദിക ശ്രേഷ്ഠർ, മറ്റ് കേന്ദ്ര ഭാരവാഹികൾ സമ്മേളനങ്ങളിൽ വന്ന് സംബന്ധിച്ചിട്ടുള്ളതും, മുളക്കുളം പാറേൽ പള്ളിയിൽ വച്ച് നടത്തപ്പെട്ട വാർഷിക സമ്മേളനത്തിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നും 450-ഓളം ബാലികാ ബാലന്മാർ വന്ന് സംബന്ധിച്ചിരുന്നതും അഭിമാനത്തോടെ ഓർക്കുന്നു.

മാർ പക്കോമിയോസ് തിരുമേനിയുടെ കാലത്ത്, പരിശുദ്ധനായ പരുമല തിരുമേനി താമസിച്ച് ഉപവാസത്തിലും പ്രാർത്ഥനയിലും കഴിച്ചുകൂട്ടിയ ഇടമായ വെട്ടിയ്ക്കൽ ദയറായിൽ, ആ കാലഘട്ടത്തിലെ അവിടുത്തെ അന്തേവാസികളായിരുന്ന അച്ചന്മാർ, ശെമ്മാശൻമാർ, വൈദിക വിദ്യാർഥികൾ എന്നിവരോടൊപ്പം ദയറായിൽ അന്തിയുറങ്ങുവാനും അനേക പ്രാവശ്യം ഭക്ഷണം കഴിക്കുവാനും സാധിച്ചത് ഒരു ഭാഗ്യമായി കരുതുന്നു. അഭി. ഡോ.മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഭദ്രാസന ചുമതല ഏറ്റെടുത്തപ്പോൾ മീമ്പാറ അരമനയിൽ ചേർന്ന സ്വീകരണ, അനുമോദന സമ്മേളനത്തിൽ ആശംസാപ്രസംഗം നടത്തുവാൻ അന്ന് ലഭിച്ച അവസരത്തെ ഇന്ന് ദൈവനിയോഗമായി കാണുന്നു. അന്ന് അറിഞ്ഞിരുന്നില്ലല്ലോ, പരിശുദ്ധ മാർ തോമ്മാശ്ലീഹായുടെ പിൻഗാമിയായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട് വരേണ്ട പിതാവിനാണ് ആശംസകൾ അർപ്പിക്കുന്നത് എന്ന്. കണ്ടനാട് ഭദ്രാസനത്തിലെ പ്രവർത്തനങ്ങൾക്ക് ശേഷം ജോലി സംബന്ധമായി കൽക്കട്ട, ക്യാനഡ-യു.കെ-യൂറോപ്പ്, മദ്രാസ് എന്നീ ഭദ്രാസനങ്ങളിലെ പള്ളികളിൽ അംഗമായിരുന്ന് വിവിധ സ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന ഞാൻ ഇപ്പോൾ ഏഷ്യാ - പസഫിക് ഭദ്രാസനത്തിൽ ഉൾപ്പെടുന്ന മെൽബൺ സെന്റ് ഗ്രീഗോറിയോസ് തീർത്ഥാടന പള്ളിയംഗമായി കൂടിവരുന്നു.150 വർഷം പൂർത്തിയാക്കുന്ന കണ്ടനാട് ഭദ്രാസനം എന്റെ നെഞ്ചിനുള്ളിലെ വികാരവും, തുടിപ്പും, പ്രാണനും ആണ് എന്നത് അഭിമാനത്തോടെ ഞാൻ സാക്ഷിക്കുന്ന സത്യമാണ്.ലോകത്ത് എവിടെ ആയിരുന്നാലും 1998-ൽ കേരളം വിടുന്നതിന് മുമ്പ് ഉള്ള എന്റെ എല്ലാ വിധ ഭദ്രാസനതല പ്രവർത്തനങ്ങളും ഓർമ്മകളും എന്നും എന്റെ മനസ്സിൽ മിഴിവാർന്നു തന്നെ നിൽക്കും സംശയമില്ല. കണ്ടനാട് ഭദ്രാസന ശതോത്തര കനകജൂബിലിയും കണ്ടനാട് വെസ്റ്റ് ഭദ്രാസന ദിനവും, കുടുംബ സംഗമവും സംയുക്തമായി ആഘോഷിക്കുമ്പോൾ ഈ ഭദ്രാസനത്തെ മേയിച്ച് ഭരിച്ച, ദിവംഗതരായ, പരിശുദ്ധരും, അഭിവന്ദ്യരും ആയ പിതാക്കന്മാരെയും, വൈദിക ശ്രേഷ്ഠരേയും, അൽമായ നേതാക്കന്മാരെയും നമുക്ക് സ്മരിക്കാം.ഇന്ന് ഭദ്രാസനത്തിന് നേതൃത്വം നൽകുന്ന പരിശുദ്ധ പിതാവിനെയും അഭി.സഖറിയാ മാർ സേവേറിയോസ് തിരുമേനിയേയും വൈദിക ശ്രേഷ്ഠ രേയും അൽമായ നേതാക്കന്മാരെയും ദൈവം കൂടുതലായി അനുഗ്രഹിക്കട്ടെ. പ്രദീപ്തി മാസികയുടെ ഈ വിശേഷാൽ പതിപ്പിനും, ചുമതല വഹിക്കുന്ന ബഹു.ജിത്തു മാത്യു അച്ചനും, മറ്റ് സഹപ്രവർത്തകർക്കും ഭദ്രാസനത്തിലെ ഇടവകകൾക്കും ആബാലവൃദ്ധം ജനങ്ങൾക്കും എന്റെഎല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

ECO DESK

കാലാവസ്ഥാ
ആഗോള പ്രതിസന്ധി

എൽദോസ് സാജു. മഠത്തിക്കുന്നത്ത്
സെമിനാരി വിദ്യാർത്ഥി, ഓണക്കൂർ വലിയപള്ളി

പ്രകൃതി എന്നത് ദൈവത്തിന്റെ വചനത്താൽ നിർമ്മിതമായ ഒരു ആലയമാണ്. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു" (സങ്കീർത്തനം 19:1). മനുഷ്യൻ ഈ പ്രകൃതിയുടെ ഉടമയല്ല, മറിച്ച് ദൈവത്തിന് വേണ്ടി അതിനെ പരിപാലിക്കാൻ നിയോഗിക്കപ്പെട്ട ഒരു കാര്യവിചാരകൻ മാത്രമാണ്. സഭാപിതാക്കന്മാരുടെ ദർശനങ്ങൾ കാലാവസ്ഥാ വ്യതിയാനത്തെയും പരിസ്ഥിതി ചൂഷണത്തെയും ആത്മീയമായി വിശകലനം ചെയ്യുന്നുണ്ട്.

St. John Chrysostom ഇപ്രകാരം പറയുന്നുണ്ട്. "മനുഷ്യൻ പ്രകൃതിയുടെ രാജാവല്ല, മറിച്ച് അതിന്റെ ശുശ്രൂഷകനാണ്" എന്ന്. ആഡംബരപൂർണ്ണമായ ജീവിതശൈലിയും അത്യാഗ്രഹവുമാണ് പരിസ്ഥിതി നാശത്തിന് കാരണമെന്ന് പിതാവ് വ്യക്തമാക്കുന്നു. സ്രഷ്ടാവിനെ സ്നേഹിക്കുന്നവൻ അവന്റെ സൃഷ്ടികളെയും പരിരക്ഷിക്കണം. St. Cyril of Alexandria "ക്രിസ്തുവിന്റെ മനുഷ്യാവതാരത്തിലൂടെ ഭൗതിക ലോകവും ദൈവവും തമ്മിലുള്ള അകലം ഇല്ലാതായി". പ്രകൃതിയിലുള്ള സകലതിനും ദൈവവുമായി ഒരു ബന്ധമുണ്ടെന്നും, അത് സംരക്ഷിക്കപ്പെടേണ്ടതാണെന്നും പിതാവിന്റെ ക്രിസ്തുവിജ്ഞാനീയം നമ്മെ ബോധ്യപ്പെടുത്തുന്നു.ഭൂമി മനുഷ്യന്റെ മാത്രം അവകാശമല്ല, വരാനിരിക്കുന്ന തലമുറകൾക്കായി സംരക്ഷിക്കപ്പെടേണ്ട ഒരു അമൂല്യ പൈതൃകമാണ്. പ്രകൃതിയോടുള്ള ഉത്തരവാദിത്വബോധം ഓരോ മനുഷ്യനിലും വളരണം. പരിസ്ഥിതിയെ മലിനമാക്കാത്ത ഊർജ സ്രോതസ്സുകളുടെ ഉപയോഗം വർധിപ്പിക്കുക, വനസംരക്ഷണവും വൃക്ഷതൈനടീൽ ശക്തിപ്പെടുത്തുക, ജൈവവൈവിധ്യം സംരക്ഷിക്കുക എന്നിവ ഭൂമിയുടെ പരിസ്ഥിതിയെ പുനഃസ്ഥാപിക്കാൻ സഹായകമാണ്. പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കുക, മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുക, പരിസ്ഥിതി സൗഹൃദമായ ജീവിതശൈലി പിന്തുടരുക തുടങ്ങിയ വ്യക്തിഗത നടപടികൾക്കും വലിയ പ്രാധാന്യമുണ്ട്.അതോടൊപ്പം അന്താരാഷ്ട്ര പരിസ്ഥിതി ഉടമ്പടികൾ കർശനമായി നടപ്പിലാക്കപ്പെടണം.

വ്യക്തിപരമായ ചെറിയ മാറ്റങ്ങൾ പോലും സമൂഹികമായി നടപ്പിലാക്കുമ്പോൾ കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിൽ വലിയ ശക്തിയുണ്ടാകും. ഭൂമിയെ സംരക്ഷിക്കുക എന്നത് നമ്മുടെ ധാർമ്മിക ബാധ്യതയും മാനവിക ഉത്തരവാദിത്വവുമാണ്.

VAYALTHEERAM
HOME STAY & RESORTS

Vayaltheeram Home Stay

Near Rajastan Marbles, Kadamattam, Kolenchery Ernakulam - 682311

Contact 9946688992,9048823333

Tech wise FOUNDATION

Connect Counselling Centre
Nourish Nutrition Centre
Wise Legal Care

CONNECT COUNSELLING CENTRE

- SCREEN ADDICTION
- INDIVIDUAL COUNSELLING
- CORPORATE COUNSELLING
- TRAUMA & CRISIS COUNSELLING
- THERAPEUTIC APPROACHES
- FAMILY & RELATIONSHIP COUNSELLING
- EDUCATIONAL &CARRER COUNSELLING

Info@techwisefoundation.com

PH: 7012 042 618

42 years of deliciousness

MOST TRUSTED NAME IN CATERING

VEE KAY VEES CATERERS

SINCE 1985

ANY CUISINE I ANY DESTINATION I ANY TIME

enquiry@veekayvees.com / veekayvees.com

KOCHI	THIRUVALLA	KAYAMKULAM	TRIVANDRUM
+91 7736251555	+91 7736351555	+91 7736451555	+91 7736651555

RKV GROUP®

CREATING AN ERA

HOTEL | FOOD & BEVERAGES | FILLING STATION | FRANCHISE | COMMERCIAL DEVELOPMENT

KABANI THE REAL LUXURY

Royal Flavours The real fiesta

RKV BUILDERS

SCANDY MUVATTUPUZHA THODUPUZHA

IndianOil MARYMATHA FUELS

KFC MUVATTUPUZHA

FRAPINO® Italian Ice Cream & Milkshakes MUVATTUPUZHA

Bgarden FOODS